വില ₹30/-

# ജീവനും വെളിച്ചവും

ഡിസംബർ 2023




ദൈവവചനം വഴികളിൽ വെളിച്ചം

# Lenny Peters Foundation

"A helping hand here at home & around the world."

LENNY PETERS
*foundation*



*Prayerful Wishes to*



## Most. Rev. Dr. Thomas J. Netto

**on his Birthday &**
**Anniversary of priestly ordination**

## ജീവനും വെളിച്ചവും

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2023 ഡിസംബർ
പുസ്തകം - 47 ലക്കം - 12
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# ദൈവവചനം ജീവിക്കാനുള്ളതാണ്

**രാ**ജാക്കന്മാരുടെ രാജാവായ ക്രിസ്തുരാജന്റെ തിരുനാളിനുശേഷം ആരാധന ക്രമമനുസരിച്ച് ഒരു പുതിയ ആരാധനാവർഷം തുടങ്ങുകയാണ്. ദൈവമായ വചനം, പാപത്തിന്റെ അടിമത്തത്തിൽ മുങ്ങിത്താണ മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി മറ്റൊരു മനുഷ്യനായിത്തീർന്നതിന്റെയും, ഇനി സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യരെല്ലാം സന്നിഹിതരാകുമ്പോൾ വീണ്ടും വരുന്നതിന്റെയും ഓർമ്മകൾ നിറയുന്ന ഡിസംബർ മാസവും ആഗമനകാലവും. സജീവവും ഊർജ്ജസ്വലവും ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും സന്ധിബന്ധങ്ങളിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളേയും നിയോഗങ്ങളേയും വിവേചിച്ചറിയുന്നതുമായ ദൈവവചനം പ്രസംഗിക്കാനുള്ളതുമാത്രമല്ല, ജീവിക്കാനുള്ളതാണെന്ന് യേശുതന്നെ നമുക്ക് കാട്ടിത്തരുന്നുണ്ട്. ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നവരെയാണ് അവിടുത്തെ സഹോദരനും സഹോദരിയും അമ്മയുമായി ഈശോ അവതരിപ്പിക്കുന്നത്, (മാർക്കോസ് 14: 36) അപ്പോൾ മാത്രമാണ് വചനം നൂറുമേനി ഫലം നൽകുന്നതാവുക.

ഇരുളിലും മരണത്തിന്റെ നിഴലിലും ഉഴലുന്ന മനുഷ്യരാശിക്ക് ആത്മധൈര്യവും പ്രത്യാശയും പകർന്നു തരുന്ന വചനം. യുദ്ധത്തിന്റെയും പ്രതിസന്ധികളുടെയും കാലത്തും പിടിച്ചു നിൽക്കാനുള്ള ദൈവികകൃപതന്നെയാണ്. ദൈവപിതാവ് വരമൊഴിയിലൂടെ നമുക്ക് നൽകിയ ദൈവവചനത്തെ നെഞ്ചിലേറ്റി ഈ ഡിസംബർ മാസത്തിൽ വചനം വായിക്കാം ധ്യാനിക്കാം, ജീവിക്കാം, അവിടുത്തെ വരവിനായി പ്രത്യാശയോടെ ഒരുങ്ങാം. രൂപതയിലെ ഓരോ ക്രൈസ്തവ കുടുംബങ്ങളും വി. ഗ്രന്ഥവായനയിലൂടെ തീർത്ഥാടകരാകട്ടെ. മലകൾ അകന്നുപോയാലും കുന്നുകൾ മാറ്റപ്പെട്ടാലും നമ്മെ പിരിയാത്ത അചഞ്ചലമായ ദൈവസ്നേഹം അനുഭവമാകട്ടെ. കർത്താവിന്റെ വചനം ഒരിക്കലും ഫലം പുറപ്പെടുവിക്കാതെ മടങ്ങിപ്പോവുകയില്ല.

- പത്രാധിപർ


## അറിയിപ്പ്

ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് 'ജീവനും വെളിച്ചവും' 2024 ജനുവരി പതിപ്പ് 2023 ഡിസംബർ 25 ന് ക്രിസ്തുമസ് -പുതുവത്സര പതിപ്പായി പുറത്തിറങ്ങും. പ്രത്യേക ക്രിസ്തുമസ് ആശംസകളും സന്ദേശങ്ങളും ഉണ്ടാകും. നിങ്ങളുടെ കോപ്പികൾ ഉറപ്പുവരുത്തുമല്ലോ.

- പത്രാധിപർ

## പ്രതികരണങ്ങൾ

# കളിയും ചിരിയുമുള്ള മെത്രാൻ




2012 – '13 കാലഘട്ടത്തിലാണ് ഞാനാദ്യമായി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിനെ (അന്ന് ക്രിസ്തുദാസച്ചൻ) പരിചയപ്പെടുന്നത്. കെആർഎൽസിസിയുടെ ഭാഗമായി ഞാൻ ആലുവ കാർമ്മൽഗിരി സെമിനാരിയിൽ താമസിക്കുവാനെത്തിയ നാളുകൾ. ചിരപ്രസന്നമായ പുഞ്ചിരിയും വിനയാന്വിതമായ പെരുമാറ്റവുംകൊണ്ട് ആരെയും ആകർഷിക്കുന്ന പ്രകൃതത്തിനുടമയായ ഒരു വൈദികൻ. വളരെ സൗഹാർദപരമായ ഇടപെലുകൾകൊണ്ട് വേഗംതന്നെ ഞങ്ങൾ നല്ല സുഹൃത്തുക്കളായി.

കുറച്ചുനാളുകൾ കഴിഞ്ഞപ്പോഴാണ് ഞാനറിയുന്നത്, എപ്പോഴും സന്തോഷവാനായിമാത്രം കാണപ്പെടുന്ന ക്രിസ്തുദാസച്ചനെ ചില ശാരീരിക അസ്വസ്ഥതകളും വേദനകളുമൊക്കെ നിരന്തരം അലട്ടുന്നുണ്ട് എന്ന്. എങ്കിലും ഒരിക്കലും അതൊന്നും പ്രകടമാക്കാതെയും മറ്റാരെയും ബുദ്ധിമുട്ടിക്കാതെയും കഴിവതും എല്ലാവർക്കും പുഞ്ചിരിയോടെ സന്തോഷം പകരുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്. അതോടൊപ്പംതന്നെ സെമിനാരി ജീവിതത്തിലെ എല്ലാ പ്രവൃത്തികളിലും യാതൊരു ഒഴിവുകഴിവുമില്ലാതെ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഏറെ ശ്രദ്ധേയമായ കാര്യം കളിക്കളങ്ങളിലെ അദ്ദേഹത്തിന്റെ നിറസാന്നിദ്ധ്യമായിരുന്നു. സെമിനാരിയിലെ വൈദികരോടൊപ്പവും വൈദിക വിദ്യാർത്ഥികളോടൊപ്പവും ഷട്ടിൽ കോർട്ടിലും ഫുട്ബോൾ കോർട്ടിലും ബാസ്ക്കറ്റ്ബോൾ കോർട്ടിലുമൊക്കെ അദ്ദേഹം നിറസാന്നിദ്ധ്യമായിരുന്നു.

എന്നാൽ ഏറെത്താമസിയാതെ അഭിവന്ദ്യ സൂസപാക്യം പിതാവ് ക്രിസ്തുദാസച്ചനെ തിരുവനന്തപുരം അതിരൂപതയിലേക്ക് തിരിച്ചുവിളിക്കുകയും അവിടത്തെ മൈനർ സെമിനാരി റെക്ടറായി നിയമിക്കുകയും ചെയ്തു. മേജർ സെമിനാരിയിലും മൈനർ സെമിനാരിയിലും ഉത്തമനും അനുകരണീയനുമായ ഒരു വൈദിക പരിശീലകനായിരുന്നു ക്രിസ്തുദാസച്ചൻ. വൈദികാർത്ഥികൾക്ക് നല്ലൊരു സുഹൃത്തും മാർഗദർശിയുമായിരുന്നു അദ്ദേഹം. അദ്ദേഹം ആരോടെങ്കിലും മുഷിഞ്ഞു സംസാരിക്കുന്നതോ കോപിക്കുന്നതോ ആയി കണ്ടിട്ടില്ല. തന്റെ നിലപാടുകളിലും ചുമതലകളിലും ഉറച്ചു നില്ക്കുമ്പോഴും ഏതു പ്രതിസന്ധികളെയും സമചിത്തത കൈവെടിയാതെ നേരിടുവാൻ അദ്ദേഹത്തിനു കഴിയും.

അങ്ങനെയിരിക്കെയാണ് 2016 ഫെബ്രുവരി മാസത്തിൽ ആ സന്തോഷവാർത്തയെത്തിയത്; ഫ്രാൻസിസ് പാപ്പ ബഹു. ക്രിസ്തുദാസച്ചനെ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി നിയമിച്ചു എന്നത്. 2016 ഏപ്രിൽ മാസത്തിൽ മെത്രാനായി അഭിഷിക്തനായശേഷവും അദ്ദേഹം പരമ്പരാഗത ശൈലികളിൽനിന്ന് വേറിട്ടൊരു ജീവിതമാതൃകയാണ് പകർന്നു നല്കുന്നത്. മെത്രാസനമന്ദിരത്തിലെയും മറ്റു സ്ഥാപനങ്ങളിലെയും ചുറ്റുമുള്ള ഇടവകകളിലെ വൈദികരെകൂട്ടി ഷട്ടിലും ഫുട്ബോളുംപോലെ വിവിധ കായിക വിനോദങ്ങളിൽ ഏർപ്പെടുവാൻ അദ്ദേഹം സമയം കണ്ടെത്തുന്നു.

മെത്രാനെന്ന ഭാവഭാരങ്ങളൊന്നുമില്ലാതെ ചെറിയവരോടും വലിയവരോടും ഒരുപോലെ സ്വതസിദ്ധമായ പുഞ്ചിരിയോടെ ഇടപെടുകയും ശാന്തമായ സംഭാഷണങ്ങളോടെ പ്രശ്നപരിഹാരത്തിന് വേദികൾ കണ്ടെത്തുകയും ചെയ്യുന്നു.

പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലിയാഘോഷിക്കുന്നതിനു മുമ്പേ തന്നെ പൗരോഹിത്യത്തിന്റെ പൂർണത നല്കി ദൈവം ക്രിസ്തുദാസ് പിതാവിനെ അനുഗ്രഹിച്ചു. മെത്രാൻ സങ്കല്പത്തിന്റെ പരമ്പരാഗത ഗൗരവസങ്കല്പത്തിൽനിന്ന് മാറി സഞ്ചരിച്ചുകൊണ്ട് സകലർക്കും സംലഭ്യനാകുവാൻ ക്രിസ്തുദാസ് പിതാവിന് സാധിച്ചു. കാർമൽഗിരി സെമിനാരിയിൽ അധ്യാപകനായിരുന്ന സമയത്ത് എല്ലാവരും സ്നേഹപൂർവം 'ക്രിസ്തു' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. സ്വർഗീയമായ ഔന്നത്യം വെടിഞ്ഞ് ഭൂമിയിലെ മനുഷ്യന്റെ നിസാരതയിലേക്കിറങ്ങി വന്ന ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിപുരുഷനായ അദ്ദേഹത്തിന് തികച്ചും യോഗ്യമായ പേരുതന്നെയായിരുന്നു അത്. കളിച്ചുകൊണ്ടും ചിരിച്ചുകൊണ്ടും മെത്രാനായിരിക്കാമെന്ന് തെളിയിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന് പൗരോഹിത്യ രജതജൂബിലിയുടെ എല്ലാ മംഗളങ്ങളും കെആർഎൽസിസിയുടെ നാമത്തിൽ പ്രാർത്ഥനാപൂർവം ആശംസിച്ചുകൊള്ളുന്നു.

**ഫാ. തോമസ് തറയിൽ**
**ജനറൽ സെക്രട്ടറി, കെആർഎൽസിസി**

## അല്മായർക്ക് ദൈവശാസ്ത്രം പഠിക്കാം

പൂന തിയൊളോജിക്കൽ ഫാക്കൽറ്റിയുടെ സർട്ടിഫിക്കറ്റ് കിട്ടുന്ന ഒരു ദ്വിവത്സര കോഴ്സ് കേരളത്തിൽ മൂന്നിടങ്ങളിൽ വച്ച് ഡിസംബറിൽ ആരംഭിക്കുന്നു: കാലടി (സമീക്ഷ, 6–7 തീയതി), കണ്ണൂർ (കയ്റോസ്, 14–15 തീയതി), തിരുവനന്തപുരം (ഓൾഡ് പിസിഒ 12–13 തീയതി). മാസത്തിൽ രണ്ടുദിവസം ക്ലാസുകൾ; പലതും ഓൺലൈനിൽ ആകുന്നതുകൊണ്ട് ഇന്റർനെറ്റ് സൗകര്യം വേണം. കൂടുതൽ വിവരങ്ങൾക്ക്: 9048133623, 9995309895.

**ഫാ. എസ്.പൈനാടത്ത് എസ്.ജെ.**
സമീക്ഷ, കാലടി

# താളുകളിൽ


**ആഗമനകാലം പുണ്യകാലം** 6
*(ഇടയലേഖനം)*

**കേരളീയ നവോത്ഥാനവും ക്രൈസ്തവമിഷനറിമാരും** 10
ജോൺസൺ റോച്ച് എം.

**പൗരോഹിത്യത്തിന്റെ 50 വർഷങ്ങൾ** 15

**ഫാ. ജെറാർഡ് സിൽവ: കണ്ടതും കേട്ടതും അറിഞ്ഞതും** 18
മോൺ. ഡോ. നിക്കൊളാസ്

**പാളയം: ആത്മീയതയുടെ സംഗമഭൂമി** 20
ഇഗ്നേഷ്യസ് തോമസ്

**ചരിത്രപഥം** 22
ഡോ. ബീറ്റാ ജോൺ

**കാനോൻ ലോ** 26
ഫാ. ജോസ് ജി.


**സിനിമ: മുഖമില്ലാത്തവരുടെ മുഖം** 27
ഫാ. വർഗീസ് ജോസഫ്

**വാർത്തകൾ** 28

**നീർച്ചാൽ** 32

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.







# ആഗമനകാലം പുണ്യകാലം

ഒരുക്കത്തിന്റെ ആഗമനകാലം, ജീവന്റെയും സമാധാനത്തിന്റെയും ക്രിസ്തുമസ്സ് ആഗമനകാലത്തിലെ ആദ്യ ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുന്നു. ഇനി വരുന്ന നാല് ആഴ്ചകൾ രക്ഷകന്റെ പിറവിതിരുനാൾ ആഘോഷിക്കുവാനായി നാം ഒരുങ്ങുകയും കാത്തിരിക്കുകയും ചെയ്യുന്നു. നമ്മുടെ ഒരുക്കങ്ങളെല്ലാം നമ്മെ എത്തിക്കുന്നത് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും സുദിനത്തിലേയ്ക്കാണ്. മാനവകുലത്തോടൊപ്പം പ്രപഞ്ചവും രക്ഷകന്റെ വരവിനെ എതിരേൽക്കുവാൻ അണിഞ്ഞൊരുങ്ങുന്നു. ഈ കാലയള വിൽ മനുഷ്യകുലമാകമാനം ആഗ്രഹിക്കേണ്ടതും പ്രവർത്തിക്കേണ്ടതും വിശ്വസമാധാനത്തിനുവേണ്ടിയാണ്. കാരണം, ഇന്ന് നമ്മെ ഏറെ അസ്വസ്ഥമാക്കുന്നത് ആദ്യ ക്രിസ്തുമസ് മാനവീകതയ്ക്ക് നൽകിയ സമാധാനവും ശാന്തിയും നഷ്ടപ്പെടുത്തുവാൻ കാരണമാകുന്ന സംഭവങ്ങളാണ്. അന്ധകാരത്തിലും അസ്വസ്ഥതയിലും ആഴ്ന്നിരുന്ന ഒരു ജനതയ്ക്ക് സമാധാനവും പ്രത്യാശയും വാഗ്ദാനം ചെയ്തുകൊണ്ടാണ് ആദ്യത്തെ ക്രിസ്തുമസ് പിറന്നത്.

എന്നാൽ ഇന്ന് ലോകമെമ്പാടും, പ്രത്യേകിച്ച് പശ്ചിമേഷ്യൻ രാജ്യങ്ങളിലും പൂർവ്വ സോവ്യേറ്റ് യൂണിയൻ രാജ്യങ്ങളിലും യുദ്ധത്തിന്റെ ഭീതിനിറച്ചുകൊണ്ട് മാനവ കുലത്തെ ശ്വാസം മുട്ടിക്കുന്ന അനുഭവമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. "യുദ്ധം ഒരു കാലത്തും ആർക്കും വിജയം നൽകുന്നില്ല; അനിവാര്യമായ പ്രശ്നപരിഹാരത്തിലേയ്ക്ക് അത് നമ്മെ നയിക്കുന്നില്ല" എന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കികൊണ്ടുള്ളതാണ്. എത്രതന്നെ ന്യായങ്ങൾ നിരത്താൻ രാഷ്ട്ര നേതാക്കൾക്ക് കഴിയുമെങ്കിലും യുദ്ധത്തിന്റെ ആത്യന്തികമായ കാരണം മനുഷ്യന്റെ സ്വാർത്ഥതതന്നെയാണ്. യുദ്ധം വിതയ്ക്കുന്നത് മരണവും അസ്വസ്ഥതയുമാണ്. മാനവകുലത്തിന്റെ നിലനിൽപ്പിന് ആവശ്യം ജീവന്റെ സംരക്ഷണവും സമാധാനവുമാണ്. ഇവിടെയാണ് ക്രിസ്തുമസ് നൽകുന്ന സന്ദേശം പ്രസക്തമാകുന്നത്. സകലമനുഷ്യർക്കും വേണ്ടിയുള്ള ജീവന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് ക്രിസ്തുമസ്.

## സിനഡാത്മക സഭയുടെ ഒരുമിച്ചുള്ള യാത്ര

ഈ വർഷത്തെ ആഗമനകാലം നാം ആരംഭിക്കുന്നത് സിനഡാത്മക സഭയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുന്ന പശ്ചാത്തലത്തിലും കൂടി യാണ്. "കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം" എന്നിവയിലൂടെ സ്നേഹത്തിന്റെ അരൂപിയിൽ എല്ലാവരും ഒരുമിച്ച് വസിക്കുന്ന സിനഡൽസഭയായി മാറാനുള്ള പാതയിലാണ് ആഗോളസഭ. 2021-ൽ സമാരംഭിക്കപ്പെട്ട ഈ പ്രക്രിയയുടെ ആദ്യ ആഗോള അസംബ്ലി 2023 ഒക്ടോബർ മാസം 4 മുതൽ 28 വരെ നടന്നു കഴിഞ്ഞു. ഫ്രാൻസിസ് പാപ്പ സമാരംഭിച്ച സവിശേഷമായ പ്രവർത്തനത്തിനു കേരള ലത്തീൻ സഭയും സജീവമായി പങ്കുചേരുന്നു. സിനഡാത്മക സഭ എന്തെന്ന് പരിശുദ്ധ ഫ്രാൻസിസ് പാപ്പ ഇപ്രകാരം വ്യക്തമാക്കു

ന്നുണ്ട്: "ഒരുമിച്ചു നടക്കുക, ഒരുമിച്ച് ആരാ യുക / അന്വേഷിക്കുക, കൂട്ടായ വിചിന്തന ത്തിലൂടെയും സൂക്ഷ്മ ഗ്രഹണത്തിലൂടെ യും വിവിധ ചുമതലകൾ ആദ്യ അപ്പോസ് തലന്മാർ ചെയ്തതുപോലെ ഒരുമിച്ച് ഏറ്റെ ടുക്കുക, അത് നമ്മുടെ പ്രാർത്ഥനയാണ്; അതിന്റെ എല്ലാ ഭാവങ്ങളിലും ദൈനംദിന ശീലമാക്കി മാറ്റാൻ നാം ആഗ്രഹിക്കുന്നു. ഇതാണ് സിനഡാത്മകസഭ."

ചുരുക്കത്തിൽ, ഒത്തൊരുമിച്ചുള്ള യാ ത്രയാണ് സഭാമക്കളുടെ ഇന്നിന്റെ ആവശ്യം. ആഗമനകാലത്തിലെ നമ്മുടെ കാത്തിരിപ്പും ഒരുക്കവും പരിസമാപ്തിയിലെത്തുന്നത് ര ക്ഷകന്റെ പിറവിതിരുനാളിലാണ്. ആദ്യത്തെ ക്രിസ്തുമസ് ദിനങ്ങളിൽ ഔസേപ്പ് പിതാ വും പരിശുദ്ധ മറിയവും ഉണ്ണി യേശുവും ഒ രുമിച്ചുള്ള യാത്രകളിലായിരുന്നു: ബദ്‌ലഹേ മിലേയ്ക്ക്, കാലിത്തൊഴുത്തിലേയ്ക്ക്, ദേ വാലയത്തിൽ സമർപ്പിക്കുന്നതിലേയ്ക്ക്, ഈജിപ്തിലേയ്ക്ക്. യാത്രകളിലെ അനുഭ വങ്ങൾ കഠിനമായിരുന്നെങ്കിലും അവരുടെ യാത്ര കൂട്ടായ്മയിലായിരുന്നു. അപ്രകാരം, ഇന്ന് നാം നേരിടുന്ന അനുഭവങ്ങളും കാഠി ന്യമുള്ളതു തന്നെയാണ്. എന്നിരുന്നാലും, യാത്ര ഒരുമിച്ചാകുമ്പോൾ അന്ന് തിരുകുടും ബം സഹിച്ചതുപോലെ ഇന്ന് സഭയ്ക്കും ഒ ത്തൊരുമയിലൂടെ സഹനങ്ങളെ നേരിടാൻ കഴിയും.

## ലത്തീൻ കത്തോലിക്കാദിനാചരണം: 'ജനജാഗരം'

ആഗമനകാലത്തെ ഒന്നാം ഞായ റാഴ്ചയ്ക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ട്. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സ ഭ ആ ദിവസം ലത്തീൻ കത്തോലിക്കാ ദിന മായി ആചരിക്കുകയാണ്. ഇതോടനുബന്ധി ച്ച് കേരളത്തിലെ 12 ലത്തീൻ കത്തോലിക്കാ രൂപതകൾ ഒരുമിച്ച് "ജനജാഗരം" എന്ന ബോധനപരിപാടിക്ക് രൂപംനൽകിയിട്ടുണ്ട്. സമുദായത്തിന്റെ ഏകോപനത്തിനും ശാ ക്തീകരണത്തിനും തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തുകയും അവയെ മ റികടക്കാനുള്ള വഴികൾ തേടുകയും ചെയ്യു ക എന്നതാണ് 'ജനജാഗര'ത്തിന്റെ ലക്ഷ്യം. നവംബർ 4-ന് കണ്ണൂർ രൂപതയിൽ നിന്നാ രംഭിച്ച ഈ ലത്തീൻസഭ ശാക്തീകരണ സം രംഭം ഡിസംബർ 17-ന് തിരുവനന്തപുരത്ത് സമാപിക്കുകയാണ്. ഈ അവസരത്തിൽ ല ത്തീൻ സമൂഹം നേരിടുന്ന നിരവധി രാഷ് ട്രീയ സാമൂഹിക പ്രശ്നങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുവാനും പരിഹാരം കണ്ടെ ത്തുവാനും ശ്രമിക്കേണ്ടതുണ്ട്. അവയിൽ ഏ റെ ശ്രദ്ധിക്കപ്പെടേണ്ടതാണ് സാമ്പത്തിക വും വിദ്യാഭ്യാസപരവുമായ പിന്നോക്കാവ സ്ഥ. സ്വാതന്ത്ര്യാനന്തര കേരളത്തിൽ ന മ്മുടെ സമൂഹത്തിന്റെ ആവശ്യങ്ങൾ ഉയർ ത്തികാട്ടുവാൻ കഴിയുന്ന ശക്തമായ നേതൃ ത്വനിര ഇല്ലാതെപോയതും ശ്രദ്ധിക്കപ്പെടേ ണ്ടവിഷയമാണ്. കൂടാതെ, ജനാധിപത്യ സം വിധാനങ്ങളിലേയ്ക്കും ഭരണനിർവ്വഹണ സമിതിയിലേയ്ക്കും പര്യാപ്തമായ സമുദാ യ നേതൃത്വം ലത്തീൻ സമൂഹത്തിനുണ്ടാ കേണ്ടതുണ്ട്.

കേരളത്തിൽ മലനാടും ഇടനാടും ഉൾ പ്പെടുന്ന പ്രദേശങ്ങളും ലത്തീൻ കത്തോ ലിക്കരുടെ ആവാസ കേന്ദ്രങ്ങൾ ആണെങ്കി ലും പ്രധാനമായി അധിവസിക്കുന്നത് കേര ളത്തിന്റെ തീരപ്രദേശത്താണ്. എന്നാലിന്ന് തീരദേശ ജനതയുടെ ഉപജീവന സാധ്യത കൾ നഷ്ടപ്പെടുത്തുകയും അന്യമാക്കപ്പെ ടുകയും ചെയ്യുന്നു. കേന്ദ്ര-സംസ്ഥാന സർ ക്കാരുകളുടെ നയസമീപനവും കോർപ്പറേ റ്റ് അനുകൂല വികസന പദ്ധതികളുമാണ് ഈ സ്ഥിതിവിശേഷം സംജാതമാക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മത്സ്യ ബന്ധനനയങ്ങൾ, ഈ മേഖലയിൽ ഏർപ്പെ ടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ, കേന്ദ്രസർ ക്കാരിന്റെ നീല സമ്പദ് വ്യവസ്ഥാനയവുമാ യി ബന്ധപ്പെട്ട നടപടികൾ, തീരത്തും തീ രകടലിലുമായി നടപ്പിലാക്കികൊണ്ടിരിക്കു ന്ന കർശനമായ നിയന്ത്രണങ്ങൾ, തീരത്തെ ധാതുലവണങ്ങളുടെ ഖനനം, സാഗർമാല പദ്ധതി, തീരദേശ ഹൈവേ, തീരപരിപാല നത്തിലെ അനാസ്ഥയും അലംഭാവവും എ ന്നിവയെല്ലാം തീരത്തെ ജനങ്ങളുടെ ജീവി തത്തെ ദുസ്സഹമാക്കുന്നു. മൂലധന വാണി ജ്യ താത്പര്യങ്ങൾക്ക് സൗകര്യങ്ങളൊരുക്കു ന്ന സർക്കാർ നടപടികൾ ഈ സ്ഥിതിവി ശേഷം കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു. ഇ വയ്ക്ക് സജീവ ഉദാഹരണങ്ങളാണ് വിഴി ഞ്ഞം അന്താ-രാഷ്ട്ര തുറമുഖവും മുതല പ്പൊഴിയും.

പിന്നോക്ക വിഭാഗമായ ലത്തീൻ ക ത്തോലിക്കർക്ക് സാമൂഹിക നീതിയും സാ മാന്യ നീതിയും നിഷേധിക്കപ്പെടുന്ന നിര വധി അനുഭവങ്ങൾ സമീപകാലത്ത് നമ്മൾ നേരിട്ടുകൊണ്ടിരിക്കുയാണ്. നിരവധിയായ ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയ് ക്കും തുടർ നടപടികൾക്കുമായി സമർപ്പിച്ചി ട്ടുണ്ടെങ്കിലും അവയൊന്നും അർഹിക്കുന്ന ഗൗരവത്തോടെ നിലവിലെ സർക്കാർ പരി ഗണിക്കുന്നില്ല.

ദളിത് ക്രൈസ്തവർക്കും ആംഗ്ലോ ഇന്ത്യർക്കും അർഹമായ നീതി ലഭ്യമാക്കു ക, ഉദ്യോഗത്തിലും വിദ്യാഭ്യാസത്തിലും തു

ല്യമായ സംവരണം എന്നീ ആവശ്യങ്ങളും സർക്കാരിന്റെ അടിയന്തരശ്രദ്ധ തേടുന്നവയാണ്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി അർഹിച്ചതിലധികം സംവരണം ഏർപ്പെടുത്തുക വഴി സാമാന്യനീതി തന്നെ അട്ടിമറിക്കപ്പെട്ടു. അധികാരവും ഭരണവും സവർണ മുന്നോക്കക്കാരാൽ അട്ടിമറിക്കപ്പെടുന്നു എന്നതിന്റെ തെളിവാണിത്. വിഴിഞ്ഞത്തും മുതലപ്പൊഴിയിലും അന്യായമായി കേസുകൾ രജിസ്റ്റർ ചെയ്തപ്പോൾ അധികാരികളുടെ പ്രതികരണം നിയമം നിമയത്തിന്റെ വഴിക്ക് പോകട്ടെയെന്നതായിരുന്നു. എന്നാൽ ചില പ്രബല സമുദായങ്ങൾക്കെതിരെയുള്ള കേസുകൾ ഒഴിവാക്കുന്നതിൽ സർക്കാർ കാണിക്കുന്ന ശുഷ്കാന്തി ലത്തീൻകാരോടുള്ള വിവേചനത്തിന്റെ ഉത്തമ അടയാളമാണ്. അധികാരം, പദവി, സമ്പത്ത് എന്നിവ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം മുക്കാൽ ശതാബ്ദം കഴിഞ്ഞിട്ടും ചില ജനവിഭാഗങ്ങളുടെ കയ്യിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. സർക്കാർ ഉദ്യോഗത്തിൽ സാമുദായിക പ്രാതിനിധ്യത്തെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ സർക്കാർ പുറത്തുവിടണം. ബീഹാറിലെപോലെ കേരളത്തിലും സാമുദായികതലത്തിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തി അധികാര - ഉദ്യോഗ - വിദ്യാഭ്യാസ - സാമ്പത്തിക മണ്ഡലങ്ങളിൽ ജനസംഖ്യാനുപാതികമായി പങ്കാളിത്തം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്താനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളികൾ, കെട്ടിട നിർമ്മാണതൊഴിലാളികൾ തുടങ്ങിയ വിവിധ വിഭാഗം അസംഘടിത തൊഴിലാളികൾ വലിയ പ്രതിസന്ധിയിലാണ്. കാർഷികമേഖലയും നാളിതുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ഈ രംഗത്തുണ്ടാകേണ്ടതായിട്ടുണ്ട്. മാസങ്ങളായി നീണ്ടു നിൽക്കുന്ന മണിപ്പൂർ പ്രതിസന്ധി ഇനിയും പരിഹരിക്കാനായിട്ടില്ലായെന്നതും അതീവ ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. മതന്യൂനപക്ഷങ്ങൾക്കും ദലിത് ആദിവാസി വിഭാഗങ്ങൾക്കുമെതിരെ ഉത്തരേന്ത്യയിലെ ചില പ്രദേശങ്ങളിൽ നടന്നുവരുന്ന അക്രമങ്ങൾ അടിയന്തിരമായി അവസാനിപ്പിച്ച്, ഭരണഘടന നൽകുന്ന സംരക്ഷണം എല്ലാ വിഭാഗങ്ങൾക്കും ഉറപ്പുവരുത്താൻ കേന്ദ്ര സർക്കാർ അടിയ ന്തിരമായി ഇടപെടേണ്ടതായിട്ടുണ്ട്. കേരളത്തിൽ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമൂഹിക അവസ്ഥകൾ പഠിച്ച് പരിഹാരങ്ങൾ നിർദേശിക്കാനായി നിയോഗിക്കപ്പെട്ട ജെ.ബി. കോശി കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ട് അനേകം മാസങ്ങളായി. പ്രസ്തുത റിപ്പോർട്ട് ചർച്ചയ്ക്ക് വിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിക്കപ്പെട്ട ഗുരുതര പ്രശ്നങ്ങൾ പൊതുജന സമക്ഷം അവതരിപ്പിക്കപ്പെടുവാനാണ് ഡിസംബർ 17-ന് തലസ്ഥാന നഗരിയിൽ സമാപിക്കുന്ന "ജനജാഗര" യോഗത്തിന്റെ അന്തിമ ലക്ഷ്യം. ഈ സംരംഭത്തിൽ ഇടവകയുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ഇടവക നേതൃത്വം ശ്രദ്ധിക്കേണ്ടതാണ്.

## ഉപസംഹാരം

യേശുവിന്റെ ജനനം അന്ധകാരത്തിലായവർക്കും അടിച്ചമർത്തപ്പെട്ടവർക്കും പ്രത്യാശ നൽകുന്ന ഒന്നാണ്. അജ്ഞതയിലും വിവേചനത്തിന്റെ ചൂളയിൽപ്പെട്ടവരുമായ ലത്തീൻ സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പും ക്രിസ്തുമസിന്റെ സ്വപ്നമാണ്. അപ്രകാരം മനുഷ്യജീവന്റെ സംരക്ഷണവും വിശ്വസമാധാനവും ഒത്തൊരുമിച്ചുള്ള യാത്രയും അതോടൊപ്പം ലത്തീൻ സമുദായത്തിന്റെ ഉയർത്തെഴുന്നേൽപ്പും ഈ വർഷത്തെ ക്രിസ്തുമസിന്റെ സന്ദേശങ്ങളായിരിക്കട്ടെ!

നമ്മുടെ സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമാക്കുവാൻ ഈ ആഗമനകാലം നമ്മുക്ക് പ്രാർത്ഥനയിലും ഉപവാസത്തിലും സൽപ്രവർത്തിയിലും മുഴുകാം. ഇതിനെല്ലാം സഹായകമാകുന്നത് നമ്മുടെ ദിവ്യബലിയിലുള്ള സജീവ പങ്കാളിത്തവും വചനപാരായണവുമാണ്. ഈ ആഗമനകാലം നിത്യവും ദിവ്യബലിയിൽ പങ്കെടുക്കുവാനും, ബൈബിൾ പാരായണമാസമായി ആചരിക്കുന്ന ഡിസംബർ മാസം മുഴുവനും ബൈബിൾ വായിക്കുന്നതിനും പഠിക്കുന്നതിനുമായി പ്രയോജനപ്പെടുത്തുവാനും നമുക്ക് കഴിയട്ടെ!

ദൈവപുത്രന് ജന്മം നൽകിയ പരിശുദ്ധ അമ്മയുടെ മാതൃസ്നേഹവും മാദ്ധ്യസ്ഥവും ആഗമനകാലം പുണ്യകാലമായി ആചരിക്കുവാനും അതിന്റെ പരിസമാപ്തി കുറിക്കുന്ന ക്രിസ്തുമസ് അർത്ഥപൂർണ്ണമാക്കുവാനും നമുക്ക് തുണയായിരിക്കട്ടെ!

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

**† തോമസ് ജെ. നെറ്റോ**
തിരുവനന്തപുരം മെത്രാപ്പോലീത്ത

# വിഴിഞ്ഞം തുറമുഖ ജനകീയ പഠനസമിതിയുടെ റിപ്പോർട്ട് പ്രകാശനം ചെയ്തു




ലോക മത്സ്യത്തൊഴിലാളി ദിനമായ നവംബർ 21 ന് തിരുവനന്തപുരം പ്രസ് ക്ലബിൽവച്ച് പ്രമുഖ ചരിത്രകാരനും പരിസ്ഥിതി പണ്ഡിതനുമായ രാമചന്ദ്ര ഗുഹ, 'നമ്മുടെ തീരങ്ങൾ, നമ്മുടെ കടൽ: മീൻപിടുത്ത സമൂഹങ്ങളുടെ പൈതൃകം, എല്ലാവർക്കും ഉപയോഗ അവകാശം' എന്ന ശീർഷകത്തിലുള്ള ജനകീയ പഠനസമിതിയുടെ സമഗ്രമായ റിപ്പോർട്ട് പ്രകാശനം ചെയ്തു. ഡോ. തോമസ് ജെ. നെറ്റോ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിഴിഞ്ഞം സമരസമിതിയിലെ ശ്രീമതി എൽസി ഗോമസ്, പാട്രിക് മൈക്കിൾ എന്നിവർ റിപ്പോർട്ടിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി.

വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് തീരഭൂമിയും, കൃഷിഭൂമിയും, വനഭൂമിയുമൊക്കെ കോർപ്പറേറ്റുകൾക്ക് നൽകാൻ സർക്കാർ വ്യഗ്രത കാണിക്കുന്നെന്ന് അദ്ധ്യക്ഷപ്രസംഗത്തിലൂടെ തോമസ് ജെ. നെറ്റോ മെത്രാപൊലീത്ത പറഞ്ഞു. വിഴിഞ്ഞത്ത് പാരിസ്ഥിതിക പഠനം നടത്താൻ സർക്കാരിന് ഇതുവരെ സാധിക്കാത്തതാണ് സമരസമിതി സാക്ഷാത്ക്കരിച്ചത്. സർക്കാരിന്റെ പഠനസമിതിയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പടുത്താത്തിനാലാണ് സമര സമിതി ജനകീയ പഠന സമിതിക്ക് രൂപം നൽകാൻ നിർബന്ധിതരായത്. ഇത് സർക്കാരിനോടുള്ള വെല്ലുവിളിയല്ല, പകരം മത്സ്യത്തൊഴിലാളി ജനതയെ തീരത്ത് നിലനിർത്താനുള്ള പരിശ്രമമാണ്. തീരത്തെയും തീരജനതയുടെയും സംരക്ഷണത്തിനായുള്ള സമവായ ചർച്ചകൾക്ക് ഇനിയും സമയമുണ്ടെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

വിഴിഞ്ഞം തുറമുഖം കടലാവസ വ്യവസ്ഥയ്ക്കും തീരത്തിന്റെ നിലനിൽപിനും സാരമായ ആഘാതം സൃഷ്ടിക്കുമെന്നും അതുവഴി തീരജനതയുടെ സാമ്പത്തിക സാമൂഹിക മേഖലകളെ തകർക്കുകയും അവരുടെ നിലനില്പിന് തന്നെ ഭീഷണിയായി തീരുകയും ചെയ്യുന്ന ഒന്നാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ പ്രശസ്ത ചരിത്രകാരനും, പരിസ്ഥിതി പ്രവർത്തകനും, ഗ്രന്ഥകാരനുമായ രമചന്ദ്ര ഗുഹ അഭിപ്രായപ്പെട്ടു.

ജനകീയ പഠന സമിതി അദ്ധ്യക്ഷൻ ഡോ. കെ. വി. തോമസ് റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം അവതരിപ്പിച്ചു. പ്രശസ്ത മാധ്യമ പ്രവർത്തകൻ ശ്രീ. രാജഗോപാൽ റിപ്പോർട്ടിന്മേലുള്ള പ്രതികരണം നടത്തി. അഖിലകേരള ധീവര സഭ ജനറൽ സെക്രട്ടറി ശ്രീ. ദിനകരൻ, ശ്രീ. ജാക്സൻ പൊള്ളയിൽ, ശ്രീ. ഷെറി ജെ. തോമസ്, സിന്ധു മരിയ നെപ്പോളിയൻ എന്നിവർ ലോകമത്സ്യത്തൊഴിലാളി ദിന സന്ദേശം നൽകി. തുടർന്ന് പഠനസമിതി അംഗങ്ങളുമായി ചോദ്യോത്തര ചർച്ച നടന്നു.

ജനകീയ പഠനസമിതിയുടെ വിഴിഞ്ഞം തുറമുഖ ആഘാത പഠന റിപ്പോർട്ടിൽ വികസനവും പരിപാലനവും സന്തുലിതമാക്കാനുള്ള ഒരു സമീപനം സർക്കാർ സ്വീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. 200 പേജുള്ള റിപ്പോർട്ടിൽ വിഴിഞ്ഞത്തിന്റെ ചരിത്രപരമായ പ്രാധാന്യവും നൂറ്റാണ്ടുകൾ മുതൽ ഇന്നുവരെയുള്ള അതിന്റെ പ്രയാണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. വിഴിഞ്ഞം തുറമുഖ നിർമ്മാണം കൊണ്ടുണ്ടായ തീരശോഷണം, ജൈവ വൈവിധ്യങ്ങൾക്കുണ്ടായ ആഘാതം, മീൻപിടിത്ത സമൂഹങ്ങൾക്കുണ്ടായ പ്രത്യാഘാതങ്ങൾ എന്നിവയെ എടുത്ത് കാണിക്കുന്നു. തീരജനതയ്ക്ക് തീരത്ത് ജീവിക്കാനുള്ള അവകാശത്തെ ഇല്ലാതാക്കുന്നതാണ് ഏറ്റവും വലിയ വികസന വിരുദ്ധമെന്ന് റിപ്പോർട്ട് ഓർമ്മപ്പെടുത്തുന്നു. മത്സ്യത്തൊഴിലാളികളുടെ കാഴ്ചപ്പാട്, നിലവിലെ അവസ്ഥ, നിഗമനങ്ങൾ, ശുപാർശകൾ എന്നിങ്ങനെ വിഴിഞ്ഞം തുറമുഖം സൃഷ്ടിക്കുന്ന സമസ്ത മേഖലയിലെയും വെല്ലുവിളികളെ ശാസ്ത്രീയമായും ആധികാരികമായ രേഖകളുടെ അടിസ്ഥാനത്തിലും റിപ്പോർട്ട് വിശദീകരിക്കുന്നു. ■



**ജാതി വ്യവസ്ഥയിൽ അമർന്നിരുന്ന ഒരു ജനതയെ അതിൽ നിന്നും രക്ഷിക്കാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമേ കഴിയൂവെന്ന് മനസ്സിലാക്കിയ മിഷനറിമാർ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ തുടങ്ങി. ഈ ലക്ഷ്യത്തോടെ പോർച്ചുഗീസുകാരുടെ കാലം മുതൽക്കേ ഇവർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു**

# കേരളീയ നവോത്ഥാനവും ക്രൈസ്തവ മിഷനറിമാരും



**ജോൺസൺ റോച്ച്. എം**

ഇന്നത്തെ കേരളം മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിങ്ങനെ മൂന്നു ഭൂപ്രദേശങ്ങളായി നിലനിന്നിരുന്നു. എങ്കിലും, സാമൂഹ്യവ്യവസ്ഥിതിയിൽ ഇവ ഏകദേശം തുല്യത പുലർത്തിയിരുന്നു. ഇതിൽ മലബാർ മേഖല, ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്നു. ആസ്ഥാനം മദ്രാസായിരുന്നു. തിരുവിതാംകൂർ രാജ്യത്തെ ഭരണം ഹൈന്ദവ ആചാരാനുഷ്ഠാനങ്ങളിൽ അടിയുറച്ച രാജകുടുംബമാണ് നിർവഹിച്ചിരുന്നത്. എങ്കിലും ഈസ്റ്റ് ഇന്ത്യ കമ്പനി നിയമിച്ച ഒരു റസിഡന്റിന്റെ മേൽനോട്ടം ഈ സ്വാതന്ത്രരാജ്യത്ത് ഉണ്ടായിരുന്നു. തിരുവിതാംകൂർ ബ്രിട്ടീഷ്കാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലല്ലാതിരുന്നതിനാൽ, ഇവിടെ സുപ്രധാന ഇന്ത്യൻ സ്വാതന്ത്ര്യ സമരങ്ങളൊന്നും ഉണ്ടായിരുന്നില്ല. തിരുവിതാംകൂർ രാജ്യം ജന്മി – നാടുവാഴിത്ത – ജാതി വ്യവസ്ഥിതിയുടെ കർക്കശ ചട്ടക്കൂടിനുള്ളിലമർന്നിരുന്നതിനാൽ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ജാതി സമ്പ്രദായത്തിനെതിരെ പലവിധ പ്രതിഷേധങ്ങളാണ് ഇവിടെ ഉയർന്നിരുന്നത്. ഗുരുവായൂർ സത്യാഗ്രഹം, എല്ലാ ഹിന്ദു വിശ്വാസികൾക്കും ക്ഷേത്ര പ്രവേശനത്തിനു വേണ്ടിയായിരുന്നു. വൈക്കം സത്യാഗ്രഹം, പിന്നാക്ക-പട്ടിക ജാതിയിൽപ്പെട്ട


മനുഷ്യർക്ക് ക്ഷേത്രത്തിനുപുറത്തുള്ള വഴിയിലൂടെ നടക്കാനുള്ള അവകാശത്തിനു വേണ്ടിയായിരുന്നു. ഇവിടത്തെ ദുർഭരണത്തിനും അതിലെ നിയമങ്ങൾക്കുമെതിരെ ആ കാലഘട്ടത്തിൽ വിവിധ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. ഹൈന്ദവ, ക്രിസ്ത്യൻ, മുസ്ലീം സമ്മിശ്രസംസ്ക്കാരങ്ങൾ സമന്വയിപ്പിച്ചിരുന്ന ഒരു ഭൂപ്രദേശമായിരുന്നു ഇവിടമെങ്കിലും ജാതിവ്യവസ്ഥയ്ക്കെതിരെ നിലകൊള്ളാൻ പാകത്തിലുള്ള ഒരവബോധം ഇവിടെ വളർന്നിരുന്നില്ല.

ജാതി സമ്പ്രദായമായിരുന്നു എല്ലാ ജീവിതഘടകങ്ങളെയും നിശ്ചയിച്ചിരുന്നത്. രാജഭരണത്തിനു കീഴിൽ 'നീതി' നടപ്പിലാക്കാനുള്ള വ്യവസ്ഥയും ഉണ്ടായിരുന്നു. എന്നാൽ, അത് ജാതി ധർമ്മത്തിൽ അധിഷ്ഠിതമായ ഒരു നീതി സംവിധാനമായിരുന്നു. ഇതിൽ പ്രധാനം തീണ്ടൽ, തൊട്ടുകൂടായ്മ എന്നിവയിൽ അധിഷ്ഠിതമായ നിയമമാണ്. ഇത് കീഴാളരെ അടിച്ചമർത്തിക്കൊണ്ട് സവർണർക്കു മാത്രം നീതി ലഭിക്കത്തക്കവണ്ണമുള്ളതായിരുന്നു. ഓരോ ജാതിക്കാരും നമ്പൂതിരിമാരിൽ നിന്നും അകന്നുമാറി വഴിനടക്കേണ്ട ദൂരം നിർണ്ണയിച്ചിട്ടുണ്ടായിരുന്നു. ഓരോ ജാതിക്കാരും തമ്മിൽ-തമ്മിൽത്തന്നെ വഴിനടക്കേണ്ട ദൂരത്തിന്റെ അകലവും നിശ്ചയിക്കപ്പെട്ടിരുന്നു. ഇതിന്റെ ലംഘനം നിയമലംഘനമാണ്. കീഴ്ജാതിക്കാരുടെ സ്വാതന്ത്ര്യം തിരുവിതാംകൂറിലും-കൊച്ചിയിലും പൂർണമായും നിഷേധിച്ചിരുന്നു. നീതിയും ന്യായവും ഈ ജാതിനിയമത്തിന് അനുസരിച്ചു മാത്രമാണ് നടപ്പാക്കിയിരുന്നത്. താഴ്ന്ന ജാതിക്കാരെ അടിമകളാക്കുന്ന ഈ സമ്പ്രദായം നിലനിന്നിരുന്നു. പ്രത്യേകിച്ച് പറയർ,വേടർ, ആദിവാസികൾ എന്നിവരെയാണ് അവരുടെ അടിമകളാക്കിയിരുന്നത്. ഈയൊരു സാമൂഹ്യസാഹചര്യത്തിന്റെ നടുവിലേക്കാണ് മിഷണറിമാർ കടന്നുവരുന്നത്.

അടിമകളുടെ ജീവിതം അതീവ ശോചനീയമായിരുന്നു. മർദ്ദനമുറകൾകൊണ്ട് പൊറുതിമുട്ടി കാട്ടിലേക്ക് ഒളിച്ചോടുന്ന അടിമകളെ തിരഞ്ഞുപിടിക്കാൻ നായാട്ടു സംഘങ്ങൾ ഉണ്ടായിരുന്നു. കണ്ടുകിട്ടിയാൽ, ക്രൂരമായി ഉപദ്രവിക്കുകയും ഒടുവിൽ ശൂലത്തിലേറ്റി വധിക്കുകയും ചെയ്തിരുന്നു. മിഷണറിമാരുടെ പ്രേഷിത പ്രവർത്തനം ഈ മേഖലയിലേക്ക് തിരിഞ്ഞു. അവർ ഒരു സംഘത്തെ ഉണ്ടാക്കി, ഒളിച്ചോടിയ അടിമകളെ തിരിഞ്ഞു കണ്ടുപിടിക്കാനായി വനങ്ങളിലേക്ക് അയച്ചു. കണ്ടെത്തുന്ന അടിമകളെ മുണ്ടക്കയം മിഷൻ കേന്ദ്രത്തിലെത്തിച്ച് സംരക്ഷിക്കുകയും, അവരെ വിവിധ തൊഴിലുകൾ പരിശീലിപ്പിച്ച് അന്നത്തെ ആധുനിക തൊഴിലാളികളാക്കി ഉയർത്തി വേതനം പറ്റുന്നവരാക്കി മാറ്റിയെടുക്കുകയും ചെയ്തു.

ജാതി വ്യവസ്ഥയിൽ അമർന്നിരുന്ന ഒരു ജനതയെ അതിൽ നിന്നും രക്ഷിക്കാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമേ കഴിയൂവെന്ന് മനസ്സിലാക്കിയ മിഷനറിമാർ ഈ രംഗത്ത് കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ തുടങ്ങി. ഈ ലക്ഷ്യത്തോടെ പോർച്ചുഗീസുകാരുടെ കാലം മുതൽക്കേ ഇവർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. പോർച്ചുഗീസ് മിഷനറിമാർ തീരദേശത്തെ വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചിരുന്നു. ഇവർ കൊല്ലത്ത് സ്ഥാപിച്ച കോളജിനെപ്പറ്റി ചരിത്രം നമ്മുക്ക് അറിവ് നൽകുന്നുണ്ട്. ഡച്ച്മിഷനറിമാർ കോട്ടയത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങി. എന്നാൽ, ഇംഗ്ലീഷുകാരോടൊപ്പം ഇവിടേയ്ക്ക് കടന്നുവന്ന മിഷനറിമാരെപ്പോലെ ഇവർ വിദ്യാഭ്യാസസ്ഥാപനങ്ങൾ വ്യാപകമായി സ്ഥാപിക്കാൻ താല്പര്യം കാണിച്ചില്ല. ബ്രിട്ടീഷ്കാരോടൊപ്പം വന്ന മിഷനറിമാർ വ്യാപകമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചു തുടങ്ങി. ലണ്ടൻ മിഷൻ സൊസൈറ്റി, മൈലാടിയിൽ ഒരു പള്ളിക്കും സ്ക്കൂളിനും ആരംഭം കുറിച്ചു. തെക്കൻ തിരുവിതാംകൂറിൽ, നാഗർകോവിൽ ആസ്ഥാനമാക്കിക്കൊണ്ട്, സാൽവേഷൻ ആർമി വിദ്യാലയങ്ങൾ ആരംഭിച്ചു. ബാസൽമിഷൻ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, നെട്ടൂർ, ബർണശ്ശേരി തുടങ്ങിയ വടക്കൻ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. കർമ്മലീത്ത മിഷൻ, കന്യാസ്ത്രീ മഠങ്ങളോടു ചേർന്ന് പെൺപള്ളിക്കൂടങ്ങളും സ്ഥാപിച്ചു. സനാതനമിഷൻ 1864 ൽ തിരുവനന്തപുരം കിഴക്കേകോട്ടയിൽ പെൺകുട്ടികൾക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു. അമേലിയ ഡൊറോത്തി ബേക്കർ പെൺകുട്ടികൾക്കായി കോട്ടയത്ത് ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. ഇതോടൊപ്പം മിഷനറിമാർ തൊഴിൽ വിദ്യാലയങ്ങളും, ആശുപത്രികളും തുടങ്ങി. ആശുപത്രി സ്ഥാപിക്കാൻ തുടങ്ങിയതോടെ ഇവിടെ ആധുനിക അലോപ്പതി (Modern Medicine)ചികിത്സ ലഭ്യമായിത്തുടങ്ങി. അത് അന്നുവരെയുണ്ടായിരുന്ന നാട്ടു വൈദ്യന്മാരുടെ ചികിത്സാരീതിയിൽ നിന്നുമുള്ള ചുവടുമാറ്റമായി. പുത്തൻചികിത്സാ സമ്പ്രദായം വന്നതോടെ അകാലമരണസംഖ്യയിൽ ഗ
















ണ്യമായ കുറവ് വന്നു തുടങ്ങി. പ്രത്യേകിച്ചും, പകർച്ച വ്യാധികൾമൂലമുള്ള മരണങ്ങൾ.

തെക്ക്, വടക്ക് വ്യത്യാസമില്ലാതെ കേരളത്തിലുടനീളം വിദ്യ പകർന്നുനൽകാനായി മിഷനറിമാർ ബദ്ധശ്രദ്ധരായി, കർമ്മനിരതരായി. ജാതിഭേദമില്ലാതെ എല്ലാ വിഭാഗങ്ങൾക്കുംവേണ്ടി മിഷനറിമാരുടെ വിദ്യാലയങ്ങൾ തുറന്നിരുന്നു. ഇതിനുമുൻപ് താഴ്ന്ന ജാതിക്കാർക്ക് വിദ്യാഭ്യാസം പൂർണ്ണമായും നിഷേധിച്ചിരുന്നു. ഉന്നതകുലജാതർക്ക് പഠനത്തിനായി ആശാൻ പള്ളിക്കൂടങ്ങളെ (കുടിയാശാന്റെ വീട്) ഉണ്ടായിരുന്നുള്ളൂ. അവിടെ മതാധിഷ്ഠിതമായ സദാചാരം, വൈദ്യം, ജ്യോത്സ്യം ചെറിയ തോതിലുള്ള കണക്കുകൂട്ടലുകൾ എന്നിവ പഠിപ്പിച്ചിരുന്നു. വരമൊഴിയെക്കാൾ വാമൊഴിക്കാണ് പ്രാധാന്യം നൽകിയിരുന്നത്. ഈയൊരു സ്ഥാനത്തേക്കാണ് സയൻസ് വിഷയങ്ങൾ, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം തുടങ്ങിയ നൂതനവിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായം മിഷനറിമാർ ആരംഭിച്ചത്. വിദ്യാഭ്യാസം നിഷേധിച്ചിരുന്ന അടിയാളവർഗത്തിൽപ്പെട്ടവർക്കായി മിഷനറിമാരുടെ സ്കൂളുകൾ മലർക്കെ തുറക്കപ്പെട്ടുവെന്നുമാത്രമല്ല, അജ്ഞതയിൽ കഴിഞ്ഞിരുന്ന ഇവരെ പ്രത്യേകം ശ്രദ്ധിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, അവരെ സ്കൂളിൽ എത്തിക്കാൻ വേണ്ട പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിരുന്നു.

മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്നും പ്രചോദിതരായി, ആ മാതൃകയിൽ തിരുവിതാംകൂർ സർക്കാർ വിദ്യാലയങ്ങൾ സ്ഥാപിച്ചു തുടങ്ങി. എന്നാൽ, ഈ പൊതുവിദ്യാലയങ്ങളിൽ അടിയാള സമൂഹത്തിലെ കുട്ടികൾ പോകുന്നത് സവർണ ജാതിക്കാർ തടഞ്ഞിരുന്നു. അതിനാൽ, അങ്ങോട്ടു പോകാൻ അധഃസ്ഥിത കുട്ടികൾ അറച്ചു നിന്നു. ജാതി വ്യവസ്ഥയിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന അയിത്ത ജാതിക്കാർക്ക് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനം മോചനമാർഗമായി മാറി. ഇവരിൽ നല്ല രീതിയിൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്ക് മുൻഗണന നൽകി ഈ വിദ്യാലയങ്ങളിൽതന്നെ ഇവരെ അദ്ധ്യാപകരായി നിയമിക്കുകയും, ഈസ്റ്റ് ഇന്ത്യ കമ്പനിയ്ക്ക് കീഴിൽ ജോലി സമ്പാദിച്ചു കൊടുക്കുകയും ചെയ്തിരുന്നു.

മിഷണറിമാർ അക്ഷരലോകത്തിന്റെ മറ്റ് മേഖലകളിലേക്ക് ചുവടുവച്ചു. മലയാളത്തിൽ ആദ്യമായി അച്ചടിക്കായുള്ള അച്ചുകൾ നിർമ്മിച്ചത് 'ജോവാസ് ഗോൺസാൽവസ്' എന്ന സ്പാനിഷ് ജെസ്യൂട്ട് പാതിരിയാണ്. കൊച്ചി, വൈപ്പിൻ എന്നിവിടങ്ങളിൽ മിഷനറിമാർ അച്ചടിസ്ഥാപനങ്ങൾ തുടങ്ങി. 1821 ൽ എൽ.എം.എസ്.മിഷൻ, നാഗർകോവിലിൽ വ്യവസായാടിസ്ഥാനത്തിലുള്ള വലിയ ഒരു അച്ചടിശാല ആരംഭിച്ചു. ബാസൽ മിഷൻ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അച്ചടിസ്ഥാപനങ്ങൾക്ക് തുടക്കമിട്ടു.


ബൈബിളും, മറ്റ് ഇംഗ്ലീഷ് പുസ്തകങ്ങളും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. ഡച്ചുകാർ 'ഹോർത്തൂസ് മലബറിക്കസ്' എന്ന സസ്യശാസ്ത്ര ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഫാദർ ക്ലമന്റ് 'സംക്ഷേപവേദാർത്ഥം' രചിച്ചു. 'വർത്തമാന പുസ്തകം' എന്ന പേരിൽ പാറേമാക്കൽ തോമാകത്തനാർ, ആദ്യത്തെ മലയാള 'യാത്രാവിവരണം' പുറത്തിറക്കി. ജർമൻ മിഷനറിയായ അർണോസ് പാതിരി മലയാള വ്യാകരണവും നിഘണ്ടുവും പ്രസിദ്ധീകരിച്ചു. 1799 ൽ റോബർട്ട് ഡ്രമണ്ട് മലയാള ഭാഷാവ്യാകരണം രചിച്ചു. ഹെർമ്മൻ ഗുണ്ടർട്ട് 1872 ൽ മലയാള ഭാഷയ്ക്ക് ഈടുറ്റ ഒരു മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും, വ്യാകരണഗ്രന്ഥവും പ്രസിദ്ധീകരിച്ചു. അദ്ദേഹം പത്രവും, സാഹിത്യമാസികളും പ്രസിദ്ധീകരിച്ചു തുടങ്ങി. ഇതോടൊപ്പം പുസ്തകങ്ങളും, മറ്റ് വിഷയങ്ങളും അച്ചടിരൂപത്തിൽ വായനാസമൂഹത്തിൽ എത്തപ്പെട്ടു. അവ സാമൂഹ്യ അവബോധം വളർത്താൻ സഹായകരമായിത്തീർന്നു.

പുസ്തകങ്ങളിലൂടെയും, ആനുകാലികങ്ങളിലൂടെയും നൂതനആശയങ്ങൾ സമൂഹത്തിൽ പ്രചരിക്കാൻ തുടങ്ങിയതോടെ, കേരളം നവോത്ഥാന പാതയിലേക്ക് പിച്ച വയ്ക്കാൻ തുടങ്ങി. മിഷനറിമാരുടെ വിദ്യാലയങ്ങളിൽ നിന്നും പകർന്നു കിട്ടിയ അറിവുകളും, ദർശനങ്ങളും ജാതിഘടനയ്ക്ക് എതിരെയുള്ളതായിരുന്നു. പ്രത്യേകിച്ചും, ജാതി വിവേചനത്തിൽ വീർപ്പുമുട്ടി കഴിഞ്ഞിരുന്ന അയിത്ത ജാതിക്കാർക്ക് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനം മോചനമാർഗ്ഗമായി പരിണമിച്ചു. പത്രങ്ങളും വാരികകളും പുസ്തകങ്ങളും മലയാളികളുടെ കൈയിൽ മിഷനറിമാർ എത്തിച്ചതോടെ, വായനാസംസ്ക്കാരത്തിന് തുടക്കം കുറിച്ചു. ഇത്തരത്തിൽ സൃഷ്ടിച്ചെടുത്ത സാമൂഹ്യ അവബോധമാണ് 'നവോത്ഥാന'മായി രൂപാന്തരം പ്രാപിച്ചത്. മിഷണറിമാർ ഈ നാട്ടിൽ വിദ്യാഭ്യാസത്തിലൂടെ ഉണ്ടാക്കിയെടുത്ത പ്രബുദ്ധതയുടെ മണ്ണിലേക്കാണ്, നവോത്ഥാന നായകന്മാർ

കടന്നു വന്നത്. മിഷനറിമാർ തുടക്കം കുറിച്ച വായനാ സംസ്ക്കാരം നവോത്ഥാന നായകന്മാരുടെ സമൂഹ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് രാസത്വരകമായി. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും മിഷനറിമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയിരുന്നുവെങ്കിലും അത് ഇത്ര വ്യാപകമായിരുന്നില്ല.

കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യദുരാചാരങ്ങൾക്ക് നേരെ മിഷണറിമാരുടെ ശ്രദ്ധതിരിഞ്ഞു. ആ കാലഘട്ടത്തിൽ പിന്നാക്ക വിഭാഗങ്ങളിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മാത്രമേ മാറുമറയ്ക്കുവാനുള്ള അനുവാദം ഉണ്ടായിരുന്നുള്ളൂ. മത്സ്യത്തൊഴിലാളി സമൂഹത്തിലെ സ്ത്രീകളൊഴികെ മറ്റു പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകൾ മാറുമറച്ച് വസ്ത്രം ധരിക്കുന്നത് പാരമ്പര്യ വിരുദ്ധവും, ആചാരവിരുദ്ധവുമായിരുന്നു. ഊഴിയവേല ജാതീയമായ ഒരു കടമയും ആയിരുന്നു. ഈ രണ്ടു സാമൂഹിക വിപത്തുകൾക്കുമെതിരെ മിഷനറിമാർ നിലകൊണ്ടു. ക്രിസ്തുമതത്തിൽ ചേർന്നവർ ദേഹശുദ്ധിയും, വസ്ത്രശുദ്ധിയും പാലിക്കണമെന്ന് മിഷനറിമാർ നിഷ്ക്കർഷിച്ചു. സ്ത്രീകൾക്ക് അരയ്ക്ക്മേൽ വസ്ത്രം ധരിക്കാനായി ജാക്കറ്റുകൾ സൗജന്യമായി നൽകി. ഇതു ധരിച്ച് ചാന്നാർ സ്ത്രീകൾ പൊതുവഴിയിലൂടെ നടക്കാൻ ആരംഭിച്ചു. ഇതിനെ എതിർത്തുകൊണ്ട് സവർണ്ണർ ഇവരുടെ മേൽവസ്ത്രം വലിച്ചുകീറാൻ തുടങ്ങി! ഇതിനെ ചാന്നാർ സ്ത്രീകൾ എതിർത്തു. ഇതോടെ ഇതൊരു കലാപമായി പടർന്നു പിടിക്കുകയായിരുന്നു. ഈ പ്രക്ഷോഭമാണ് ചാന്നാർ ലഹളയെന്ന പേരിൽ അറിയപ്പെടുന്നത്. ഇതിനു പിന്നിൽ മിഷനറിമാരായിരുന്നു. മിഷണറിമാർ ദിവാനായിരുന്ന കേണൽ ജോൺ മൺറോയിൽ സമ്മർദ്ദം ചെലുത്തി ക്രിസ്ത്യൻ ചാന്നാർ സ്ത്രീകൾക്ക്, മേൽവസ്ത്രം ധരിക്കാനുള്ള അവകാശം നൽകിക്കൊണ്ടുള്ള ഉത്തരവ് 1814 ൽ അദ്ദേഹത്തെക്കൊണ്ട് ഇറക്കിപ്പിച്ചു. ഈ ഉത്തരവിനെ സവർണർ നഖശിഖാന്തം എതിർത്തു. രാജകുടുംബവും ഈ ഉത്തരവിന് അനുകൂലമല്ലായിരുന്നു.

**ഹെർമ്മൻ ഗുണ്ടർട്ട് 1872 ൽ മലയാള ഭാഷയ്ക്ക് ഈടുറ്റ ഒരു മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും, വ്യാകരണഗ്രന്ഥവും പ്രസിദ്ധീകരിച്ചു. അദ്ദേഹം പത്രവും, സാഹിത്യമാസികളും പ്രസിദ്ധീകരിച്ചു തുടങ്ങി. ഇതോടൊപ്പം പുസ്തകങ്ങളും, മറ്റ് വിഷയങ്ങളും അച്ചടിരൂപത്തിൽ വായനാ സമൂഹത്തിൽ എത്തപ്പെട്ടു**




ഏറെ താമസിയാതെ എല്ലാ ചാന്നാർ സ്ത്രീകൾക്കും മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി ചാന്നാർ സമുദായം ലഹള തുടർന്നു. 1004 -ാമാണ്ട് മകരമാസം 24-ാം തീയതി (1829-ൽ) എല്ലാ ചാന്നാർ സ്ത്രീകൾക്കും മേൽവസ്ത്രം ധരിക്കാനുള്ള അവകാശം നൽകിക്കൊണ്ട് ഉത്തരവ് ഇറങ്ങി. തുടർന്ന് ഈഴവർ മുതലായ പിന്നാക്ക സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശത്തിനു വേണ്ടി പ്രക്ഷോഭം തുടങ്ങി. അതിന്റെ ഫലമായി 1859 ജൂലായ് 26 ന് മത്സ്യത്തൊഴിലാളി സ്ത്രീകളെപ്പോലെ മാറുമറച്ച് നടന്നുകൊള്ളേണ്ടതാണെന്നുള്ള ഉത്തരവ് തിരുവിതാംകൂർ സർക്കാർ ഇറക്കി. ഈ ഉത്തരവോടെ, മിഷനറിമാർ ചാന്നാർ സ്ത്രീകളെകൊണ്ട് തുടങ്ങി വച്ച പ്രക്ഷോഭം കേരളത്തിലെ മൊത്തം സ്ത്രീകളുടെ പരിവർത്തന ചരിത്രമായി മാറി.

ഊഴിയവേലക്കാർ ജോലിക്കു ശേഷം സവർണ്ണരുടെ വീടിനു പിറകുവശത്തു ചെന്ന്, തറയിൽ കുഴികുത്തി, അതിൽ ഇലവച്ച് കഞ്ഞി കുടിച്ച്, ജീവിച്ചിരുന്ന മനുഷ്യരായിരുന്നു. ഇതിൽ, പുലയ സമൂഹമാണ് അധികമായി ഉണ്ടായിരുന്നത്. പ്രത്യേകിച്ചും, അവരുടെ സ്ത്രീകൾ! കൂലിയില്ലാതെ ഊഴിയവേലയ്ക്ക് പോകരുതെന്ന് മിഷനറിമാർ ആഹ്വാനം ചെയ്തു. ഇത് സവർണരും മിഷനറിമാരും തമ്മിലുള്ള മറ്റൊരു ശത്രുതയ്ക്ക് കാരണമായി. ഊഴിയ വേലക്കാരെ മിഷനറിമാർ മൂന്നാർ മുതലായ സ്ഥലങ്ങളിലെത്തിച്ചു. ഇവരെ തോട്ടങ്ങൾ ഉണ്ടാക്കാനും, കാട് വെട്ടിത്തെളിക്കാനും, തുടർന്ന് തോട്ടം തൊഴിലാളികളായും നിയമിച്ചു. അങ്ങനെ ഇവരെ അന്തസ്സുള്ള കൂലി പറ്റുന്ന തൊഴിലാളികളാക്കി മാറ്റിയെടുക്കുകയായിരുന്നു. ജാതിഭേദമില്ലാതെയുള്ള തേയില തോട്ടങ്ങളിലെ തൊഴിൽ ജാതിവ്യവസ്ഥ ദൂരികരിക്കാനുള്ള ഒരു വേദിയായി രൂപാന്തരപ്പെടുകയായിരുന്നു. ഇവിടേയ്ക്ക് തമിഴ്നാട്ടിൽ നിന്നു വന്ന തൊഴിലാളികളും ഇവരും കാലക്രമേണ അവകാശബോധമുള്ള തൊഴിലാളികളായി മാറി. മദിരാശി സർക്കാരിനോട് ഊഴിയവേല നിരോധിക്കാനായി മിഷനറിമാർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ഒടുവിൽ അതിന് ഉത്തരവായി; ഊഴിയവേല നിരോധിക്കപ്പെട്ടു.

ഊഴിയവേല ചെയ്തിരുന്നവരെ തീവണ്ടിപ്പാതയുടെയും അതിനോടനുബന്ധിച്ച നിർമ്മിതികൾക്കും ഓട്ടുകമ്പനികളിലെയും, തുണിമില്ലുകളിലെയും, കയർ മേഖലകളിലെയും, തോട്ടമേഖലകളിലെയും തൊഴിലാളികളാക്കി മാറ്റിയെടുത്തു. ഈ മേഖലകളിലെത്തിയ ഇവർ തീണ്ടൽ സമ്പ്രദായത്തിൽ നിന്നും സവർണ്ണ മേധാവിത്തത്തിന്റെ അടിച്ചമർത്തലുകളിൽ നിന്നും വിമുക്തരാകുകയായിരുന്നു. ബ്രിട്ടീഷ് പട്ടാളത്തിൽ കേരളത്തിൽ നിന്നുമുള്ളവർ ചേർന്നതിനാൽ മറ്റു സംസ്കാരങ്ങളും ഇവരിലൂടെ വന്നു ചേർന്നതും ജാതിവ്യവ

സ്ഥയുടെ രൂക്ഷത കുറയ്ക്കുന്നതിന് കാരണമായി. ട്രെയിൻ യാത്രകളും ജാതിവ്യവസ്ഥ കുറയ്ക്കാൻ ഒരു കാരണമായിത്തീർന്നു.

ഇവിടെ, മരുമക്കത്തായമാണ് നിലനിന്നിരുന്നത്. ഇതിൽ കുടുംബത്തിന്റെ നായകൻ കാരണവരായിരുന്നു. ഈ സമ്പ്രദായത്തെ മിഷണറിമാർ ശക്തമായി എതിർത്തു. കുടുംബനാഥൻ പിതാവായിരിക്കണമെന്നും; പിതൃസ്വത്തിനു മക്കൾക്കാണ് അവകാശമെന്നുമുള്ള നിയമത്തിനായി മിഷണറിമാർ 'ലാക്സ് ലോസി' എന്ന കരട് നിയമം ഉണ്ടാക്കി മദ്രാസ് സർക്കാരിനും, തിരുവിതാംകൂർ സർക്കാരിനും സമർപ്പിച്ചു. ഇതിനെ തിരുവിതാംകൂർ-കൊച്ചി സർക്കാരുകൾ ശക്തമായി എതിർത്തു. എന്നാലും, മദ്രാസ് സർക്കാരിനു മുന്നിൽ ഈ നിയമത്തിനായി മിഷണറിമാർ നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ചട്ടമ്പിസ്വാമികളുടെ നിലപാട് നായർ സമുദായത്തിലെ മരുമക്കത്തായം മാറ്റണമെന്നായിരുന്നു. അദ്ദേഹത്തിന്റെ ഈ നിലപാട് ആ സമൂഹത്തിനുള്ളിൽ പ്രചരിച്ചതോടെ ഇതിനെതിരെയുള്ള നായർ ശബ്ദം കെട്ടടങ്ങി. ഇക്കാര്യത്തിൽ ബ്രാഹ്മണരും ക്ഷത്രിയരും പൂർണമായും ഒറ്റപ്പെടുകയും ചെയ്തു. 'ലാക്സ് ലോസി' എന്ന പേരുമാറ്റി; അതിൽ ചെറിയ ഭേദഗതികൾ വരുത്തി നായർ റെഗുലേഷൻ ആക്ട് എന്ന പേരിൽ നിയമം നിലവിൽ വന്നു.

മിഷനറിമാർ തുടക്കമിട്ട വിമോചന പ്രവർത്തനങ്ങളുടെ തുടർച്ച നവോത്ഥാന നായകൻമാർ ഏറ്റെടുത്തു. മിഷനറിമാരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും നവോത്ഥാന നായകൻമാർക്ക് ഊർജ്ജം പകർന്നു. മത പരിവർത്തിതരായ ക്രൈസ്തവർ സാംസ്കാരികമായി മുന്നേറുന്നതും അവർക്ക് മെച്ചപ്പെട്ട ശുചിത്വവും ആരോഗ്യവും ഉണ്ടാകുന്നതും സവർണർ വരുമ്പോൾ ഒഴിഞ്ഞു മാറി നില്ക്കാൻ വിസമ്മതം പ്രകടിപ്പിക്കുന്നതും കണ്ട്, ഇതര സമുദായങ്ങളും ഇതാഗ്രഹിച്ച് ഓരോ സമുദായത്തിൽ നിന്നും നവോത്ഥാന നായകന്മാർ ഉയർന്നു വന്ന്, അവരവർക്കായി ശബ്ദം ഉയർത്തുകയാണുണ്ടായത്. ക്രിസ്ത്യൻ നാടാർ സ്ത്രീകൾ മാറ് മറച്ച് അന്തസ്സായി നടക്കുന്നതു കണ്ടാണ് അതേ അവകാശം മറ്റുള്ള നാടാർ സ്ത്രീകൾക്കും കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വൈകുണ്ഠസ്വാമി രംഗപ്രവേശം ചെയ്തത്. ഇങ്ങനെ, മിഷനറിമാരുടെ സാമൂഹിക പരിവർത്തനഫലമായുണ്ടായ ചിന്തകളും പ്രവർത്തനങ്ങളും നവോത്ഥാന നായകന്മാർക്ക് അവരുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുകയായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ മധ്യം മുതൽ 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയും ഇവിടെ ഉയർന്നുവന്ന നവോത്ഥാന പ്രസ്ഥാനങ്ങൾക്കും, നായകന്മാർക്കും മിഷണറിമാരുടെ ദർശനങ്ങൾ സൈദ്ധാന്തിക അടിത്തറപാകാൻ മാർഗ്ഗദർശകമായിത്തീർന്നു. കേരള നവോത്ഥാനത്തിനു ഉത്തേജകമായത് മിഷനറിമാരുടെ ഒത്താശയോട് ചാന്നാർ സ്ത്രീകൾ നടത്തിയ മാറ് മറയ്ക്കാനുള്ള അവകാശപ്രക്ഷോഭമാണ്.

ഈ പ്രക്ഷോഭത്തിൽ നിന്നും പ്രചോദിതരായാണ് അയിത്തോച്ചാടനത്തിനും, സ്വന്തം ജാതിക്കുള്ളിൽത്തന്നെ നിലനിന്നിരുന്ന അനാചാരങ്ങൾക്കുമെതിരെ ശബ്ദം ഉയർത്തിക്കൊണ്ട് കേരളത്തിലെ നവോത്ഥാന നായകന്മാർ കടന്നുവരുന്നത്. മിഷനറിമാരുടെ സാമൂഹ്യ ഇടപെടലിനെ പിൻപറ്റിയാണ് തൈക്കാട് അയ്യഗുരു, വൈകുണ്ഠസ്വാമി, ചട്ടമ്പിസ്വാമി, ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, വക്കം അബ്ദുൾ ഖാദർ മൗലവി, അയ്യങ്കാളി, മന്നത്ത് പത്മനാഭൻ, ചാവറയച്ചൻ, പണ്ഡിറ്റ് കറുപ്പൻ, കെ.കേളപ്പൻ, പൊയ്കയിൽ അപ്പച്ചൻ, വി.ടി.ഭട്ടതിരിപ്പാട് തുടങ്ങിയ നവോത്ഥാന നായകന്മാർ സ്വജാതിക്കുള്ളിലും സമൂഹത്തിലും ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട്, ഇന്നത്തെ കേരളത്തിന് നാന്ദി കുറിച്ചത്. ഇവരുടെ പ്രവർത്തനങ്ങളെ മിഷനറിമാർ പരിപൂർണമായും പിന്തുണച്ചിരുന്നു. കുമാരനാശാൻ, ഡോ.പൽപ്പു മുതലായവരുമായി മിഷനറിമാർ ഊഷ്മളമായ ബന്ധം സ്ഥാപിച്ചിരുന്നു. ഈ ബന്ധം നിമിത്തം നവോത്ഥാന നായകന്മാർക്ക് 'ബ്രിട്ടീഷുകാരുടെ ചാരന്മാർ' എന്ന പഴിവരെ ഏൽക്കേണ്ടി വന്നിട്ടുണ്ട്. ശ്രീനാരായണ ഗുരു, മന്നത്ത് പത്മനാഭൻ തുടങ്ങിയ നവോത്ഥാന നായകന്മാരുടെ ആശയങ്ങളെ മിഷനറിമാർ അകമഴിഞ്ഞ് പിന്തുണച്ചിരുന്നു. സ്വസമുദായത്തിനുള്ളിൽ അനുഭവിച്ചിരുന്ന അടിച്ചമർത്തലുകൾക്കും, അവിടെ നിലനിന്നിരുന്ന അനാവശ്യമായ അചാരാനുഷ്ഠാനങ്ങൾക്കുമെതിരെയാണ് വാഗ്ഭടാനന്ദനും വി.ടി.ഭട്ടതിരിപ്പാടും നിലകൊണ്ടിരുന്നത്. നായർ തറവാടുകളിൽ കയറിയിറങ്ങി ബ്രാഹ്മണർ സൃഷ്ടിച്ചുകൊണ്ടിരുന്ന ലൈംഗിക ബന്ധങ്ങൾക്കെതിരെ മന്നത്തു പത്മനാഭൻ ശക്തമായി ശബ്ദമുയർത്തി. മത്സ്യത്തൊഴിലാളി സ്ത്രീകൾ ഒഴികെ മറ്റു പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകളെ യഥേഷ്ടം നമ്പൂതിരിമാർ കൈകാര്യം ചെയ്തിരുന്ന ചരിത്രവും കേരളത്തിനുണ്ട്. ശ്രീനാരായണ ഗുരു വിശ്വമാനവിക ദർശനങ്ങളാണ് അവതരിപ്പിച്ചതെങ്കിലും, ഈഴവരുടെ ഉന്നതിക്കായി ശ്രീനാരായണ പ്രസ്ഥാനങ്ങൾ നിലകൊണ്ടു. അയ്യൻകാളി പുലയർ സമുദായത്തിനുവേണ്ടി പടപൊരുതി.

പലരും ആരോപിക്കുന്നതുപോലെ മിഷനറിമാർ നിർബന്ധിത മതപരിവർത്തനത്തിനായി ആരെയും പ്രലോഭിപ്പിച്ചിരുന്നില്ല. പ്രേഷിത പ്രവർത്തനത്തിനിടയിൽ ജാതി വ്യവസ്ഥയിൽ ഞെരിഞ്ഞമർന്നവരിൽ പലരും ക്രിസ്തുമതം സ്വീകരിക്കുകയാണുണ്ടായത്. മധ്യകേരളത്തിലുള്ള നല്ലൊരു വിഭാഗം മതംമാറി അവരുടെ ഇടയിലും സാമൂഹികമായും നിലനിന്നിരുന്ന മോശമായ സാഹചര്യത്തിൽനിന്നും ഒരു പരിധിവരെ അവർ രക്ഷപ്രാപിച്ചു. വിവേചനത്തിനെതിരായ സ്വതന്ത്രമനോഭാവം, സാഹോദര്യം മുതലായ മാനുഷിക മൂല്യങ്ങൾ ക്രിസ്തുദർശനത്തിൽ അധിഷ്ഠിതമായി മിഷനറിമാർ സമൂഹത്തിന് പകർന്നു നൽകി. അതിൽ താല്പര്യപ്പെടുന്നവരെ ക്രിസ്തുമതത്തിൽ ചേർത്തുവെന്നതാണ് വസ്തുത. മതം മാറ്റാൻ മറ്റുള്ളവരെ നിർബന്ധമായി പ്രേരിപ്പിച്ചുവെന്ന ആരോപണത്താൽ ഇവർ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങളെ തമസ്ക്കരിച്ച് കേരളീയ നവോത്ഥാന ചരിത്രം അവതരിപ്പിച്ചു കാണുന്നു. കേരള നവോത്ഥാന പ്രസ്ഥാനങ്ങളെയും അവയുടെ നായകന്മാരെയും പങ്കെടുപ്പിക്കുന്ന പൊതുചടങ്ങുകളിൽ മിഷനറിമാർ പരാമർശിക്കപ്പെടാതെ പോകുന്ന പ്രവണത കണ്ടുവരുന്നു. ഇത് ചരിത്രത്തോടു കാണിക്കുന്ന അവഹേളനവും, മിഷനറിമാരോടു കാണിക്കുന്ന നന്ദികേടുമാണ്. ■



## സഭയോടൊപ്പം
# പൗരോഹിത്യത്തിന്റെ അമ്പതുവർഷങ്ങൾ

അര നൂറ്റാണ്ടിന്റെ സംഭവബഹുലമായ പൗരോഹിത്യ ജീവിതത്തെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോൾ അത് അതിരൂപതയുടെ തന്നെ ചരിത്രത്തിന്റെ അടയാളപ്പെടുത്തലാവുകയാണ്. ഓർത്തെടുക്കുകയാണ് 74-ാം വയസ്സിന്റെ ചെറുപ്പത്തിലും തിരുവനന്തപുരം അതിരൂപതയുടെ നിലവിലെ പിആർഒയും ചാൻസിലറുമായ മോൺ. സി.ജോസഫ്. അതിരൂപതാ ചരിത്രത്തിലെ വിൻസെന്റ് ഡെരേര പിതാവൊഴിച്ചുള്ള എല്ലാ പിതാക്കന്മാർക്കുമൊപ്പം നിരവധി ചുമതലകൾ നിർവഹിച്ച ഈ വന്ദ്യവൈദികൻ തന്റെ കാലഘട്ടത്തെയും ആശങ്കകളെയും വെല്ലുവിളികളെയും പങ്കുവയ്ക്കുകയാണ്. പുതിയ ജനറേഷനിലെ സഭാ ജീവിതത്തെയും സഭാ ചുതലമകളെയും കുറിച്ച്, ബാല്യകാലത്തെക്കുറിച്ച്, പ്രതീക്ഷകളെക്കുറിച്ച്, വെല്ലുവിളികളെക്കുറിച്ച്.

### മാതാപിതാക്കൾ

പരിശുദ്ധ അമ്മയെ വിളിച്ച് ദിവസമാരംഭിക്കുന്ന അമ്മയും ദിവ്യബലിക്കുശേഷവും വ്യക്തിപരമായി പ്രാർത്ഥിക്കുന്ന പപ്പായും എന്റെ വിശ്വാസ വഴിയിലെ വലിയ വിളക്കുമരങ്ങളായിരുന്നു. അധ്യാപകവൃത്തിയുടെ തിരക്കിനിടയിലും പ്രാർഥിക്കാനും വിശ്വാസത്തോടെ ജീവിക്കുവാനും അവർ കാണിച്ച മാതൃകയാണ് എന്നെ ഞാനാക്കിയതെന്ന് നിസ്സംശയം പറയാം. അവർ പഠിപ്പിച്ച മാതാവിനോടും യൗസേപ്പിതാവിനോടുമുള്ള പ്രത്യേക ഭക്തിയും ദിവ്യകാരുണ്യ ഭക്തിയും കൂട്ടായി ഇന്നും കൂടെയുണ്ട്. എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ വീട്ടിലേക്കാണ് ഞാൻ ഓടിയെത്തുക. അധികമൊന്നും സംസാരിച്ചില്ലെങ്കിലും അമ്മയുടെയും അച്ഛന്റെയും അടുത്തിരിക്കുന്നത് വലിയ ശക്തിയായിരുന്നു.

### മാതാപിതാക്കന്മാരുടെ നഷ്ടം

രണ്ടുപേരും ഇന്നില്ലാത്തതും (അവർ രണ്ടുപേരും 82, 87 വയസ് എത്തിയപ്പോൾ മരണമടഞ്ഞു), ഏക സഹോദരനും അദ്ദേഹത്തിന്റെ മകനും അടുത്തടുത്ത വർഷങ്ങളിൽ മരിച്ചതും വ്യക്തിപരമായി വലിയ നഷ്ടം തന്നെയാണ്. രക്തബന്ധുക്കളെന്ന നിലയിൽ ബാക്കിയായത് സഹോദരന്റ മകൾ മാത്രമാണ്. ഇന്നും മാതാപിതാക്കന്മാരുടെ നഷ്ടം നികത്താനാകാത്തതായി തന്നെ അനുഭവപ്പെടുന്നുണ്ട്. പക്ഷേ പ്രതീക്ഷയർപ്പിച്ചവൻ ഇപ്പോഴും കൂടെയുണ്ട്. ഈശോയിൽ ഞാൻ സനാഥനാണ് എന്നു പറയാൻ എനിക്ക് വലിയ സന്തോഷമാണ്.

## ബാല്യകാലവും ദൈവവിളിയും

വീട്ടിൽ വച്ച് പപ്പായുടെ വലിയ ഉടുപ്പുമിട്ട് ബലിയർപ്പകന്റെ രീതികൾ അനുകരിക്കുന്നതും അടുക്കളയിൽ നിന്നും അമ്മയും വന്ന് എന്റെ ഈ കുട്ടിക്കുർബ്ബാനയിൽ പങ്കുചേർന്നതും മറക്കാനാകുന്നില്ല. അൾത്താര ശുശ്രൂഷകനാവുക, വൈദികനാവുക ചെറുപ്പം മുതലേയുള്ള സ്വപ്നമായിരുന്നു. അതുകൊണ്ടുതന്നെ 8–ാം ക്ലാസിൽ സെമിനാരിയിൽ ചേർന്നു. സെമിനാരി കാലഘട്ടം: 'വിശുദ്ധരും ധിഷണാശാലികളും' ഈ രണ്ടുവാക്കുകളായിരിക്കും എന്റെ സെമിനാരി അദ്ധ്യാപകരെ വിശേഷിപ്പിക്കാൻ ഞാനുപയോഗിക്കുക. മോൺ. മാർക്ക് നെറ്റോ, ഫാ. ഫ്രാൻസിസ് റൊസാരിയോ, ദൈവദാസൻ അദയോദാത്തൂസച്ചൻ തുടങ്ങി പ്രഗത്ഭരുടെ പട്ടിക തന്നെയുണ്ട്. 6 വർഷത്തെ മൈനർ സെമിനാരിയും 7 വർഷത്തെ മേജർ സെമിനാരിയും ഞാൻ ശരിക്കും ആസ്വദിച്ചുതന്നെയാണ് പൂർത്തിയാക്കിയത്. ബഹു. സെബാസ്റ്റ്യൻ മങ്കുഴിക്കരി, ബഹു. സിറിൽ ഒഐസി, ബഹു. ഫെർഡിനന്റ് കായാവിൽ എന്നീ അറിയപ്പെടുന്ന പണ്ഡിതരും എന്റെ സെമിനാരി കാലഘട്ടത്തെ അവിസ്മരണീയമാക്കി.

## രൂപതയിലെ മറ്റു വൈദി-കരുമായുള്ള ബന്ധം

ഒരിക്കൽ അമ്മയെ കാണാൻ പോയപ്പോൾ, എന്തോ, രൂപതയിലെ ചിലകാര്യങ്ങൾ മനസ്സിലാക്കി അമ്മ പറഞ്ഞകാര്യം ഇപ്പോഴും മനസ്സിലുണ്ട്. "മോനേ, ആരെയും പുറകിലാക്കി ഓടാൻ നീ നോക്കേണ്ട എല്ലാവരും ഒന്നിച്ചോടട്ടെ, അവരെ മുന്നേ വിട്ട് മോൻ പുറകേ ഓടിയെത്തിയാൽ മതി". ചിലരെങ്കിലും മറ്റൊരുതരത്തിൽ കരുതുന്നുണ്ടെങ്കിലും വ്യക്തിപരമായ ആശയവ്യത്യാസങ്ങൾക്കപ്പുറം ആരുമായും അകൽച്ചയോ അസ്വാരസ്യമോ ഇല്ല. 80–കളിലെ ലിബറേഷൻ തിയോളജിയും 90–കളിലെ രൂപതാ വിഭജനവും വൈദിക കൂട്ടായ്മയെ കുറെയൊക്കെ ബാധിച്ചിരുന്നു. അപ്പോഴും വ്യക്തിപരമായി ആരെയെങ്കിലും കുറ്റപ്പെടുത്താനോ തളർത്താനോ ശ്രമിച്ചിട്ടില്ല എന്നെനിക്ക് നിശ്ചയമായും പറയാൻ സാധിക്കും. 'എ പ്രീസ്റ്റ് ഈസ് ഓൾവെയ്സ് എ പ്രീസ്റ്റ്'. ഇന്നലെ വൈദികനായ ആളെ പോലും ബഹുമാനത്തോടെ തന്നെയാണ് ഞാൻ കാണാൻ ശ്രമിച്ചിട്ടുള്ളത്.

## പെരേരാ തിരുമേനിയെക്കുറിച്ച്

1973 ഡിസംബർ 22–ാം തീയതി പുല്ലുവിള ഫെറോനാ ദേവാലയത്തിൽവച്ച് പൗരോഹിത്യ പട്ടം തന്നതിന്റെ പിറ്റേദിവസം പേയാട് ഇടവകയിൽ പോയി കുർബാനയർപ്പിക്കാനാണ് പിതാവ് എന്നോട് ആവശ്യപ്പെട്ടത്. വഴിയറിയാതെ, വണ്ടിയില്ലാതെ ഞാനാ മിഷൻ പള്ളിയിലെത്തിയപ്പോൾ പെരേരാ പിതാവിന്റെ മിഷൻ തീഷ്ണത അപ്പോഴെ എന്നിലേക്ക് പ്രസരിപ്പിച്ചിട്ടുണ്ടായിരുന്നു.

ഓർക്കണം, പത്ത് പതിനാല് വർഷം ചുള്ളിമാനൂർ എന്ന ഇടവകയും അതിനുകീഴിലെ 5 സ്റ്റേഷനുകളുടെ ചുമതലയും വഹിച്ച് ഞായറാഴ്ച മാസ് സെന്ററുകളിൽ ദിവ്യബലിക്കായി നടന്നും സൈക്കിളിലുമായി എത്തിയിരുന്ന പീറ്റർ ബർണാർഡ് പെരേര അച്ചനാണ് പിതാവായി മാറിയിരിക്കുന്നത്. അതു കൊണ്ടുതന്നെ ജീപ്പോടിച്ചും നടന്നും തുടർച്ചയായി മിഷൻ കൂട്ടായ്മകൾ രൂപീകരിച്ചും, മിഷൻ പള്ളികൾ സ്ഥാപിച്ചും അവയെ സന്ദർശിച്ചും അജപാലന ശുശ്രൂഷ നിർവഹിച്ചിരുന്ന പിതാവ് സെമിനാരി കാലം മുതലേ ഞങ്ങളുടെ അഭിമാനമായി മാറി. അച്ചനായതിനുശേഷം, ആഴ്ചയിലൊരിക്കൽ പള്ളിത്തുറയിലോ, മര്യനാട്ടിലോ പോകുമ്പോഴും, രാഷ്ട്രീയ നേതാക്കന്മാർ സന്ദർശിക്കുമ്പോഴും പെരേര തിരുമേനി എന്നെയും കൂട്ടിയിരുന്നത് വലിയസ്വാധീനമായിരുന്നു.

പെരേര തിരുമേനി പ്രസരിപ്പിച്ച വല്ലാത്തൊരു ആത്മവിശ്വാസവും, നേതൃപാടവവും, തലയുയർത്തി, ആരെയും പേരുവിളിച്ച് പറഞ്ഞ് പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന രീതിയും എങ്ങനെ മറക്കാനാകും. വിമോചന സമരത്തിലും മറ്റും പങ്കെടുത്തപ്പോഴും പരസ്യമായ ഏറ്റുമുട്ടലിനോ, ഉരുളക്കുപ്പേരി പോലുള്ളവാക്പോരിനോ ശത്രുതാ മനോഭാവത്തിലേക്കോ പോകാതെ രാഷ്ട്രീയ നേതൃത്വവുമായി ആരോഗ്യകരമായ ബന്ധം നിലനിർത്താനും ആവശ്യങ്ങൾ നേടിയെടുക്കുവാനും അദ്ദേഹം കാണിച്ച ശ്രദ്ധയും നയതന്ത്രജ്ഞതയും എടുത്തുപറയേണ്ടത് തന്നെയായാണ്. ശ്രീ. കെ. കരുണാകരൻ, ശ്രീ. ബേബിജോൺ ശ്രീ. കെ. എം.മാണി പോലുള്ള നേതാക്കളുമായി വ്യക്തി ബന്ധം ആരംഭിക്കുന്നതിനുള്ള കാരണവും പിതാവുതന്നെയായിരുന്നു.

## നാല് പിതാക്കന്മാരുമായുള്ള ബന്ധം

ഒരിക്കൽ സൂസപാക്യം പിതാവ് ചിരിച്ചുകൊണ്ട് പറഞ്ഞു, "അച്ചന് പലകാര്യങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും പൊതുസ്ഥലങ്ങളിൽ ഞാൻ വന്നിറങ്ങുമ്പോൾ ആദ്യം ഡോറ് തുറന്നു തരുന്നതും കൈമുത്തുന്നതും അച്ചൻ തന്നെയാണ്". സത്യത്തിൽ എനിക്ക് മുന്നിൽ ജീവിക്കുന്ന ക്രിസ്തുവും, സഭയും എന്റെ രൂപതാ അധ്യക്ഷന്മാരാണ്. കാനോൻ ലോ യുടെ ഭാഷയിൽ പറഞ്ഞാൽ 'എന്റെ ലോക്കൽ ഓർഡിനറി'. പിതാക്കന്മാരെ ബാധിക്കുന്ന എന്തും ആത്യന്തികമായി സഭയെയും ക്രിസ്തുവിനെയും തന്നെയാണ് ബാധിക്കുകയെന്നുള്ള തിരിച്ചറിവുണ്ട്. നാല് പിതാക്കന്മാരുടെയും ശൈലിയും രീതികളും വ്യത്യസ്തമാണെങ്കിലും അഭിപ്രായങ്ങളും നിലപാടുകളും, എതിർസ്വരങ്ങളും സെനറ്റിലും, കൺസൾട്ടേഴ്സ് മീറ്റിങ്ങിലും ഫിനാൻസ് കമ്മിറ്റിയിലും സെനറ്റ് അജണ്ട കമ്മിറ്റിയിലുമൊക്കെ ഉന്നയിക്കാനുള്ള സ്വാതന്ത്ര്യം എന്നും എനിക്കുണ്ടായിരുന്നു. എതിരഭിപ്രായങ്ങൾ ബഹുമാനത്തോടെയും, പരസ്യമാക്കാതെയും ഏതു പിതാക്കന്മാരോടും തുറന്നു പറയാനും സാധിക്കുന്നു.



## ഡൽഹി കാലഘട്ടം-അനുഭവങ്ങൾ

ഡൽഹിയിൽ സിബിസിഐ



ഡെപ്യൂട്ടി സെക്രട്ടറി ജനറലായായി പ്രവർത്തിച്ച ആറു വർഷക്കാലത്തെ "ഓവർ ദി മൂൺ"(വലിയ സംതൃപ്തി) എന്നാണ് ഞാൻ വിശേഷിപ്പിക്കുക. സിബിസിസിഐ പ്രസിഡന്റുമാരായിരുന്ന അത്യുന്നത കാർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസും, അത്യുന്നത കർദ്ദിനാൾ ക്ലിമ്മീസ് ബാവയും, നൂൺഷ്യോമാരായിരുന്ന ജ്ഞാൻ ബത്തിസ്ത ഡികാത്രോ, സാൽവത്തോറെ പെനോക്യോ എന്നിവരും ഭാരതത്തിലെ 172 രൂപതകളിലെയും പിതാക്കന്മാരും, 25 ക്രൈസ്തവ എം.പിമാരുമായും, 30 ഓളം ക്രൈസ്തവരാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുമായുള്ള ബന്ധവും, അവരുമൊത്തുള്ള പ്രവർത്തനങ്ങളും കൂടിവരവുകളും തികച്ചും എന്നെ സ്വാധീനിച്ചു. ബി.ജെ.പി. യിലെ ശ്രീ. രാജ്നാഥ്സിംഗ്, ശ്രീമതി സുഷമസ്വരാജ്, ശ്രീ. അരുൺ ജെയ്റ്റ്ലി തുടങ്ങിയ ദേശീയ നേതാക്കന്മാരുമായുമുള്ള വ്യക്തിപരമായ അടുപ്പം വലിയ അവസരമായിരുന്നു. ഇതിലൊക്കെ അഭിമാനിക്കുന്നെങ്കിലും, ഈ വലിയ ജീവിതാനുഭവങ്ങളും അവസരങ്ങളും ഓരോ ജപമാലകളിലും മാതാവിന്റെ പക്കൽ തന്നെ സമർപ്പിക്കാറുണ്ട്.

## പാളയം പള്ളി നിറം മാറ്റം

കേരളത്തിന്റെ തലസ്ഥാനനഗരിയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലത്തിരിക്കുന്ന പള്ളിയെന്ന നിലയിൽ പാളയം പള്ളിയുടെ പുനർനിർമാണം നടക്കേണ്ടതിന്റെ ആവശ്യം ആദ്യമേ തന്നെ മനസ്സിലാക്കിയിരുന്നു. പള്ളിയുടെ നിറം മാറണം എന്ന ആഗ്രഹമോ ചുവപ്പിനോട് പ്രത്യേകമായ ഒരു താല്പര്യക്കുറവോ (ചിരിക്കുന്നു) ഒരിക്കലുമില്ലായിരുന്നു. പക്ഷേ ആർക്കിടെക്ട് ശ്രീ. ഗുണ്ടറാവു നടത്തിയ ഖനനപഠനങ്ങൾ ഉള്ളിലെ ചുമരുകളിലെ ആദ്യ നിറം വെള്ളയായിരുന്നു എന്ന സൂചന നൽകിയിരുന്നു. അതോടൊപ്പം വേളാങ്കണ്ണി പള്ളിയുടെ മനസ്സിൽ മായാതെ നിൽക്കുന്ന രൂപവുമെല്ലാം നിറം മാറ്റൽ തീരുമാനത്തിലേക്ക് നയിച്ചു. പക്ഷേ ഇതവതരിപ്പിച്ചപ്പോൾ മുതൽ എന്നോടൊപ്പം ശക്തമായ പിന്തുണയോടെ ഉറച്ചുനിന്നത് സൂസപാക്യം പിതാവ് തന്നെയായിരുന്നു.

പലരും ആവശ്യപ്പെട്ടിട്ടും, ഡോ. ബാബുപോളിനെപോലുള്ള പൗര പ്രമുഖർ കത്തെഴുതിയപ്പോഴും പിതാവ് പിന്തുണയോടെ ഉറച്ചുനിന്നുവെന്നത് ആ ജോലി എളുപ്പമാക്കി. പള്ളിയിലെ ഞായറാഴ്ച ദിവ്യബലിയിൽ തന്നെ ആ ആഴ്ചത്തെ വരവും ചെലവും അവതരിപ്പിച്ചതോടെ, വിശ്വാസികളുടെ നിർലോഭമായ പിന്തുണയും ലഭിച്ചു. ഒരുകോടിയിലധികം രൂപയുടെ വലിയൊരു നിർമാണം തന്നെ നടത്തി.

## മിഷൻ ആഭിമുഖ്യം ഇന്ന്

എഴുന്നൂറോളം സമർപ്പിതരും വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നുള്ള നൂറോളം വൈദികരും 180 ഓളം രൂപതാ വൈദികരും സേവനസന്നദ്ധരായി നിലകൊള്ളുന്ന തിരുവനന്തപുരം പ്രദേശത്ത് വൈദികരും സമർപ്പിതരും തങ്ങളുടെ പ്രാഥമികവും പ്രധാനവുമായ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം എത്ര പ്രാധാന്യത്തോടെ ചെയ്യുന്നു എന്നകാര്യം ചോദ്യചിഹ്നമാണ്. പ്രത്യേകിച്ച് പീറ്റർ ബെർണാർഡ് പെരേര പിതാവ് സ്ഥാപിച്ച പള്ളികളും കൂട്ടായ്മകളും, മിഷൻ കേന്ദ്രങ്ങളും എണ്ണത്തിലും വിശ്വാസത്തിലും ഇക്കഴിഞ്ഞ 50 വർഷക്കാലം എത്ര മാത്രം മുന്നോട്ടുപോയി, ഇനിയുമെത്രയധികം പോകാനുണ്ട് എന്ന് പരിശോധിക്കേണ്ടതാണ്. ഇന്ന് 21 മിഷൻ ഇടവകകളും 31 മിഷൻ സ്റ്റേഷനുകളും ഉൾക്കൊള്ളുന്ന നമ്മുടെ രൂപത മിഷൻ രൂപതയാണെങ്കിലും പ്രത്യേക പരിഗണന ലഭിക്കേണ്ട മിഷൻ കേന്ദ്രങ്ങളെ നാം കുറയൊക്കെ തഴഞ്ഞു എന്നെനിക്ക് തോന്നുന്നുണ്ട്.

## കൂടെയുള്ള പൂച്ചയും, നായകളും

ഈ പ്രപഞ്ചം ദൈവം മനുഷ്യനു വേണ്ടി മാത്രം സൃഷ്ടിച്ചതല്ല. മനുഷ്യനെ അവസാനമാണ് ദൈവം സൃഷ്ടിച്ചത്. മനുഷ്യനും മൃഗങ്ങൾക്കും അവകാശമുള്ള ഭൂമിയാണ് നമ്മുടേതെന്നാണ് എന്റെയും അഭിപ്രായം. പാളയത്ത് അടുത്ത വീട്ടിൽ നിന്നും എങ്ങനെയോ അടുത്തെത്തിയ പൂച്ച മുതൽ ഇക്കഴിഞ്ഞ ദിവസം ബിഷപ് ഹൗസിലെ ഒരു സ്റ്റാഫ് കണ്ടെത്തിയ തെരുവുപൂച്ചവരെ എന്റെ പക്കലെത്തുന്ന മൃഗങ്ങളെ സ്നേഹിക്കാനും ഭക്ഷണം കൊടുക്കാനും എങ്ങനേയോ ഒരു താല്പര്യമുണ്ട്. സിബിസിഐ കാലഘട്ടത്തിലാണ് നായകളോട് പ്രത്യേക പരിഗണന കാണിച്ചുതുടങ്ങിയത്. ഡൽഹി തെരുവിൽ നിന്നും കിട്ടിയ 'ലാലി' എന്ന പട്ടിക്കുട്ടിയുടെ ഫോട്ടോയും കൈയ്യിലുണ്ട്. ചിലവുകൾ നിർവഹിക്കുന്നതും ഞാനാണ്. കഴിഞ്ഞ കോവിഡ് കാലത്തും ചുറ്റിലുമുള്ള മൃഗങ്ങൾക്കായി ഭക്ഷണം നൽകിയതും ഇതേ സ്നേഹത്തോടെ തന്നെയാണ്. മൃഗങ്ങളോട് മാത്രമല്ല, തന്റെ പക്കൽ സഹായം ആവശ്യപ്പെട്ട് എത്തുന്ന ഒരാൾപോലും നിരാശരായി മടങ്ങിപ്പോകരുതെന്ന നിർബന്ധമുണ്ട്.

## രാഷ്ട്രീയം

1959-ലെ പോലീസ് വെടിവയ്പിന്റെ ഓർമ്മകൾ പേറുന്ന പുല്ലുവിള ദൈവാലയം എന്റെ രാഷ്ട്രീയ ബോധത്തെ സ്വാധീനിച്ചിട്ടുണ്ട്. അന്നുമുതൽ ഇന്നുവരെ എനിക്ക് വ്യക്തമായ രാഷ്ട്രീയമുണ്ട്, ബോധ്യങ്ങളിലടിയുറച്ച രാഷ്ട്രീയമാണിത്. പക്ഷേ ഞാൻ ഒരു രാഷ്ട്രീയക്കാരനല്ല. മരണം വരെ ആത്യന്തികമായി ഞാനൊരു കത്തോലിക്കാ പുരോഹിതനാണെന്ന ഉത്തമബോധ്യമുണ്ട്. അതുകൊണ്ടുതന്നെ ഏത് സമ്മേളനങ്ങളിലും എവിടെയും ഞാൻ എന്റെ പൗരോഹിത്യവസ്ത്രം ധരിച്ചുതന്നെയാണ് ചെല്ലുക. കോൺഗ്രസ് പാർട്ടി ഹൈക്കമാൻഡുമായും കേരളത്തിലെ നേതാക്കന്മാരുമായും വ്യക്തിപരമായ ബന്ധങ്ങളുണ്ടെങ്കിലും രാഷ്ട്രീയത്തിനതീതമായി ഇടതു-വലതു-ബിജെപി നേതാക്കന്മാരുമായും നല്ല ബന്ധം കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് എന്റെ വ്യക്തിപരമായ നേട്ടങ്ങൾക്കല്ല, മറിച്ച് സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താനാണ്. ■

(*തയ്യാറാക്കിയത്:* ഫാ. ദീപക് ആന്റോ)

# ഫാ. ജറാർഡ് സിൽവ

## കണ്ടതും കേട്ടതും അറിഞ്ഞതും



### ആമുഖം

ബഹുമാനപ്പെട്ട ജറാർഡച്ചൻ 78 വർഷം ഈ ഭൂമിയിൽ ജീവിച്ചു. 53 വർഷം ദിവ്യരഹസ്യങ്ങൾ വിശ്വസ്തതയോടെ പരികർമ്മം ചെയ്തു. മനുഷ്യർക്ക് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ മുമ്പിൽ മനുഷ്യരുടെ ബലഹീനതയുമായിരുന്നു അദ്ദേഹം. വിശ്വാസം സംരക്ഷിച്ച്, നീതിയുടെ കിരീടത്തിനായുള്ള നിത്യയാത്ര ആരംഭിച്ച ആ ധന്യജീവിതം നമുക്ക് നൽകുന്ന ഉൾവിളികളിലേക്ക് ഒരു തിരനോട്ടം.

### 1. പുരോഹിത ശ്രേഷ്ഠൻ

യേശുവിന് ഊണിലും ഉറക്കത്തിലും ദൈവരാജ്യം വരണം എന്ന ചിന്തയായിരുന്നു. ദൈവരാജ്യത്തിന് നിരക്കുന്നതിനോട് 'അതെ' എന്നും നിരക്കാത്തതിനോട് 'അല്ല' എന്നും യേശു പറഞ്ഞു. സന്ധിസംഭാഷണങ്ങളോ നമുക്ക് സഹകരിക്കാം എന്ന ശൈലിയോ യേശുവിന് ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ യേശുവിന്റെ ദൈവരാജ്യശുശ്രൂഷ സംഘർഷപൂരിതമായിരുന്നു.

ഫാ. ജറാർഡ് സിൽവയുടെ നിലപാടും ഏതാണ്ടിതുപോലെയായിരുന്നു. അദ്ദേഹം യേശുവും സഭയും പഠിപ്പിക്കുന്ന ദൈവരാജ്യദർശനം നെഞ്ചിലേറ്റിയിരുന്നു. അദ്ദേഹം ആദർശത്തിന്റെ ആൾരൂപമായിരുന്നു. വിട്ടുവീഴ്ചകൾക്ക് നിന്നുകൊടുത്തില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ഇടവകജീവിതം പലപ്പോഴും സംഘർഷപൂരിതമായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. ഇടവകയിലെ പ്രബലരെന്നോ ശക്തരെന്നോ കരുതുന്നവർക്ക് ഫാ. ജറാർഡ് ഒരു കീറാമുട്ടിയായിരുന്നു എന്നതിൽ പക്ഷാന്തരമില്ല. പറയാനും പ്രവർത്തിക്കാനുമുള്ള പ്രവാചക ധീരതയിൽ നിന്ന് അല്പംപോലും പിന്നോട്ടു പോകാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. പൗരോഹിത്യ ജീവിതത്തിലെ പ്രവാചക ധീരതയ്ക്ക് മങ്ങലേൽക്കുന്നോ എന്ന് സംശയിക്കുന്ന ഇക്കാലയളവിൽ ഫാ. ജറാർഡ് സിൽവ നമ്മെ പ്രചോദിപ്പിക്കുന്നു. പ്രവാചകദൗത്യം പേറുന്നവർക്ക് സ്വീകാര്യതയും സ്വകാര്യതയും കുറയുന്ന കാലവും ലോകവുമാണിത്. അങ്ങനെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോയപ്പോഴും ധീരത ചോരാതെ മുന്നേറിയ വ്യക്തിയാണ് ഫാ. ജറാർഡ് സിൽവ.

### 2. ഇതാ ഞാൻ, എന്നെ അയച്ചാലും

യേശു ശിഷ്യരുടെ സമൂഹമാണ് സഭ. സഭ, ചരിത്രത്തിൽ, ക്രിസ്തുവിന്റെ പിൻതുടർച്ചയാണ്. സഭയോടുള്ള സ്നേഹം യേശുവിനോടുള്ള സ്നേഹമാണ്. സഭയെ നയിക്കുന്നവരോടും സഭാശുശ്രൂഷകരോടും സഭയോടും സ്നേഹവും ആദരവും ബഹുമാനവും പുലർത്തുന്നതിൽ ഏറെ ശ്രദ്ധാലുവാണ് ജറാർഡച്ചൻ. ബഹുമാനപ്പെട്ട വൈദീകൻ ശുശ്രൂഷ ചെയ്ത ഇടവകകളിലൂടെ കണ്ണോടിക്കുമ്പോൾ, അന്നത്തെക്കാലത്ത്, ഏറിയപങ്ക് ഇടവകകളും നയിക്കാൻ അത്ര എളുപ്പമായിരുന്നില്ല, സുഖകരവുമായിരുന്നില്ല. എങ്കിലും അധികാരികളോടുള്ള സ്നേഹവും അനുസരണവും പ്രകടമാക്കിക്കൊണ്ട് പ്രതികൂല സാഹചര്യങ്ങളിൽപ്പോലും അവിടങ്ങളിലേയ്ക്ക് പോകാനും ദൈവത്തിലാശ്രയിച്ച് പൗരോഹിത്യ ശുശ്രൂഷ ചെയ്യാനും അച്ചൻ കാണിച്ച ധൈര്യം ഏറെ ശ്ലാഘനീയമാണ്. അയയ്ക്കുന്നിടത്തേയ്ക്ക് പോവുക, അതാണ് ജറാർഡച്ചന്റെ രീതിയും ശൈലിയും. വൈദീകരെ സ്ഥലം മാറ്റി നിയമിക്കുന്നത് അത്ര എളുപ്പവും സുഖകരവുമല്ലാത്ത ഇക്കാലയളവിൽ ജറാർഡച്ചന്റെ സമീപനം ഇപ്പോഴത്തെ തലമുറയ്ക്ക് മാതൃകയാണ്. കാരണം അനുസരണമാണ് ബലി.

### 3. വളരെ വളരെ പ്രധാനപ്പെട്ട ആളുകളോടുള്ള ബന്ധം

യേശുവിന് വി ഐ പി കൾ കുറെ ഉണ്ടായിരുന്നു കൂട്ടിന്. അവർ നിക്കെദേമൂസും അരിമത്തിയാക്കാരൻ ജോസഫും യേശുവിന്റെ കുരിശാരോഹണം ദൂരെ നിന്നു നോക്കിയ ഭക്തസ്ത്രീകളുമായിരുന്നു. എന്നാൽ ദൈവത്തിന് വി വി ഐ പി കളും ഉണ്ടായിരുന്നു. അവരാണ് സമൂഹത്തിന്റെ പ്രാന്തപ്രദേശത്തിൽ കഴിയുന്ന ഒതുക്കപ്പെട്ടവർ. അവരെ പഴയനിയമത്തിൽ വിളിക്കുന്ന പേരാണ് അനാഥർ, വിധവകൾ, പരദേശികൾ (പുറപ്പാട്). പുതിയനിയമത്തിൽ വിളിക്കുന്ന പേരാണ് അവസാനത്തെ വ്യക്തി, അവഗണിക്കപ്പെട്ട വ്യ



മോൺ. ഡോ. നിക്കൊളാസ്

ക്തി, നഷ്ടപ്പെട്ട വ്യക്തി (ലൂക്കാ:15). ദൈവത്തിന്റെ പ്രിയപ്പെട്ടവർ എപ്പോഴും ജറാർഡ് സിൽവ അച്ചന്റെ പ്രത്യേക പരിഗണനയിലായിരുന്നു. ബഹുമാനപ്പെട്ട ജറാർഡ് അച്ചൻ ശുശ്രൂഷ നടത്തിയ ഓരോ ഇടവകയിലും യേശുവിന്റെ വി വി ഐ പികൾ അദ്ദേഹത്തിന്റെ പ്രത്യേക കരുതലിലും കരുണയിലും ഉണ്ടായിരുന്നു. അവരുടെയൊക്കെ ക്ഷേമവും ഐശ്വര്യവും അച്ചന് ഏറെ താല്പര്യമാണ്. ദരിദ്രരോട് സദ്വാർത്തയറിയിക്കാൻ (ലൂക്കാ 4: 18) വന്ന യേശുവിനെ അനുകരിച്ചുകൊണ്ടുതന്നെ ഏറെ ശ്രദ്ധയും സ്നേഹവും അവർക്ക് നൽകുന്ന കാര്യത്തിൽ അദ്ദേഹം ഒട്ടും പിന്നിലല്ലായിരുന്നു. അവരൊക്കെയും അദ്ദേഹവുമായി വളരെ നല്ല ബന്ധം പുലർത്തിയിരുന്നു, ഇന്നും അവർ അദ്ദേഹത്തിന്റെ നന്മകളെ പുകഴ്ത്തുന്നു എന്നത് ഏറെ ശ്ലാഘനീയമാണ്. ജറാർഡ് അച്ചൻ രോഗാവസ്ഥയിലായിരിക്കുമ്പോഴും അദ്ദേഹത്തിനറിയാവുന്ന പാവങ്ങൾക്ക് അദ്ദേഹത്താലാകുന്നവിധം സാമ്പത്തിക സഹായം നൽകിയിരുന്നു. ഇന്നിന്റെ അലങ്കാരങ്ങളിലോ ആർഭാടങ്ങളിലോ ഒട്ടും താല്പര്യം കാണിക്കാത്ത അദ്ദേഹത്തിന്റെ വസ്ത്രധാരണവും ജീവിതശൈലിയും ഏറെ ലളിതവും ഹൃദ്യവും സുന്ദരവുമാണ്.

## ക്രിസ്തുസ്നേഹം പ്രവൃത്തിയിൽ

പാവപ്പെട്ടവർക്കുവേണ്ടി, ബഹുമാനപ്പെട്ട വൈദീകൻ വളരെ ശ്രദ്ധയോടുകൂടി റ്റി എസ് എസ് എസിന്റെ സഹായത്തോടെ കാര്യങ്ങൾ ക്രമീകരിച്ചിരുന്നു. മത്സ്യവിപണനത്തിന് മീൻ കൊണ്ടുപോകാനുള്ള വണ്ടിയും അതിനോടു ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ക്രഡിറ്റ് യൂണിയനും അദ്ദേഹം ഇടവകകളിൽ നേതൃത്വം നൽകി.

വിദ്യാഭ്യാസ മേഖലയിൽ അദ്ദേഹം ഏറെ സ്വാധീനം ചെലുത്തി. ശുശ്രൂഷ ചെയ്ത ഇടവക സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനും അവിടെ സായാഹ്നപഠനവും മേൽനോട്ടപഠനവുമൊക്കെ വളരെ ഭംഗിയായും ഗുണകരമായും ക്രമീകരിച്ചിരുന്നു.

## 5. ആത്മീയ ജീവിതത്തിന് അവധി കൊടുക്കാത്തവൻ

ക്രിസ്തുശിഷ്യൻ യേശുവിന്റെ പിന്നാലെ പോയി യേശുവിനെ അനുകരിക്കേണ്ടവനാണ്. സ്വന്തവും ബന്ധവും സ്വജീവിതംപോലും സമർപ്പിക്കേണ്ടവനാണവൻ. പ്രാർത്ഥനയിലൂടെ, ബലിയർപ്പണത്തിലൂടെ, സ്നേഹസഹനപ്രവർത്തനങ്ങളിലൂടെ യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതിൽ നിന്ന് ജറാർഡച്ചൻ ഒരിക്കലും പിന്നിലോട്ടു പോയിട്ടില്ല. അച്ചന്റെ ഒരു കാൽ മുറിച്ചിട്ടുപോലും രോഗങ്ങൾ ഒന്നിനു പുറകെ ഒന്നായി അദ്ദേഹത്തെ ബാധിച്ചപ്പോൾപോലും ആത്മീയ ജീവിതത്തിന് അവധി പറയാത്ത പുരോഹിതനാണ് ജറാർഡ് സിൽവ. യാമപ്രാർത്ഥനയിലും അനുദിന ധ്യാനത്തിലും ദിവ്യബലിയർപ്പണത്തിലും അദ്ദേഹം ഏറെ ശ്രദ്ധാലുവായിരുന്നു. കൗദാശിക ജീവിതത്തിലൂടെ യേശുവിന്റെ ശിഷ്യത്വം സഹനവഴിയിലും ബാക്കിനിറുത്തിയില്ല.



കർത്താവ് എനിക്കു ചെയ്ത സകല നന്മകൾക്കും ഞാൻ എന്തു പ്രത്യുപകാരം ചെയ്യും. രക്ഷയുടെ പാനപാത്രമെടുത്ത് ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കും. കർത്താവിന്റെ സഹനത്തിന്റെ കാസയണിഞ്ഞ അദ്ദേഹം തന്റെ മനസ്സിനിണങ്ങിയ കാസയുമായി കർതൃസന്നിധിയിലേക്ക് യാത്രയായി. മരിക്കുന്നതിന് മുമ്പ് അദ്ദേഹം ഒരു കാസ വാങ്ങി സഹോദരി – മെറ്റിൽഡയെ – ഏൽപ്പിച്ചിട്ടു പറഞ്ഞു: ഞാൻ സ്വർഗ്ഗീയ ഭവനത്തിൽ പോകുമ്പോൾ എന്റെ കൈകളിൽ ഈ കാസയാണ് വച്ചു തരേണ്ടത്. വി. പൗലോസിനെപ്പോലെ അദ്ദേഹവും പറഞ്ഞതിതാണ്: മരണം എനിക്കു നേട്ടവും ക്രിസ്തു ലാഭവുമാണ്. പിതാവിന്റെ ഭവനത്തിൽ പോകാൻ ഒരുങ്ങിയുള്ള ജീവിതയാത്രയാണദ്ദേഹം ക്രമീകരിച്ചത്. ശരീരത്തിലായിരിക്കുന്നിടത്തോളം ഞാൻ കർത്താവിൽ നിന്ന് അകന്നാണിരിക്കുന്നതെന്ന വി. പൗലോസിന്റെ വചനം അന്വർത്ഥമാക്കുകയായിരുന്നു അദ്ദേഹം.

അനുരഞ്ജന കൂദാശയുടെ പരികർമ്മവും കൗൺസലിംഗ് നൽകലും വിശ്രമജീവിതത്തിനിടെ അദ്ദേഹം ഒട്ടും കുറച്ചില്ല. ശ്രദ്ധിക്കപ്പെടേണ്ട വ്യക്തികളെയും കുടുംബങ്ങളെയും ഇടയസ്നേഹത്തോടെ അദ്ദേഹം എപ്പോഴും കരുതിയിരുന്നു.

## 6. വൈദീക കൂട്ടായ്മയ്ക്ക് മാതൃക

വൈദീകരുടെ കൂട്ടായ്മയായ പ്രസ്ബിത്തേരിയത്തിനും വാർഷികധ്യാനത്തിനും അച്ചൻ വല്ലാത്തൊരു ഉൾപ്രേരണയായിരുന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരി – മരിയ ദാസി – മരിച്ച ദിവസം ജറാർഡ് അച്ചൻ വൈകുന്നേരം വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ വന്നു. എന്നിട്ട് രാവിലെ അടക്കസമയത്ത് പോവുകയും വൈകുന്നേരം വീണ്ടും ധ്യാനത്തിൽ പ്രവേശിക്കുകയും ചെയ്തു. പ്രായം, രോഗി എന്ന കാരണങ്ങളാൽ അദ്ദേഹത്തിന് വരാതിരിക്കാമായിരുന്നു. വൈദീകർക്കോ സമർപ്പിതർക്കോ എന്തെങ്കിലും പ്രയാസങ്ങളുണ്ടായെന്നറിഞ്ഞാൽ അദ്ദേഹം അവിടെ ഓടിയെത്തി, അദ്ദേഹത്തെക്കൊണ്ടുകഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുമായിരുന്നു.

## 7. യേശുക്രിസ്തു ഏകരക്ഷകൻ

പിതാവായ ദൈവമാണ് യേശുക്രിസ്തുവിനെ അയച്ചത്. യേശുക്രിസ്തു വഴിയാണ് സമൃദ്ധമായ ജീവൻ നൽകുന്നതും ലോകത്തെ രക്ഷിക്കുന്നതും. ഹൃദയം കൊണ്ട് വിശ്വസിക്കുകയും അധരങ്ങൾ കൊണ്ട് പ്രഘോഷിക്കുകയും ജീവിതസാക്ഷ്യം നൽകുകയും ചെയ്യുന്നതാണ് വിശ്വാസം. വിശ്വാസത്തിൽ വെള്ളം ചേർക്കാനും മായം ചേർക്കാനും കൂട്ടുനിൽക്കാത്ത അദ്ദേഹം വല്ലാത്തൊരു വിശ്വാസവെളിച്ചമാണ് നമുക്കു നൽകുക.

## ഉപസംഹാരം

കാരണവൻമാർ പറയും: മക്കളോടും കൂടെയുള്ളവരോടും സ്നേഹം വേണം. എന്നാൽ സ്നേഹം അധികം പ്രകടിപ്പിക്കാൻ പോകരുത്. അവർ ചീത്തയായി പോകും. ഈ തത്വമായിരിക്കാം ജറാർഡച്ചൻ പിന്തുടർന്നത്. അതുകൊണ്ടു തന്നെ ഒറ്റനോട്ടത്തിൽ ജറാർഡച്ചൻ അല്പം പരുക്കനാണെന്നു പറയാം. പക്ഷേ അദ്ദേഹവുമായി അടുത്തിടപഴകുമ്പോൾ അദ്ദേഹത്തിന്റെ കരുതലും സ്നേഹവും ഏറെ അറിയാൻ കഴിയും. ■

ലേഖനം



# പാളയം: ആത്മീയതയുടെ സംഗമഭൂമി

**തി**രുവനന്തപുരം നഗരവാസികളുടെ ഓരോ പ്രഭാതത്തെയും വിളിച്ചുണർത്തുന്ന മണിനാദവും വാങ്കുവിളിയും പ്രഭാത കീർത്തനവും ഉയരുന്നത് നഗരഹൃദയമെന്ന് വിശേഷിപ്പിക്കുന്ന പാളയത്ത് നിന്നാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. നഗരത്തിന്റെ ഗരിമ നിലകൊള്ളുന്നത് പാളയത്താണ്. വാനമേഘങ്ങളെ തൊട്ടുരുമി നിലകൊള്ളുന്ന സെന്റ് ജോസഫ്സ് മെട്രോപ്പൊളിറ്റൻ കത്തീഡ്രൽ ഗോപുരമുകളിൽ നഗരത്തെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തുകൊണ്ട് യേശുവിന്റെ നീട്ടിയ കരങ്ങൾ! തൊട്ടടുത്തായി പ്രശാന്തമായ മിനാരങ്ങൾ തലയുയർത്തി നിൽക്കുന്ന മോസ്കും അതിനോട് ചേർന്ന് ഒരു മതിൽ പൊതുവായി പങ്കിടുന്ന ശക്തി വിനായകക്ഷേത്രവും, പിറകിലായി സ്ഥിതി ചെയ്യുന്ന സമാധാന രാജ്ഞി ബസലിക്കായും ഒന്നുചേരുമ്പോൾ പാളയം ആത്മീയതയുടെ സംഗമഭൂമിയായി മാറുന്നു. പാളയത്തെ ആദ്ധ്യാത്മിക ഭൂമിയുടെ ചുറ്റളവ് അല്പം കൂടി വിസ്തൃതമാക്കിയാൽ ദക്ഷിണകേരള മഹായിടവകയുടെ എൽഎംഎസ് ചർച്ചും ഉത്തരകേരള മഹായിടവകയുടെ സിഎംഎസ് ചർച്ചും, സ്പെൻസർ ജംഗ്ഷനിലെ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ചും ഒരു വിളിപ്പാടകലെമാത്രം! വീണ്ടും, നിയമസഭാമന്ദിരത്തോട് ചേർന്ന് വിഘ്നേശ്വര ക്ഷേത്രവും പാളയം മാർക്കറ്റിലെ മുത്താരമ്മൻ ക്ഷേത്രവും, വാണിയാർ തെരുവിലെ ഉജ്ജൈനി ദേവീക്ഷേത്രവുമൊക്കെ ചേർന്ന്, ഭക്തജനങ്ങൾക്ക് ഭക്തിമാർഗത്തിൽ നീന്തിത്തുടിക്കാൻ, ഈശ്വരസാക്ഷാത്കരണം നേടാൻ, കേരളക്കരയിൽ ഇതുപോലൊരിടമുണ്ടോ എന്ന് സംശയമാണ്.

നഗരവാസിയുടെ ഓരോ ദിനവും ഈ ദൈവാലയങ്ങളുടെ മുന്നിലൂടെ മാത്രമേ കടന്നുപോകാനാവൂ. ജനഹൃദയങ്ങളുടെ നൊമ്പരങ്ങളും നെടുവീർപ്പുകളും ഏറ്റുവാങ്ങാനും ദൈവസന്നിധിയിൽ നിന്ന് ആശംസാവചസ്സുകൾ സ്വീകരിക്കുവാനുമായി ആയിരങ്ങൾ ദിവസവും ഈശ്വര സന്നിധിയിലേക്ക് നടന്നടുക്കുന്നു. ആത്മനിർവൃതിയുടെ അനുഭവങ്ങൾ ആവോളം ഏറ്റുവാങ്ങിയാണ് ഓരോ ഭക്തനും മടങ്ങുക.

പാളയത്തിന്റെ ആദ്ധ്യാത്മിക പാരമ്പര്യത്തിന് ഏകദേശം ഒന്നര നൂറ്റാണ്ടിന്റെ പഴക്കം അവകാശപ്പെടാവുന്നതാണ്. തിരുവിതാംകൂർ ചരിത്രവുമായി ബന്ധപ്പെട്ടാണ് പാളയത്തിന്റെ പ്രാധാന്യം നിലകൊള്ളുന്നത്. തിരുവിതാംകൂർ രാജാവും ഈസ്റ്റിന്ത്യാ കമ്പനിയുമായുള്ള ഉടമ്പടി പ്രകാരം തിരുവിതാംകൂറിന്റെ സംരക്ഷണം ബ്രിട്ടീഷ് പട്ടാളത്തിന്റെ ചുമതലയിലായി തീർന്നു. രാജ്യസംരക്ഷണത്തിനായി വന്ന പട്ടാളം പാളയമടിച്ച സ്ഥലത്താണ് ഇന്ന് നിയമസഭാമന്ദിരം സ്ഥിതിചെയ്യുന്നത്. പട്ടാളക്കാരും ഉദ്യോഗസ്ഥരുമായ നിരവധി പേർ ഔദ്യോഗികാവശ്യങ്ങൾക്കും വ്യവസായ വാണിജ്യകാര്യങ്ങൾക്കുമായി പാളയത്തും പരിസരങ്ങളിലും വന്നുപാർക്കാൻ തുടങ്ങി. ഇവ



ഇഗ്നേഷ്യസ് തോമസ്

രിൽ ബ്രിട്ടീഷുകാരും, ആംഗ്ലോ ഇന്ത്യൻസും തമിഴ് ബ്രഹ്മണ, വെള്ളാള, ചെട്ടി, ആശാരി, നാടാർ വിഭാഗത്തിൽപ്പെട്ടവരും നായർ ബ്രിഗേഡിലുള്ള പട്ടാളക്കാരും റെഡ്ഡിമാരും തമിഴ്നാട്ടില കന്യാകുമാരി ജില്ലയിലെ 12 ഗ്രാമങ്ങളിലെ ഗുഹകുല അരശർ വിഭാഗത്തിൽപ്പെട്ട മത്സ്യവിപണനം ചെയ്യുന്നവരും (കുന്നുകുഴിയിൽ താമസമാക്കിയവർ), യാദവരും, മുസ്ലീങ്ങളും (പട്ടാണി, സേട്ട്) തുടങ്ങി വിവിധ ജാതികളിൽപ്പെട്ട നൂറുകണക്കിനാളുകൾ പാളയത്ത് സ്ഥിരതാമസക്കാരായി മാറി. ചുരുക്കി പറഞ്ഞാൽ, മനുഷ്യവർഗത്തിന്റെ പരിഛേദം തന്നെ പാളയത്ത് കാണുവാൻ സാധിക്കും. വിവിധ കാലങ്ങളിൽ പാളയത്ത് വന്നുതാമസമാക്കിയവർ ഉത്തരേന്ത്യൻ നഗരങ്ങളിൽ കാണുന്നതുപോലെ ഓരോ ജാതിക്കും സമൂഹത്തിനും വേണ്ടി ഓരോ തെരുവുകൾ (പാർട്ടി ഗ്രാമങ്ങൾപോലെ) സൃഷ്ടിച്ചില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. അതുകൊണ്ടായിരിക്കാം പാളയത്ത് ജാതിമതസ്പർധ ഇന്നേവരെ ഉണ്ടാകാത്തത്. ക്രിസ്ത്യാനിയും ഹിന്ദുവും മുസ്ലീമും ഇടകലർന്ന് അയൽവാസികളായി ഏകോദര സഹോദരങ്ങളെപോലെ കഴിയുന്ന പാരമ്പര്യം പാളയത്തിനുണ്ട്.

രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖയിൽ അന്യമതസ്ഥരുമായി നടത്തേണ്ട ആരോഗ്യകരമായ മതസംവാദനവും ആത്മാർത്ഥമായ ഈശ്വരാന്വേഷണവും മനുഷ്യനന്മയിൽ ഊന്നിയുള്ള ജീവകാരുണ്യ പ്രവർത്തനവും എടുത്തുപറയുന്നുണ്ട്. ഇക്കാര്യങ്ങൾ സഭയിൽ ആവേശത്തോടെ മുന്നോട്ടുകൊണ്ടുപോകാൻ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യശതകത്തിലാണല്ലോ ആക്കം വർധിച്ചത്. എന്നാൽ ആരോഗ്യകരമായ മതസംവാദവും കൂട്ടായ ജീവകാരുണ്യപ്രവർത്തനങ്ങളും 19-ാം നൂറ്റാണ്ടിൽ തന്നെ പാളയത്തെ ആദ്ധ്യാത്മികത കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ തുടക്കംകുറിക്കുകയും വിജയകരമായി മുന്നോട്ടുകൊണ്ടുപോവുകയും ചെയ്തിരുന്നു എന്നത് അഭിമാനപൂർവം എടുത്തുപറയേണ്ട വസ്തുതയത്രെ. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത് നമ്മുടെ പൂർവികരായിരുന്നു. മതസംവാദസദസ്സുകൾ നമ്മുടെ ദൈവാലയത്തിൽ സംഘടിപ്പിച്ചിരുന്നതായി മൺമറഞ്ഞ അഡ്വ. ജ്ഞാനപ്രകാശം പിള്ളയെപ്പോലെയുള്ളവർ ഈ ലേഖകനുമായി ഓർമ്മകൾ പങ്കുവച്ചിട്ടുണ്ട്. നമ്മുടെ ആഘോഷപരിപാടികളിൽ ഹൈന്ദവ-മുസ്ലീം സഹോദരങ്ങളുടെ സഹകരണവും തിരികെ നമ്മുടെ ആരോഗ്യകരമായ സ്നേഹബന്ധങ്ങളും ഏറെ ഹൃദ്യവും ഊഷ്മളവുമായിരുന്നു. സെന്റ് സെബാസ്റ്റ്യൻസ് തിരുനാളിനോടനുബന്ധിച്ച് നഗരവീഥിയിലൂടെ നടത്തുന്ന ഘോഷയാ



ത്ര കടന്നുപോകുമ്പോൾ അക്രൈസ്തവർ ബഹുമാനാദരങ്ങളോടെ വരവേൽക്കുന്നതും വിശുദ്ധനോട് ഭക്തിപ്രദർശിപ്പിക്കുന്നതും നേർച്ച കാഴ്ചകൾ അർപ്പിക്കുന്നതും സൗഹാർദ്ദത്തിന്റെ ബഹിർസ്ഫുരണമത്രെ. 1973 ൽ ദൈവാലയത്തിന്റെ 100-ാം വാർഷികത്തിലും 1998 ൽ നടന്ന 125-ാം വാർഷികത്തിലും നഗരവീഥിയിലൂടെ നടത്തിയ ജീവകാരുണ്യ പ്രദക്ഷിണത്തിൽ നഗരവാസികൾ കാണിച്ച ഭക്ത്യാദരവുകൾ ശ്ലാഘനീയമാണ്.

നമ്മുടെ ദൈവാലയത്തെ ആദ്ധ്യാത്മികതയുടെ പ്രഭവകേന്ദ്രമായി കരുതുന്നവരാണ് അക്രൈസ്തവ സഹോദരങ്ങൾ. ദൈവാലയം സ്ഥിതി ചെയ്യുന്ന ഭൂമി ഹൈന്ദവനായ പത്മനാഭൻ പണ്ഡിറ്റിൽ നിന്നാണ് വാങ്ങിയത്. ജാതിമതഭേദമന്യേ സകലർക്കും ഈശ്വരസായൂജ്യം നേടാനും മാനസിക ശാരീരിക ഊർജ്ജം സംഭരിക്കാനുമുള്ള സ്രോതസ്സായി ഈ ദൈവാലയത്തെ വിശേഷിപ്പിക്കുന്ന നഗരവാസികൾ അനേകായിരങ്ങളുണ്ട്. ചിത്തിര തിരുനാൾ മഹാരാജാവ് നാടുനീങ്ങുന്നതുവരെ ദൈവാലയത്തിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ രാജാധിരാജനായ യേശുവിന്റെ മുന്നിൽ നമിക്കാതെ കടന്നുപോകാറില്ലായിരുന്നു. ആ പതിവ് ഉത്രാടം തിരുനാൾ മഹാരാജാവും പിന്തുടരുന്നു.

ഈ ദൈവാലയത്തോടുചേർന്ന് 1980 വരെ നിലനിന്നിരുന്ന സെന്റ് ജോസഫ്സ് ലൈബ്രറി-യൂണിവേഴ്സിറ്റി, പബ്ലിക്, ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറികൾക്കൊപ്പം കിടപിടിക്കത്തക്കതായിരുന്നു. പണ്ഡിതരായ വ്യക്തികൾ സംഭാവന നൽകിയ അതീവ മൂല്യമുള്ള പുസ്തകങ്ങൾ പരിരക്ഷിക്കുന്നതിൽ നാം പരാജയപ്പെട്ടുവെന്നത് ഖേദകരമാണ്.

പാളയത്തിന്റെ പ്രാധാന്യം ആത്മാത്മിക മണ്ഡലത്തിൽ മാത്രം ഒതുക്കി നിർത്താനാവില്ല. തലസ്ഥാനമെന്ന നിലയിൽ ഭരണസിരാകേന്ദ്രം കൂടിയാണ് ഈ പ്രദേശം. ഈശ്വരാസന്നിധ്യത്തിന്റെ നിദർശനമായ ദൈവാലയങ്ങൾ നിറഞ്ഞ ഈ പ്രദേശത്ത് തന്നെയാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭാമന്ദിരവും സ്ഥിതിചെയ്യുന്നത്. ഭരണചക്രം തിരിക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന സെക്രട്ടേറിയേറ്റും പബ്ലിക് ഓഫീസുകളും ആരോഗ്യകേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വാണിജ്യസമുച്ചയങ്ങളുമെല്ലാം ചേർന്ന് അക്ഷരാർത്ഥ





ത്തിൽ പാളയം തലസ്ഥാനഗരിയുടെ ഹൃദയമെന്ന് തന്നെ വിശേഷിപ്പിക്കാം. നഗരവികസനത്തിന്റെ ഭാഗമായി കഴിഞ്ഞ 5 വർഷമായി നടന്ന പുനഃരുദ്ധാരണ നിർമാണ പ്രവർത്തനങ്ങൾ പാളയത്തിന്റെ മുഖച്ഛായ ആകെ മാറ്റിക്കഴിഞ്ഞു. പഴയ പാളയം ഇന്ന് പഴമക്കാരുടെ ഓർമയിൽ മാത്രം. പൈതൃക പൗരാണിക പാരമ്പര്യം പേറുന്ന നമ്മുടെ ഭദ്രാസന ദേവാലയംപോലും നവോഢയെപ്പോലെ പുതുമയെ പുൽകി അണിഞ്ഞൊരുങ്ങി നിൽക്കുന്നു. ഈ നവീകരണ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച റവ. ഡോ. സി. ജോസഫിനെ നഗരവാസികൾ എന്നും സ്മിരക്കും. അണ്ടർപാസും ഓവർബ്രിഡ്ജും ഫ്ളൈ ഓവറും തിരക്കേറിയ നഗരവീഥികളും വാഹനപ്രളയവും സിഗ്നൽ ലൈറ്റുകളുമെല്ലാം ചേർന്ന് പാളയത്തെ ശബ്ദായമാനമാക്കുന്നു. നഗരവീഥികൾ ആർപ്പുവിളികളിലും ആരവങ്ങളിലും നിറയുമ്പോഴും ശാന്തതയും സ്വച്ഛതയും ആഗ്രഹിക്കുന്നവർക്ക്, ആത്മീയ നിവൃതി നേടാൻ പാളയത്തെ ആരാധനാകേന്ദ്രങ്ങൾ അവസരമൊരുക്കുന്നു. ഈ ആരാധനാകേന്ദ്രങ്ങളുടെ മുൻനിരയിൽ തലയെടുപ്പോടെ നമ്മുടെ ഭദ്രാസനദൈവാലയം നിലകൊള്ളുന്നു. ഈശ്വരദർശനത്താൽ സായൂജ്യം നുകരാനും അസ്വസ്ഥതകൾക്കും അനിശ്ചിതാവസ്ഥകൾക്കും വിരാമമിടാനും ഭാരങ്ങളിറക്കിവയ്ക്കാനുമായി ഈ ദൈവാലയത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നു. ഇവിടേക്ക് കദനഭാരത്താൽ കടന്നുവരുന്നവർ ചുമടുകളിറക്കിവയ്ക്കുന്നു. കണ്ണീരണിഞ്ഞവർ കനിവ് തേടുന്നു. പ്രാർത്ഥനാ നിരതരാകുന്നവർ പുത്തൻ പ്രതീക്ഷകളുമായി പുത്തനുണർവോടെ പുറത്തേക്ക് ഇറങ്ങിവരുന്നു. അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായി വരുന്ന ജനസഹസ്രങ്ങൾക്ക് ആശ്വാസമരുളുന്ന യേശുനാഥന്റെ സാന്ത്വന സ്പർശം അനുഭവിക്കാത്തവരായി ഈ നഗരത്തിൽ ആരെങ്കിലുമുണ്ടോ? ഉള്ളുകൊണ്ടെങ്കിലും ദൈവാലയത്തിന്റെ ആത്മീയത അനുഭവിക്കാത്തവരായി ആരെങ്കിലുമുണ്ടോ? ജ്യോതിസ്സായി വരും നാളുകളിലും, തലമുറകൾക്ക് തണലേകുന്ന മഹാമേരുവായി വരും നൂറ്റാണ്ടിലും യശോധാവല്യത്തോടെ പാളയം ഭദ്രാസന ദൈവാലയം നിലകൊള്ളും. അതോടൊപ്പം ചുറ്റുപാടുമുള്ള ആരാധനാകേന്ദ്രങ്ങൾ ദൈവസ്നേഹത്തിന്റെ പ്രകാശം പരത്തുന്ന പ്രതിബിംബങ്ങളായി പ്രശോഭിക്കുകയും ചെയ്യും. ■

## ചരിത്രപഥം

# പഴമയും പാരമ്പര്യ



സാമൂഹ്യജീവിയായ മനുഷ്യന്റെയും അവന്റെ പരിസ്ഥിതിയുടെയും ഇന്നത്തെ നിലവിലുള്ള വികാസത്തിന്റെ രേഖപ്പെടുത്തലാണ് ചരിത്രം. കഴിഞ്ഞകാല സംഭവങ്ങളെ വ്യാഖ്യാനിക്കുന്നതിലൂടെ വർത്തമാന സംഭവങ്ങളെ വിലയിരുത്തുവാനും, താരതമ്യം ചെയ്യുവാനും, ഭാവിയെ പ്രവചിക്കുവാനും ചരിത്രപഠനം നമ്മെ സഹായിക്കുന്നു. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ രേഖപ്പെടുത്തുകയും, അത് മറ്റുള്ളവർക്ക് പകർന്നു നൽകുകയും ചെയ്യുന്ന ഒരുകൂട്ടം വിഷയങ്ങളാണ് ചരിത്രം. ഈ തെളിവുകളെ ഉറവിടങ്ങൾ അഥവാ സ്രോതസ്സുകൾ (Source) എന്നാണ് വിളിക്കുന്നത്. ഈ ഉറവിടങ്ങളാണ് ചരിത്രരചനയ്ക്കായി ഉപയോഗിക്കുന്നത്. ഈ സ്രോതസ്സുകളെ പലതായി തരംതിരിച്ചിരിക്കുന്നു. സാഹിത്യം, ചിത്രങ്ങൾ, ശിലാലിഖിതങ്ങൾ, താളിയോല ഗ്രന്ഥങ്ങൾ, ചെപ്പേടുകൾ അഥവാ ചെമ്പ് തകിടുകൾ, ചരിത്ര ഗ്രന്ഥങ്ങൾ, ഔദ്യോഗിക രേഖകൾ, ഡയറിക്കുറിപ്പുകൾ എന്നിവയെല്ലാം ഇവയിൽ ഉൾപ്പെടുന്നു. ഇവയ്ക്ക് പുറമേ വായ്മൊഴിയായി പകർന്നു കിട്ടിയ വിവരങ്ങളും, പാരമ്പര്യങ്ങളും ചരിത്ര നിർമിതിയിൽ ചരിത്രകാരനെ സഹായിക്കുന്നു. ഈ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വസ്തുതകളെ ഗഗനമായ അപഗ്രഥനത്തിന് വിധേയമാക്കിയതിനുശേഷം മാത്രമാണ് ചരിത്രരേഖയായി അവയെ മാറ്റപ്പെടുന്നത്.



**ഡോ. ബീറ്റ ജോൺ**

സാധാരണയായി ചരിത്രനിർമ്മിതിക്ക് ഉതകുന്ന

# വും ഇടവകകളുടെ ചരിത്ര നിർമിതിയിൽ

സ്രോതസ്സുക്കളെ സാഹിത്യ സ്രോതസ്സുകൾ എന്നും പുരാവസ്തു സ്രോതസ്സുകൾ എന്നും രണ്ടായി തിരിക്കുന്നുണ്ട്. ഇവ രണ്ടും ചരിത്രരചനയ്ക്ക് ഉപയോഗിക്കുന്നതിന് അതിന്റേതായ പഠന രീതികൾ ഉണ്ട്. ഒരു ചരിത്രകാരൻ ചരിത്രരചന നടത്തുമ്പോൾ ധാരാളം വെല്ലുവിളികൾ നേരിടേണ്ടി വരുന്നു. വസ്തുനിഷ്ഠമായ ചരിത്രരചന നടത്തേണ്ടത് ചരിത്രകാരന്റെ ധർമ്മമാണ്, യാതൊരുവിധ മുൻവിധിയോ പക്ഷപാതമോ കൂടാതെയാണ് ചരിത്രരചന നടത്തേണ്ടത്.

ചരിത്രനിർമ്മിതിക്ക് ഉപയോഗപ്പെടുത്തുന്ന സ്രോതസ്സുകളുടെ സ്വഭാവമാണ് നാം രേഖപ്പെടുത്തുന്ന ചരിത്രരചനയുടെ നിലവാരം വെളിപ്പെടുത്തുന്നത്. പലതരത്തിൽ നമുക്ക് ചരിത്രനിർമ്മിതി നടത്താവുന്നതാണ്. കുറച്ച് ലിഖിത രേഖകളുടെ അടിസ്ഥാനത്തിലോ, ഓരോ പ്രദേശത്തും നിലനിൽക്കുന്ന പൈതൃകത്തെയും പാരമ്പര്യത്തെയും അടിസ്ഥാനമാക്കിയോ, അവിടെ നിന്നും ലഭിച്ച പുരാവസ്തുക്കളെ അടിസ്ഥാനമാക്കിയോ ആ പ്രദേശത്തിന്റെ ചരിത്രരചന നടത്താവുന്നതാണ്. എന്നാൽ ഈ തെളിവുകളെ എങ്ങനെ വിശകലനം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് ആ രേഖയുടെ സ്വീകാര്യതയും പ്രത്യക്ഷമാകുന്നത്.

ഇടവകകളുടെ ചരിത്രം എന്നത് ഒരു നിശ്ചിത പ്രദേശത്തിന്റെ ചരിത്രമാണ്. അതിനാൽ അവയെ നമുക്ക് പ്രാദേശിക ചരിത്രം എന്നും പറയാം. നമ്മെ സംബന്ധിച്ച് ഇടവകകളുടെ ചരിത്രനിർമിതി വളരെ സുഗമമായ ഒന്നല്ല. കാരണം, സ്രോതസ്സുകളുടെ അല്ലെങ്കിൽ തെളിവുകളുടെ അഭാവം വളരെ പ്രധാനപ്പെട്ട ഒരു ഘടകമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. വ്യക്തമായി എഴുതപ്പെട്ട രേഖകളോ, മറ്റ് ആധികാരികമായ തെളിവുകളോ കൈവശം ഇല്ലാത്തത് ഇടവകകളുടെ ചരിത്രരചന പൂർത്തീകരിക്കുന്നതിന് ഒരു വലിയ തടസ്സമായി നമ്മുടെ മുന്നിൽ നിൽക്കുന്നു.

ഈ അവസ്ഥ വിരൽചൂണ്ടുന്ന മറ്റൊരു പ്രധാന കാരണം, നമുക്ക് ലഭ്യമായ സ്രോതസ്സുക്കളെ വേണ്ട രീതിയിൽ സംരക്ഷിക്കുവാനോ, തരംതിരിച്ചു വയ്ക്കുവാനോ സഹായകമായ സംവിധാനങ്ങളോ, ചുറ്റുപാടുകളോ, നിയമങ്ങളോ നമ്മുടെ മുന്നിലില്ല എന്നുള്ളതാണ്. അതിനാൽതന്നെ നമുക്ക് പലപ്പോഴും പാരമ്പര്യങ്ങളെയും, പഴമകളെയും നമ്മുടെ ചരിത്രം രേഖപ്പെടുത്തുവാൻ കൂടുതലായി നമുക്ക് ആശ്രയിക്കേണ്ടി വരുന്നു.

'പഴമ' എന്നാൽ ഗതകാല അനുഭവങ്ങളുടെ സഞ്ചിതവിജ്ഞാനം എന്നാണ്. തലമുറകളായി കൈമാറുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും അറിവുകളും പാരമ്പര്യത്തിൽ ഉൾപ്പെടുന്നു. ഈ പഴമയും പാരമ്പര്യവും ഒരു പ്രത്യേക മേഖലയിൽ മാത്രം പുതുക്കി നിർത്താൻ നമുക്കാവില്ല. സാമൂഹ്യവും, രാഷ്ട്രീയവും, സാംസ്കാരികവും, മതപരവും, വിദ്യാഭ്യാസപരവുമായ മേഖലകളിൽ ഇത് വ്യാപിച്ചു കിടക്കുന്നു. ഇവിടെയൊക്കെ പഴമയേയും പാരമ്പര്യത്തെയും മാത്രം നമുക്ക് ചരിത്രരചനയ്ക്കായി ഉപയോഗിക്കേണ്ടി വരുന്നു.

നമ്മുടെ അതിരൂപതയിലെ ഓരോ ഇടവകയ്ക്കും അതിന്റേതായ ഓരോ ചരിത്രമുണ്ട്. എന്നാൽ ഇവയുടെ വസ്തുനിഷ്ഠത എത്ര എന്ന ചോദ്യവും വളരെ പ്രസക്തമാണ്. ഓരോ ഇടവകകളുടെയും പൂർവ്വകാല ചരിത്രത്തെക്കുറിച്ച് വിവരിക്കുമ്പോൾ നാം ആശ്രയിക്കുന്നത് ഞാൻ നേരത്തെ പറഞ്ഞ പാരമ്പര്യത്തെയും പൈതൃകങ്ങളെയും ആണ്. ഒരു ഇടവക സമൂഹം എന്നത് വളരെ പെട്ടെന്ന് രൂപംകൊള്ളുന്ന ഒന്നല്ല. മറിച്ച് കാലാകാലങ്ങളിലൂടെ ഉണ്ടാകുന്ന മാറ്റങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചാണ് ഓരോ ഇടവക സമൂഹങ്ങളും രൂപപ്പെടുന്നത്. അതിനാൽ തന്നെ ഓരോ ഇടവകകളുടെയും ചരിത്ര നിർമിതിയിൽ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.

ഓരോ ഇടവകകളുടെയും ചരിത്ര നിർമിതി നടത്തുമ്പോൾ ആ ഇടവകകളുടെ പേരിന് പിന്നിലുള്ള ചരിത്രവും കണ്ടെത്തേണ്ടതാണ്, എന്നാൽ ഇത് ഐതിഹ്യങ്ങളുടെയും കേട്ടുകേൾവിയുടെയും അടിസ്ഥാനത്തിൽ മാത്രമുള്ളതാകാൻ പാടില്ല. രേഖപ്പെടുത്തുന്ന വ്യക്തി അഥവാ ചരിത്രകാരൻ എത്തിച്ചേരേണ്ടത് ഏറ്റവും വിശ്വാസയോഗ്യവും യാഥാർത്ഥ്യത്തോട് ചേർന്ന് നിൽക്കുന്നതും അതേസമയം തന്നെ ശാസ്ത്രയുക്തിയെ തൃപ്തിപ്പെടുത്തുന്നതുമായ ധാരണയെ അടിസ്ഥാനമാക്കിയാണ്. ഓരോ ഇടവകകൾക്കും ആ പേര് വരാൻ ഒന്നിലധികം കാരണങ്ങൾ ഉണ്ടായെന്നു വരാം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളോ, ഏതെങ്കിലും ചരിത്രസംഭവങ്ങളുടെ അടിസ്ഥാനത്തിലോ, അല്ലെ

**ഓരോ ഇടവകളുടെയും രാഷ്ട്രീയ ചരിത്രവും വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു വസ്തുതയാണ്. കാരണം വ്യത്യസ്തങ്ങളായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു. അതിനാൽ തന്നെ ഈ മാറ്റങ്ങളെ വിലയിരുത്തുവാനും വിശകലനം ചെയ്യുവാനും നമുക്ക് സാധിക്കണം.**

ങ്കിൽ ഏതെങ്കിലും വ്യക്തികളുമായി ബന്ധപ്പെട്ടോ ആയിരിക്കാം അതാത് പേരുകൾ നൽകപ്പെട്ടിരിക്കുന്നത്. അതിനെല്ലാം കാരണമായ നിരവധി സാധ്യതകളെ തുറന്നു കാണിക്കുന്ന രേഖപ്പെടുത്തലാണ് ഇവിടെ ആവശ്യമായി വരുന്നത്.

ഓരോ ഇടവകകളുടെയും സാമൂഹ്യ ജീവിതത്തിന്റെ ഇന്ന് കാണുന്ന രീതിയിലുള്ള അവയുടെ രൂപപ്പെടലിന്റെയും ചരിത്രവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. വിവിധ കാലഘട്ടങ്ങളിലും, വിവിധങ്ങളായ വെല്ലുവിളികളെയും അതിജീവിച്ച്, സാമ്പത്തിക ഞെരുക്കങ്ങളെ മറികടന്നും, ആർജിച്ചെടുത്ത കലാസാംസ്കാരിക പുരോഗതി എന്തൊക്കെയാണെന്നും വിലയിരുത്തേണ്ടത് അനിവാര്യമായ ഒന്നാണ്.

മുകളിൽ പ്രതിപാദിച്ചിട്ടുള്ളവരുടെ സ്വാധീന ഫലമായിട്ടാണ് ഓരോ ഇടവകകളുടെയും സാമൂഹികമായ സൃഷ്ടി സംഭവിച്ചിട്ടുണ്ടാവുക. ഇവിടെ നമുക്ക് ലഭ്യമായ പാരമ്പര്യങ്ങളെ ശാസ്ത്രീയമായ സമീപനത്തിലൂടെ വിശകലനം ചെയ്ത് ചരിത്രനിർമ്മിതി നടത്താവുന്നതാണ്.

ഓരോ ഇടവകകളിലും വ്യത്യസ്തമായ തൊഴിൽ മേഖലകളിൽ ഏർപ്പെടുന്നവർ ഉണ്ട്, എന്തുകൊണ്ട് ഇവർ വ്യത്യസ്ത തൊഴിൽ മേഖലകൾ തിരഞ്ഞെടുത്തു എന്നുള്ളതിനുള്ള കാരണം നമുക്ക് കണ്ടെത്തേണ്ടതുണ്ട്. പാരമ്പര്യ ഘടകങ്ങളും മറ്റും അതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടാവാം. ഒരു പ്രദേശത്തെ ജനങ്ങളുടെ തൊഴിൽ സാഹചര്യങ്ങൾ ആ പ്രദേശത്തിന്റെ സാമ്പത്തിക അവസ്ഥയെയും സാമൂഹ്യാവസ്ഥയെയും സംസ്കാരത്തെയും സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ തൊഴിൽ ചരിത്രം എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഉദാഹരണമായി നമ്മുടെ അതിരൂപതയിൽ ആദ്യകാലങ്ങളിൽ ജനങ്ങളിൽ ഏറിയപങ്കും പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ ആയിരുന്നു. എന്നാൽ പിന്നീട് അങ്ങോട്ട് ഈ തൊഴിൽ മേഖലയിൽ നിന്നും മാറി വിവിധ വിദേശരാജ്യങ്ങളിലേക്ക് ജോലി തേടി പോവുകയും വിവിധങ്ങളായിട്ടുള്ള മറ്റു പല ജോലികളിൽ ഏർപ്പെടുകയും ചെയ്തു. ഒപ്പം വിദ്യാഭ്യാസപരമായി മുന്നേറിയ ഒരു വിഭാഗം സർക്കാർ ജോലികളിലേക്ക് പ്രവേശിക്കുകയും ചെയ്തു. അതിനാൽ തന്നെ ഒരു പ്രദേശത്തെ ജനങ്ങളുടെ വ്യത്യസ്ത കാലങ്ങളിലുള്ള തൊഴിൽശീലങ്ങളും, ഒപ്പം മത്സ്യബന്ധനം പോലുള്ള പരമ്പരാഗതമായ തൊഴിൽ മേഖലകൾ ഉപേക്ഷിക്കാൻ ഇടയായ സാഹചര്യങ്ങളും, പുതിയവ സ്വീകരിക്കാൻ ഇടയായ സാഹചര്യങ്ങളും ഓരോ ഇടവകളുടെയും ചരിത്ര നിർമിതിയിൽ വളരെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ട ഒന്നാണ്. ഇവിടെയാണ് പാരമ്പര്യവും പൈതൃകവും ആയി കിട്ടിയ വിവരങ്ങളെ ആധുനിക രീതിയിൽ സമന്വയിപ്പിച്ചുകൊണ്ട് എങ്ങനെ ചരിത്രരചന നടത്താം എന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടത്.

അതുപോലെതന്നെ മറ്റൊരു പ്രധാന ഘടകമാണ് ഒരു പ്രദേശത്തെ ജനങ്ങളുടെ മതവിശ്വാസം എങ്ങനെ ആ പ്രദേശത്തെ  സാംസ്കാരിക ചരിത്രത്തെ സ്വാധീനിക്കുന്നു എന്നുള്ളത്.

മതവിശ്വാസികളുമായി ബന്ധപ്പെട്ട ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും മാത്രമല്ല, ഒരു ആശയം എന്ന നിലയിൽ സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും രേഖപ്പെടുത്തേണ്ടതുണ്ട്. ഓരോ ഇടവകകളിലെയും ദേവാലയങ്ങൾക്ക് ജനങ്ങളുടെ ജീവിതത്തിൽ വളരെയധികം സ്വാധീനമുണ്ട്. നിർഭാഗ്യവശാൽ പല ദേവാലയങ്ങളും സ്ഥാപിക്കാൻ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ച് പഴമക്കാർ പല ചരിത്രങ്ങളും പാരമ്പര്യങ്ങളും പറയുന്നുണ്ടെങ്കിലും വ്യക്തമായ ചരിത്ര രേഖകളുടെ അഭാവം  ഇന്നത്തെ സമൂഹത്തിൽ അവയെ അപ്രസക്തമാക്കുന്നു.

പോർച്ചുഗീസുകാരുടെ  ആഗമനത്തോടുകൂടി ലത്തീൻ സമുദായം കേരളത്തിന്റെ തെക്കൻ തീരപ്രദേശങ്ങളിൽ വികാസം പ്രാപിച്ചുവെന്നും, വിശുദ്ധ ഫ്രാൻസ് സേവിയർ ഈ പ്രദേശങ്ങളിലൂടെ സഞ്ചരിച്ചു എന്നും നിലവിലുള്ള ചരിത്രരേഖകളിലൂടെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ ഈ മേഖലകളിൽ സ്ഥാപിതമായ ക്രിസ്തീയ ദേവാലയങ്ങളുടെ ചരിത്രത്തെക്കുറിച്ച് പഴമയേയും പാരമ്പര്യത്തെയും മാത്രമേ നമുക്ക് ഇവിടെ ആശ്രയിക്കുവാൻ സാധിക്കുകയുള്ളൂ എന്ന സത്യം നാം ഇന്ന് തിരിച്ചറിയുന്നു.

ഉദാഹരണമായി തിരുവനന്തപുരം അതിരൂപതയിലെതന്നെ ഒരു പ്രധാനപ്പെട്ട ഇടവകയായ വിഴിഞ്ഞത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്ന സിന്ധുയാത്ര മാതാവിന്റെ രൂപത്തെക്കുറിച്ചും, അത് എപ്രകാരമാണ് അവിടെ സ്ഥാപിക്കപ്പെട്ടതെന്നും പ്രാദേശിക പാരമ്പര്യം ഇപ്രകാരം പ്രതിപാദിക്കുന്നു;   പതിനാലാം നൂറ്റാണ്ടിൽ പോർച്ചുഗീസ് മിഷനറിമാർ കേരളത്തിൽ വന്നിരുന്നു. കച്ചവടം ആയിരുന്നു പോർച്ചുഗീസുകാരുടെ ലക്ഷ്യമെങ്കിലും കേരളത്തിൽ ലത്തീൻ കത്തോലിക്ക വിശ്വാസം വ്യാപകമായി പ്രചരിപ്പിക്കുന്നതിലും അവർ പ്രധാന ശ്രദ്ധ ചെലുത്തിയിരുന്നു. പാരമ്പര്യമനുസരിച്ച് കച്ചവടവുമായി ബന്ധപ്പെട്ട് ഒരുകൂട്ടം പോർച്ചുഗീസ് സമുദ്രയാത്രികർ വിഴിഞ്ഞത്തിന്റെ സമുദ്രാതിർത്തിയിലൂടെ കടന്നു പോകുമ്പോൾ പെട്ടെന്ന് സമുദ്രം പ്രക്ഷുബ്ധമാകുകയും ആ യാത്രയിൽ ഉണ്ടായിരുന്നവർ ഭയപ്പെടുകയും, അവർ തങ്ങളുടെ പക്കൽ ഉണ്ടായിരുന്ന പരിശുദ്ധ മാതാവിന്റെ രൂപം നോക്കി തങ്ങളുടെ ജീവൻ രക്ഷിക്കണമെന്ന് പ്രാർത്ഥിക്കുകയും, ഒപ്പം പരിശുദ്ധ മാതാവിനായി ഒരു ദേവാലയം നിർമ്മിച്ചു നൽകാമെന്നും അവർ മാതാവിന്റെ മുൻപിൽ ശപഥം ചെയ്യുകയും ചെയ്തു.

തുടർന്ന് ഒരു കൂടയിൽ മാതാവിന്റെ രൂപം വച്ച് അവർ അതിനെ പ്രക്ഷുബ്ധമായ സമുദ്രത്തിലൂടെ ഒഴുക്കിവിടുകയും ചെയ്തു. ഉടനെ തന്നെ ഒരു പ്രത്യേക വെളിച്ചം അവിടെ നിറയുകയും സമുദ്രം ശാന്തമാവുകയും ചെയ്തു. സിന്ധു യാത്രാ മാതാവിന്റെ വിഴിഞ്ഞത്ത് നിലനിൽക്കുന്ന ഒരു പാരമ്പര്യ രഹസ്യമാണിത്. എന്നാൽ ഇത്തരം കഥകളെ അല്ലെങ്കിൽ പാരമ്പര്യ രഹസ്യങ്ങളെ ആധികാരികമായി തെളിയിക്കാനോ ശാസ്ത്രീയമായി വിലയിരുത്തുവാനോ വേണ്ട രേഖകളോ തെളിവുകളോ നമ്മുടെ പക്കൽ ഇല്ല.

ഇത്തരത്തിൽ നമ്മുടെ അതിരൂപതയിൽ സ്ഥാപിതമായിരിക്കുന്ന ഓരോ ദേവാലയങ്ങളുമായി ബന്ധപ്പെട്ട് ഒത്തിരിയേറെ പാരമ്പര്യങ്ങൾ നമുക്ക് പറയാൻ ഉണ്ട് എന്നത് ഒരു സത്യമായ കാര്യമാണ്. എന്നാൽ ഇവയൊന്നാകെ  പാടെ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ നമുക്ക് കഴിയില്ല. ഇതുമായി ബന്ധപ്പെട്ട സ്രോതസ്സുകൾ നമുക്കെല്ലാവർക്കും ഒരുമിച്ച് കണ്ടെത്തുവാൻ ശ്രമിക്കാം, അതുവഴി അതിരൂപതയുടെ ചരിത്ര നിർമ്മിതിക്ക് വസ്തുനിഷ്ഠതയും, വിശ്വാസ്യതയും, ആധികാരികതയും കൈവരിക്കുവാൻ സാധിക്കും.

പാരമ്പര്യങ്ങളെക്കാളും ഐതിഹ്യങ്ങളെക്കാളും വ്യക്തവും സ്പഷ്ടവുമായ സ്രോതസ്സുകൾ എങ്ങനെയാണ് ചരിത്ര നിർമ്മിതിക്ക്  കൂടുതൽ ബലമേകുന്നതെന്നും, അവ എല്ലാവരും അംഗീകരിക്കുകയും, എല്ലായിടത്തും പ്രഘോഷിക്കപ്പെടുകയും ചെയ്യും എന്നത് ഒരിക്കൽ കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ മറ്റൊരു ഇടവകയുടെ ചരിത്രം ഇവിടെ ഉദ്ധരിക്കുന്നു.

1544ൽ വിശുദ്ധ ഫ്രാൻസ് സേവിയർ

സ്ഥാപിച്ചു എന്ന് പറയപ്പെടുന്ന തുമ്പയിലെ പരിശുദ്ധ മേരി മഗ്ദലന ദേവാലയം മുന്നോട്ടുവയ്ക്കുന്നത് ഇന്ത്യൻ ശാസ്ത്ര സാങ്കേതിക രംഗത്ത് വേറിട്ട ഒരു ചരിത്രമാണ്. തിരുവനന്തപുരത്തെ ഒരു കടലോര ഗ്രാമം ആയിരുന്ന തുമ്പ, ഇന്ത്യയുടെ ബഹിരാകാശ പ്രവർത്തനങ്ങൾക്കും പരീക്ഷണങ്ങൾക്കും ഏറ്റവും അനുയോജ്യമായ ഒരു പ്രദേശമാണെന്ന് തിരിച്ചറിഞ്ഞ ഇന്ത്യയുടെ പ്രശസ്ത ബഹിരാകാശ ശാസ്ത്രജ്ഞന്മാരായ വിക്രം സാരാഭായ്, Dr. A.P.J. അബ്ദുൽ കലാം എന്നിവരുടെ നേതൃത്വത്തിൽ ഒരുസംഘം അന്നത്തെ രൂപത അധ്യക്ഷനായ പീറ്റർ ബർണാഡ് തിരുമേനിയെ സമീപിച്ചു.

അവർ അന്ന് ആവശ്യപ്പെട്ടത് പരിശുദ്ധ മേരി മഗ്ദലേന ദേവാലയവും അന്നത്തെ ബിഷപ്പിന്റെ ഓഫീസും സ്ഥിതി ചെയ്യുന്ന പ്രദേശം ഇന്ത്യൻ ശാസ്ത്ര ലോകത്തിന്റെ വളർച്ചയ്ക്കായി വിട്ടു നൽകണം എന്ന് ആയിരുന്നു. വ്യക്തമായ മറുപടിയൊന്നും തിരുമേനി അവർക്ക് നൽകിയില്ല. അന്ന് ഒരു ശനിയാഴ്ചയായിരുന്നു. അടുത്തദിവസം ഞായറാഴ്ചയായതിനാൽ രാവിലെ നടക്കുന്ന ദിവ്യബലിയിൽ പങ്കുചേരുവാൻ അവരോട് അദ്ദേഹം ആവശ്യപ്പെട്ടു. അന്ന് ബലിമധ്യേ ജനങ്ങളോട് പീറ്റർ ബർണാഡ് തിരുമേനി ഈ ശാസ്ത്രജ്ഞന്മാർ വന്നതിനെകുറിച്ച് വിവരിച്ചു. ജനങ്ങൾ അന്ന് അതിന് പൂർണ്ണ സമ്മതം നൽകുകയും ചെയ്തു.

അങ്ങനെ 1962ൽ തുമ്പയിൽ Thumba Equatorial Rocket Launching Station (TERLS) സ്ഥാപിതമായി. ദേവാലയവും ബിഷപ്പിന്റെ ഓഫീസും ഇന്ത്യൻ ശാസ്ത്ര ലോകത്തിന്റെ വികസനത്തിനായി നൽകപ്പെട്ടു. ഇതിന് വ്യക്തമായ രേഖകളും തെളിവുകളും ഉള്ളതുകൊണ്ട് തന്നെ ഇന്നും അതിരൂപതയുടെ ഈ പ്രവർത്തിയെ എല്ലായിടത്തും പ്രശംസിക്കപ്പെടുന്നു. അന്ന് ഡോക്ടർ വിക്രം സാരാഭായിയോടൊപ്പം ഉണ്ടായിരിക്കുകയും പിൽക്കാലത്ത് ഇന്ത്യയുടെ രാഷ്ട്രപതിയുമായ Dr. APJ അബ്ദുൽ കലാം പല വേദികളിലും ഈ സംഭവം വിവരിക്കുകയും, അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ഇടവകളുടെ ചരിത്രനിർമ്മിതി നടത്തേണ്ടത് പാരമ്പര്യങ്ങളും പഴമയും കൂട്ടിയിണക്കുന്നതോടൊപ്പം തന്നെ വ്യക്തമായ സ്രോതസ്സുകളും കണ്ടെത്തുവാൻ ശ്രമിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ് എന്ന് ഇവിടെ ഞാൻ എടുത്തുപറയുന്നത്.

ഓരോ ഇടവകളുടെയും ചരിത്രത്തിലെ മറ്റൊരു പ്രധാനപ്പെട്ട അധ്യായമാണ് ആ ഇടവകകളുടെ വിദ്യാഭ്യാസ ചരിത്രം. ആദ്യകാല വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ആയിട്ടുള്ള കുടിപള്ളിക്കൂടങ്ങൾ, ആശാൻ കളരികൾ പോലുള്ള സംവിധാനങ്ങൾ, അവിടെ നിലനിന്നിരുന്ന വിദ്യാഭ്യാസ രീതികൾ, ഇങ്ങനെയുള്ളവയെല്ലാം അന്വേഷിച്ചറിയണം. അതോടൊപ്പം തന്നെ വ്യക്തികളുടെ പരിശ്രമങ്ങളും സംഭാവനകളും വിലയിരുത്തണം.

കാരണം ഒരു സമൂഹത്തിന്റെ പുരോഗതി അവർ ആർജിച്ച് എടുക്കുന്ന വിദ്യാഭ്യാസ പുരോഗതിയെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ വിദ്യാഭ്യാസ മേഖലയുടെ പരിവർത്തനത്തെ മനസ്സിലാക്കണമെങ്കിൽ പാരമ്പര്യങ്ങളുടെ പുറകെ സഞ്ചരിക്കുന്നതിനൊപ്പംതന്നെ ആ കാലഘട്ടത്തിലെ വ്യക്തികളെ കണ്ടെത്തുവാൻ സാധിക്കുമെങ്കിൽ അവരിൽ നിന്നും വിവരശേഖരണം നടത്താവുന്നതാണ്.

സാമ്പത്തിക മേഖലയുടെ വിവരണവും ഈ കൂട്ടത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇവയുടെ ചരിത്രനിർമ്മിതി നടത്തണമെങ്കിൽ ധാരാളം വസ്തുക്കൾ കണ്ടെത്തേണ്ടതുണ്ട്. സാമ്പത്തിക മേഖലയുടെ നട്ടെല്ലായി പ്രവർത്തിക്കുന്ന മേഖല ഏതാണ്? എന്തുകൊണ്ട് ജനങ്ങൾ കൂടുതലായി ഈ മേഖലയെ ആശ്രയിക്കുന്നു, സാമ്പത്തിക മേഖലയിലെ പ്രവാസികളുടെ സ്വാധീനം, കുടിയേറ്റക്കാരുടെ സ്വാധീനം, വിദേശവാസികളുടെ സ്വാധീനം, എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളും ഇവിടെ ഉൾപ്പെടുത്തേണ്ടതാണ്. അതോടൊപ്പംതന്നെ കർഷക തൊഴിലാളികൾ, വ്യാവസായിക തൊഴിലാളികൾ, വിവിധ കൈവേലക്കാർ, പരമ്പരാഗത കരകൗശല വിഭാഗക്കാർ, പരമ്പരാഗതമായി മത്സ്യ മേഖലകളിൽ ജോലി ചെയ്യുന്നവർ, എന്നിങ്ങനെ വിവിധ പാരമ്പര്യ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഒക്കെ സ്വാധീനം ചരിത്ര നിർമ്മിതിയിൽ ഉൾപ്പെടുത്തണമെങ്കിൽ പാരമ്പര്യങ്ങളെ മാത്രം അവലംബിച്ചാൽ, പറ്റില്ല മറിച്ച് സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് അവയൊക്കെയും നിർണയിക്കപ്പെടേണ്ടത്.

ഓരോ ഇടവകളുടെയും രാഷ്ട്രീയ ചരിത്രവും വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു വസ്തുതയാണ്. കാരണം വ്യത്യസ്തങ്ങളായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ രൂപപ്പെട്ടു കൊണ്ടിരിക്കുന്നു. അതിനാൽ തന്നെ ഈ മാറ്റങ്ങളെ വിലയിരുത്തുവാനും വിശകലനം ചെയ്യുവാനും നമുക്ക് സാധിക്കണം. മേൽ വിവരിച്ച കാര്യങ്ങളൊക്കെയും പൂർത്തീകരിച്ചുകൊണ്ട് ഓരോ ഇടവകകളുടെയും ചരിത്രം നമുക്ക് രേഖപ്പെടുത്തേണ്ടിവരുമ്പോൾ സമഗ്രമായി സ്രോതസ്സുകൾ സംരക്ഷിക്കപ്പെടുകയും, തെളിവുകളും, രേഖകളും സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഇടവകതലങ്ങളിൽ തന്നെ ഒരുക്കേണ്ടതിനെക്കുറിച്ച് നാം ഇനിയെങ്കിലും ചിന്തിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം തന്നെ ഇടവകകളിൽ നിന്നും നമുക്ക് ശേഖരിക്കുവാൻ കഴിയുന്ന രേഖകളെയും മറ്റും കേന്ദ്രീകൃതമായി നമ്മുടെ അതിരൂപതയിലും സൂക്ഷിക്കുന്നതിന് വേണ്ട ഒരു സംവിധാനവും അടിയന്തരമായി ഒരുക്കേണ്ടതാണ്. മറ്റു പല സഭകളും അവർക്ക് ലഭ്യമായ രേഖകളും മറ്റും അടുക്കും ചിട്ടിയോടും കൂടി സംരക്ഷിക്കുന്നുണ്ട്.

നമുക്കും അത്തരത്തിൽ വിവിധങ്ങളായ രേഖകളും, വിവരങ്ങളും സംരക്ഷിച്ചുകൊണ്ട് വസ്തുനിഷ്ഠമായ ഒരു ചരിത്രരചനയ്ക്കായി ഇനിയെങ്കിലും ഒരുമിച്ച് പരിശ്രമിക്കാം. ■



കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ



# കുമ്പസാരമെന്ന കൂദാശയും പൊതുവായ പാപമോചനവും

കുമ്പസാരമെന്ന കൂദാശയെക്കുറിച്ച് വികലവും വിമർശനാത്മകവുമായ കാഴ്ചപ്പാട് സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ പങ്കുവയ്ക്കുന്നവരുടെ എണ്ണം കൂടിവരുന്ന കാലഘട്ടമാണിത്. എന്താണ് കുമ്പസാരം; എന്തിനാണ് ഒരു പുരോഹിതനോട് കുമ്പസാരിക്കുന്നത്, അഥവാ കുമ്പസാരിക്കണമെന്നുണ്ടെങ്കിൽ പൊതു കുമ്പസാരം പോരേ? എന്ന് ചോദിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ഇത്തരം ചോദ്യങ്ങളോടുള്ള സഭയുടെ ഔദ്യോഗികമായ പ്രതികരണം എന്താണ്?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959-964 കുമ്പസാരമെന്ന കൂദാശയെക്കുറിച്ചും പൊതുവായ പാപമോചനത്തെക്കുറിച്ചും പഠിപ്പിക്കുന്നു. കത്തോലിക്കാ സഭുടെ മതബോധനഗ്രന്ഥം (CCC)1422-1424 കുമ്പസാരമെന്ന കൂദാശയുടെ വിവിധ നാമങ്ങളെക്കുറിച്ച് വിവരിക്കുന്നു. അനുതാപം എന്ന കൂദാശയിൽ നിയമാനുസൃത കാർമ്മികനോട് കുമ്പസാരിക്കുന്ന വിശ്വാസിയിൽ, CIC959, CCC 1422 പ്രകാരം, സംഭവിക്കുന്ന കാര്യങ്ങളും അവർ സ്വീകരിക്കുന്ന കൃപകളും താഴെപ്പറയുന്നവയാണ്:

1. തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നു.
2. തങ്ങളെത്തന്നെ നവീകരിക്കാമെന്ന് തീരുമാനിക്കുന്നു.
3. കാർമ്മികൻ നല്കുന്ന ആശീർവാദത്തിലൂടെ ജ്ഞാനസ്നാനത്തിനുശേഷം ചെയ്തുപോയ പാപങ്ങൾക്ക് ദൈവത്തിൽനിന്ന് പാപമോചനം സ്വീകരിക്കുന്നു.
4. പാപം ചെയ്തു മുറിപ്പെടുത്തിയ സഭയുമായി അനുരഞ്ജനപ്പെടുന്നു.

CCC 1423-1424 പ്രകാരം, കുമ്പസാരം എന്ന കൂദാശ താഴെപ്പറയുന്ന വിവിധ പേരുകളിലും അറിയപ്പെടുന്നു:

1. അനുതാപത്തിന്റെ കൂദാശ
2. മാനസാന്തരത്തിന്റെ കൂദാശ
3. ക്ഷമിക്കലിന്റെ കൂദാശ
4. അനുരഞ്ജനത്തിന്റെ കൂദാശ

CIC 961-964, *Ordo Paenitentiae* of 02.12.1973 പ്രകാരം, പാപത്തെക്കുറിച്ച് സ്വയം ബോധ്യമുള്ള വിശ്വാസി ദൈവവുമായും സഭയുമായും അനുരഞ്ജനപ്പെടാനുള്ള സാധാരണയായ ഏകമാർഗ്ഗം വ്യക്തിപരവും സമഗ്രവുമായ പാപങ്ങളുടെ ഏറ്റുപറച്ചിലും പാപമോചനാശീർവാദവുമാണ്. സാധാരണയായ ഏക മാർഗ്ഗം ശാരീരികമായോ ധാർമ്മികമായോ സാധ്യമാകുന്ന സാഹചര്യത്തിൽ വ്യക്തിപരമായ കുമ്പസാരത്തിനു പകരം, താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി, പൊതുവായ പാപമോചനാശീർവാദത്തിലൂടെ വിശ്വാസികൾക്ക് അനുരഞ്ജനം നേടാവുന്നതാണ്:

1. മരണാവസ്ഥ ആസന്നമായിരിക്കുകയും പുരോഹിതനോ പുരോഹിതർക്കോ ഓരോ അനുതാപിയുടെയും ഏറ്റുപറച്ചിൽ കേൾക്കാൻ സമയം ലഭ്യമല്ലാതിരിക്കുകയും ചെയ്യുമ്പോൾ;

2. അനുതാപികളുടെ സംഖ്യ പരിഗണിക്കുമ്പോൾ, നിശ്ചിത സമയത്തിനുള്ളിൽ ഓരോരുത്തരുടെയും കുമ്പസാരം വേണ്ടവിധത്തിൽ ശ്രവിക്കാൻ ആവശ്യത്തിന് പുരോഹിതർ ഇല്ലാതിരിക്കുകയും അങ്ങനെ അനുതാപികൾക്ക് സ്വന്തം കുറ്റത്താലല്ലാതെ കൗദാശിക കൃപാവരമോ ദിവ്യകാരുണ്യമോ ദീർഘകാലത്തേക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യമുള്ളപ്പോൾ;

അതേസമയം, വലിയ തിരുനാളുകളിലും തീർത്ഥാടന കേന്ദ്രങ്ങളിലും കാണുന്നതുപോലെയുള്ള അനുതാപികളുടെ വലിയ ബാഹുല്യം പൊതുവായ പാപമോചനത്തിനുള്ള സാഹചര്യമായി കാണാൻ കഴിയില്ലെന്ന് CIC 961 §1, 2° നമ്മെ ഓർമിപ്പിക്കുന്നു.

3. പൊതുപാപമോചനത്തിനുള്ള മുകളിൽ സൂചിപ്പിച്ച രണ്ടു സാഹചര്യങ്ങളും നിലനില്ക്കുന്നുണ്ടോ എന്ന് തീരുമാനിക്കേണ്ടത് രൂപതാ മെത്രാനാണ്.

ഫലവത്തായ രീതിയിൽ പൊതു പാപമോചനാശീർവാദം സ്വീകരിക്കാൻ ഒരു ക്രിസ്തീയ വിശ്വാസിക്കുണ്ടായിരിക്കേണ്ട രണ്ടുതരം മാനസികാവസ്ഥ:

1. ശരിയായ മനോഭാവം
2. ഏറ്റുപറയാൻ കഴിയാത്ത ഗൗരവതരമായ പാപങ്ങൾ ഉചിതമായ സമയത്ത് കുമ്പസാരിക്കുമെന്ന വ്യക്തിപരമായ തീരുമാനം എന്നിവയാണ്. ■




# മുഖമില്ലാത്തവരുടെ മുഖം

ഒരു സിനിമ കണ്ടു. "The face of the faceless" മുഖമില്ലാത്തവരുടെ മുഖം. പേരുപോലെ വ്യത്യസ്തമായൊരു സിനിമ. അതിൽ വ്യത്യസ്തമായൊരു ജീവിതം. പറഞ്ഞുവരുന്നത് വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള സിനിമയെക്കുറിച്ചാണ്.

മധ്യപ്രദേശിലെ ഉദയനഗർ ഗ്രാമത്തിൽ സിസ്റ്റർ റാണി മരിയയുടെ ശുശ്രൂഷയെയും ജീവിതത്തെയും വളരെ മനോഹരമായി എടുത്തുകാട്ടുന്ന ചലച്ചിത്രം. നിരാലംബരായ ഗോത്രവർഗ്ഗസമൂഹം ജന്മിമാരുടെ ചൂക്ഷണത്തിന് അടിമപ്പെട്ട് ജീവിതം മുന്നോട്ട് നയിക്കുമ്പോൾ മനുഷ്യത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതുസൃഷ്ടി എന്നോണം ഒരു സമൂഹത്തിൽ ഇഴുകിചേർന്ന സിസ്റ്റർ റാണി മരിയയുടെ ജീവിതത്തെ ജനഹൃദയങ്ങളിലേക്ക് എത്തിക്കുന്നതാണ് ഈ സിനിമയുടെ ഇതിവൃത്തം. ഹൃദ്യമാണ് ആ ജീവിതം. അക്ഷരങ്ങൾക്ക് വെളിച്ചവും ശരീരങ്ങൾക്ക് ജീവനും അദ്ധ്വാനിക്കാൻ ഇടവും ഒരുക്കാൻ ഒരു സാധാരണ സന്ന്യാസിനി കടന്നുപോയത് ക്രിസ്തുവിന്റെ അതേ ധീരതയോടയൊണ്. നിറഗർഭിണിയായ പെൺകുട്ടി താഴെ വീഴുമ്പോൾ ചോരവാർന്ന് ഒഴുകുന്നുണ്ട്, സിസ്റ്ററിന്റെ കണ്ണും. രോഗത്താൽ ആരോരുമില്ലാത്ത വയോധികനെ നെഞ്ചോട് ചേർത്തുപിടിക്കുമ്പോൾ കാൽവരിയിലെ പരിശുദ്ധ അമ്മയ്ക്ക് സമാനമാകുകയാണ് സിസ്റ്ററും. കുടിക്കാൻ വെള്ളമില്ലാത്ത ഒരു ജനത്തിന്റെ വേദനയിൽ കിണറുകുഴിക്കുമ്പോൾ സുവിശേഷപ്രഘോഷണത്തിന്റെ പുതിയൊരു സാധ്യത തുറന്നുതരുന്നുണ്ട്. അനീതിക്കെതിരെ ജന്മികളോട് ശബ്ദമുയർത്തുമ്പോൾ 2000 വർഷങ്ങൾക്ക് മുമ്പ് ഫരിസേയരുടേയും നിയമജ്ഞരുടേയും തെറ്റിനെ ചൂണ്ടിക്കാട്ടിയ ക്രിസ്തുവിന്റെ പ്രവാചകശബ്ദം ഓർമ്മവരുന്നുണ്ട്. ഇതൊന്നും അത്ഭുതമായി കാണുന്നില്ല. ക്രിസ്തുവിന്റെ മണവാട്ടി ക്രിസ്തുവിനോളം വളർന്നില്ലെങ്കിൽ എന്തർത്ഥമാണുള്ളത്? അവൾക്ക് അങ്ങനെ ഒന്നും ആകാതിരിക്കാൻ കഴിയില്ലല്ലോ?

ഒടുവിൽ സമന്തർ സിങ് എന്ന വാടക കൊലയാളിയുടെ കത്തിയിൽ 54 ഓളം കുത്തേറ്റ് പിടഞ്ഞുവീഴുമ്പോൾ തീയറ്ററിൽ കണ്ണീരിൽ കുതിർന്ന മൗനമായിരുന്നു ബാക്കി.

ഷെയ്സൺ പി. ഔസേപ്പ് സംവിധാനം ചെയ്ത ഈ സിനിമ സാന്ദ്ര ഡിസൂസ റാണായാണ് നിർമ്മിച്ചിരിക്കുന്നത്. ജയപാൽ ആനന്ദന്റെ തിരക്കഥയിൽ രൂപം കൊണ്ടതാണ് ഈ ചിത്രം. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വരികൾക്ക് അൽഫോൺസ് ജോസഫ് സംഗീതം നല്കുകയും പ്രശസ്ത ഗായകരായ കെ.എസ്. ചിത്ര, ഹരിഹരൻ, ജെവെദ് അലി, കൈലാസ് ഖേർ എന്നിവർ ഗാനമാലപിക്കുകയും ചെയ്തു. സംസ്ഥാന അവാർഡ് ജേതാവായ വിൻസി അലോഷ്യസിന്റെ മനോഹരമായ അഭിനയം ഇതിൽ കാതലായി എടുത്തുപറയേണ്ടതാണ്. ഓരോ രംഗങ്ങളും കണ്ടിരിക്കുന്നവരുടെ ഉള്ളിൽ ആഴ്ന്നിറങ്ങുന്നതാണ്. ഇത്രത്തോളം പ്രഫഷണലിസം കാത്തുസൂക്ഷിച്ചതുകൊണ്ടാകാം പത്തോളം ഭാഷയിൽ തർജ്ജമചെയ്യപ്പെട്ടതും നിരവധി അവാർഡുകൾ ഈ ചുരുങ്ങിയ കാലത്തിനിടയിൽ നേടിക്കൊടുത്തതും.

പറയുവാനുള്ളത് ഒരു കാര്യമണ് : ഈ സിനിമ കാണണം. മറ്റൊന്നിനുമല്ല ഇതുവരെയും എത്തിപ്പെടാത്ത ക്രൈസ്തവ ജീവിത്തെ അത് പറഞ്ഞുതരും. ഈ ജീവിതമല്ല ക്രൈസ്തവ ജീവിതം എന്നു കാട്ടിത്തരും. ഈ ചിത്രത്തിന് ഓർമ്മിപ്പിക്കാനുള്ള കാര്യങ്ങൾ നിരവധിയാണ്. സമർപ്പിത ജീവിതത്തെ പൂർണ്ണമായി ജീവിച്ചുതീർത്ത ഒരു പുണ്യ ചരിതയുടെ ജീവിതം, സഭയുടെ മിഷൻ പ്രവർത്തനത്തിന്റെ ചെറുപതിപ്പ്, 2000 വർഷത്തോളം കൈമാറപ്പെടുന്ന തീഷ്ണമായ ക്രിസ്തുബോധം, ഓരോ ക്രൈസ്തവന്റെയും സഹോദരനോടുള്ള ഉത്തരവാദിത്തം. രണ്ട് മണിക്കൂറോളം നീണ്ട ഈ ചിത്രത്തിനുശേഷം നിറകണ്ണുകളോടെ ഇറങ്ങുമ്പോൾ ഉള്ളിൽ ഒരുചോദ്യം ഉയരുന്നുണ്ട്: ഇത്രത്തോളം വളരാൻ ഇനി എത്ര വളരേണം. ■



ഫാ. വർഗീസ് ജോസഫ്

വാർത്തകൾ
കൂടുതൽ വാർത്തകൾക്ക്
www.archtvmnews.com



# പൗരോഹിത്യ ശുശ്രൂഷയിൽ പ്രസാദാത്മകമായ കാൽനൂറ്റാണ്ട് പൂർത്തിയാക്കി ബിഷപ് ക്രിസ്തുദാസ്

തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ബിഷപ് ക്രിസ്തുദാസ്, പൗരോഹിത്യ ജീവിതത്തിൽ കാൽനൂറ്റാണ്ട് പൂർത്തിയാക്കിയതിന്റെ കൃതജ്ഞത, ദിവ്യബലി നവംബർ 25 ന് പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ നടന്നു. 1971 നവംബർ 25ന് ജനിച്ച ക്രിസ്തുദാസ് പിതാവ് 1998 നവംബർ 15ന് സൂസപാക്യം പിതാവിൽ നിന്നാണ് പൗരോഹിത്യം സ്വീകരിച്ചത്. തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ, ആർച്ച് ബിഷപ് എമിരിത്തൂസ് ഡോ. സൂസപാക്യം, നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ വിൻസന്റ് സാമുവൽ, മലങ്കര ഓർത്തഡോക്സ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, അതിരുപതയിലെ വൈദികർ, സന്യസ്തർ, ഇടവക പ്രതിനിധികൾ, അൽമായർ തുടങ്ങി വലിയൊരു വിശ്വാസസമൂഹം കൃതജ്ഞത ദിവ്യബലിയിൽ പങ്കെടുത്തു. പൗരോഹിത്യ ജീവിതത്തിലെ ദീപ്തമായ 25 വർഷങ്ങളുടെ പ്രതീകമായി 25 ദീപങ്ങൾ തെളിയിച്ചുകൊണ്ടാണ് കൃതജ്ഞത, ദിവ്യബലി ആരംഭിച്ചത്. ക്രിസ്തുദാസ് പിതാവിന്റെ ജീവിതം തന്റെ നാമം പോലെ ക്രിസ്തു കേന്ദ്രീകൃതമാണെന്നും, തന്റെ അജപാലന ദൗത്യം നിറവേറ്റുന്ന അവസരങ്ങളിൽ ക്രിസ്തുവിനെ അനുകരിക്കാൻ ശ്രമിക്കുന്ന വ്യക്തിത്വമാണ് ക്രിസ്തുദാസ് പിതാവിന്റേതെന്നും വചന സന്ദേശത്തിൽ തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത പറഞ്ഞു. ക്രിസ്തുദാസ് പിതാവിന്റെ പൗരോഹിത്യ ജീവിതം പ്രസാദത്മകമായ ശൈലി പിന്തുടരുന്ന ഒന്നാണെന്നും അതിനാൽ തന്നെ ഏവരെയും ദൈവസ്നേഹത്തിലേക്ക് നയിക്കാൻ പിതാവിന് കഴിയുന്നുവെന്നും അനുഗ്രഹ പ്രഭാഷണം നടത്തിയ സൂസപാക്യം പിതാവ് പറഞ്ഞു. നെയ്യാറ്റിൻകര രൂപതാദ്ധ്യക്ഷൻ ബിഷപ് വിൻസന്റ് സാമുവൽ ആശംസകൾ നേർന്നു. ആശംസാചടങ്ങിൽ പാളയം ഇമാം ശുഹൈബ് മൗലവി സന്നിഹിതനായിരുന്നു. ക്രിസ്തുദാസ് പിതാവിന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് പിതാവിന്റെ നാമധേയത്തിൽ വിദ്യാഭ്യാസ എൻഡോവ്മെന്റിന് തുടക്കം കുറിച്ചു. സിവിൽ സർവ്വീസ്, പി എച്ച് ഡി എന്നീ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക.

# തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എം. കലോത്സവം സമാപിച്ചു

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഫെറോനകളിലെ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ മരിയൻ എഞ്ചിനീറിംഗ് കോളേജിൽ വച്ച് യുവജനങ്ങളുടെ കലോത്സവം സംഘടിപ്പിച്ചു. എട്ട് ഫെറോനകളിൽ നിന്നും നാന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. കലോത്സവം ഉ



ദ്ഘാടനം ചെയ്തു. തദവസരത്തിൽ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന പിതാവിന് യുവജനങ്ങൾ സ്നേഹോപഹാരം സമർപ്പിച്ചു. വാശിയേറിയതും മികവുറ്റതുമായ മത്സരങ്ങൾ യുവജനങ്ങൾ കാഴ്ച്ചവച്ചു. കലോത്സവത്തിൽ പാളയം ഫെറോന ഒന്നാം സ്ഥാനവും കോവളം പുതുക്കുറിച്ചി ഫെറോനകൾ രണ്ടും മൂന്നും സ്ഥാനവും കരസ്ഥമാക്കി. തുടക്കം മുതൽ അവസാനംവരെ യുവജനങ്ങളുടെ സജീവമായ പങ്കാളിത്തം കലോത്സവത്തെ മികവുറ്റതാക്കി. മുൻ രൂപത പ്രസിഡന്റുമാരും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും കലോത്സവവേദി സന്ദർശിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. രൂപതാ കലോത്സവത്തിൽ പങ്കെടുത്ത് വിജയികളായവർ സംസ്ഥാനതലത്തിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാനുള്ള തയ്യാറെടുപ്പിലാണ്.

# 53 രൂപതകളിൽനിന്നും 5000ത്തിലധികം പേർ കളിച്ച ലോഗോസ് ക്വിസ് ഗെയിം ആപ്പ് ഏഴാം പതിപ്പിന് സമാപനം

വെള്ളയമ്പലം: തിരുവചനം വായിക്കുന്നതിനും പഠിക്കുന്നതിനും അതിൽ വളരുന്നതിനും KCBC ബൈബിൾ കമ്മിഷനും, കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും വർഷംതോറും നടത്തുന്ന ലോഗോസ് ക്വിസിന് കളിച്ചുകൊണ്ടൊരുങ്ങാൻ സഹായിക്കുന്ന ലോഗോസ് ക്വിസ് ഗെയിം ആപ്പിന്റെ ഏഴാം പതിപ്പിന് സമാപനം. ഇന്ന് വെള്ളയമ്പലത്ത് നടന്ന ചടങ്ങിൽ തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ ഡോ. തോമസ് ജെ. നെറ്റോ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

തിരുവനന്തപുരം അതിരൂപത മീഡിയകമ്മിഷൻ പുറത്തിറക്കുന്ന ലോഗോസ് ക്വിസ് പഠന സഹായിയും, ഗെയിം ആപ്പും അതിലെ സംഘാടകർക്കും അതിൽ പങ്കുകാരാകുന്നവർക്കും എമ്മാവൂസിൽ ക്രിസ്തുശിഷ്യർക്കുണ്ടായപോലെ 'വചനത്തിൽ ജ്വലിക്കുന്ന ഹൃദയങ്ങളും വചനത്താൽ ചലിക്കുന്നവരായും' കാണപ്പെടുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് തോമസ് ജെ. നെറ്റോ മെത്രാപ്പോലീത്ത ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. മീഡിയ കമ്മിഷൻ എക്സിക്യുട്ടിവ് സെക്രട്ടറി ഫാ. വിജിൽ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച സമ്മാനദാന ചടങ്ങിൽ ലോഗോസ് ടീം കൺവീനർ ഫാ. ദീപക് ആന്റോ സ്വാഗതം പറഞ്ഞു.

ലോഗോസ് ഗെയിം ആപ്പ് ഏഴാം പതിപ്പ് മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പുറത്തിറക്കിയിരുന്നു. ഇംഗ്ലീഷിൽ ആദ്യസ്ഥാനം കരസ്ഥമാക്കിയ തെലുങ്കാനയിലെ ഫരീദബാദ് രൂപതാംഗമായ ശ്രീ. വിൻസെന്റ് എം. എ, മലയാളം വിഭാഗത്തിൽ ആദ്യസ്ഥാനം കരസ്ഥമാക്കിയ തിരുവനന്തപുരം അതിരൂപതയിലെ ശ്രീമതി ഡോണ ബോസ് എന്നിവർ അഭിവന്ദ്യ മെത്രാപ്പോലീത്തയിൽ നിന്നും 5000/ രൂപ ക്യാഷ് പ്രൈസും, മെമന്റോയും, സർട്ടിഫിക്കറ്റും,





2024 ലോഗോസ് ക്വിസ് പഠന സഹായിയും ഏറ്റുവങ്ങി. രണ്ടാം സ്ഥാനകാർക്കുള്ള 3000/ രൂപ ക്യാഷ് പ്രൈസും, മെമന്റോയും, സർട്ടിഫിക്കറ്റും, 2024 ലോഗോസ് ക്വിസ് പഠന സഹായിയും കരസ്ഥമാക്കിയത് ഇംഗ്ളീഷ് വിഭാഗത്തിൽ തൃശൂർ രൂപതയിലെ ശ്രീമതി ഹണി സണ്ണിയും മലയാളം വിഭാഗത്തിൽ തിരുവനന്തപുരം അതിരൂപതയിലെ ശ്രീമതി ലത സജുവുമാണ്. മൂന്നാം സ്ഥാനം ഇംഗ്ലീഷ് വിഭാഗത്തിൽ ഇരിഞ്ഞാലക്കുട രൂപതാംഗം ശ്രീമതി ഹിമ സെബാസ്റ്റ്യൻ, മലയാളം വിഭാഗത്തിൽ തിരുവനന്തപുരം അതിരൂപതാംഗം ശ്രീമതി എൽസി ഡേവിഡ് എന്നിവർ 2000/ രൂപ ക്യാഷ് പ്രൈസും, മെമന്റോയും, സർട്ടിഫിക്കറ്റും, 2024 ലോഗോസ് ക്വിസ് പഠന സഹായിയും സ്വീകരിച്ചു. തുടർന്ന് ഇരു വിഭാഗങ്ങളിളായി 10 വരെ സ്ഥാനം നേടിയവർക്ക് 1000/ രൂപ ക്യാഷ് പ്രൈസും, മെമന്റോയും, സർട്ടിഫിക്കറ്റും, 2024 ലോഗോസ് ക്വിസ് പഠന സഹായിയും വിതരണം ചെയ്തു. മലയാളം വിഭാഗത്തിൽ ആദ്യ 100 സ്ഥാനക്കാർക്കും, ഇംഗ്ലീഷ് വിഭാഗത്തിലെ ആദ്യ50 സ്ഥാനക്കാർക്കും സർട്ടിഫിക്കറ്റും , 2024 ലോഗോസ് ക്വിസ് പഠന സഹായിയും നൽകി. വിവിധ കാരണങ്ങളാൽ സമ്മാനദാന ചടങ്ങിൽ എത്തിചേരാൻ കഴിയാത്തവർക്ക് മീഡിയ കമ്മിഷൻ ഓഫീസിൽ നിന്നും സമ്മാനങ്ങളും സർട്ടിഫിക്കറ്റും തപാൽ വഴിയെത്തിക്കും.

സമ്മാനദാന ചടങ്ങിൽ തിരുവനന്തപുരം അതിരൂപതയിൽ ബൈബിൾ പഠനക്ലാസ്സുകൾക്കായി അക്ഷീണം പ്രവർത്തിച്ചുവരുന്ന വിഴിഞ്ഞം ഇടവക വികാരി മോൺ. നിക്കോളസ് റ്റി., റവ. സിസ്റ്റർ സേവ്യർ അമ്മ എന്നിവർ ആശംസകളർപ്പിച്ചു. ലോഗോസ് ക്വിസ് ഗെയിം ഇംഗ്ലീഷ് വിഭാഗം കൈകാര്യം ചെയ്യുന്ന ശ്രീ. അലക്സ് ഫെർണാണ്ടസ്, ഗെയിമിൽ ഏറ്റവുമധികം പോയിന്റ് കരസ്ഥമാക്കിയ ശ്രീ. വിൻസന്റ് എന്നിവർ സന്ദേശം നൽകി. ലോഗോസ് ടീം കോ ഓർഡിനേറ്റർ ശ്രീ. ഷാജി ജോർജ്ജ് കൃതജ്ഞതയർപ്പിച്ചു.

2024 ജൂലൈ മാസത്തിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പുറത്തിറങ്ങുന്ന ഗെയിം ആപ്പിൽ കളിച്ച് വിജയിക്കുന്നവർക്ക് ഇരുവിഭാഗങ്ങളിലുമായി ഒന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 10,000 രൂപയും രണ്ടാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 7500 രൂപയും മൂന്നാം സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 5000 രൂപയും 4 മുതൽ 10 സ്ഥാനക്കാർക്ക് പ്രോത്സാഹനമായി 1000 രൂപയുമാണ് ക്യാഷ്പ്രൈസായി ലഭിക്കുക.

# ആഴാകുളം ഇടവകയിൽ ഇതര മതസ്ഥരോടൊപ്പം ഒലിവ് മരം നട്ട് സമാധാന ദിനമാചരിച്ച് ക്രിസ്തുരാജത്വ തിരുനാൾ

കോവളം: ആഴാകുളം ക്രിസ്തുരാജ ദൈവാലയത്തിൽ ലോകസമാധാന ദിനമാചരിച്ച് ക്രിസ്തുരാജത്വ തിരുനാളിന് തുടക്കം കുറിച്ചു. തിരുനാൾ കൊടിയേറ്റത്തിന് മുമ്പായി നടന്ന പ്രാർത്ഥനാ ചടങ്ങിൽ ഇതര മതസ്ഥരും പങ്കെടുത്തു. ആഴാകുളം ഭഗവതി ക്ഷേത്ര പ്രതിനിധി ശ്രീ. സുകുമാരൻ നായർ വിഴിഞ്ഞം ഠൗൺഷിപ്പ് ജുമാ അത്ത് ഇമാം ശ്രീ. അയൂബ് എന്നിവരോടൊപ്പം ഇടവക വികാരി ഫാ. യൂജിൻ ബ്രിട്ടോ ദൈവാലയാങ്കണത്തിൽ ഒലിവ് തൈ നട്ട് ലോകസമാധാനത്തിനായി പ്രത്യേകം പ്രാർത്ഥന നടത്തി. ഫാ. ലെനിൻ ഫെർണ്ണാണ്ടസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിലും ലോകസമാധനമായിരുന്നു വിചിന്തന വിഷയം. ക്രിസ്തു: സമാധാന പാലകനായ ദൈവപുത്രൻ എന്ന വിഷയത്തെ ആസ്പദമാക്കി  ഡോ. ലോറൻസ് കുലാസ് വചന വിചിന്തനം നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കടിമപ്പെട്ടവരുടെ വിമോചനത്തിനായുള്ള പദ്ധതി, വയോജന ദിനത്തിൽ വയോജന കൂട്ടായ്മ രൂപീകരണം, ദമ്പതി ദിനത്തിൽ വിവാഹ സഹായ പദ്ധതി, കടലോർമ്മ ദിനത്തിൽ ഭവന സഹായ പദ്ധതി, വിദ്യാർത്ഥികൾക്ക് പഠന സഹായ പദ്ധതി, ചികിത്സാ സഹായ പദ്ധതി, ഏകസ്ഥരുടെ ആത്മീയ പരിചരണം തുടങ്ങി മാതൃകാപരമായ കാരുണ്യപദ്ധതികൾ തിരുനാളിന്റെ ഓരോ ദിനങ്ങളിലും തുടക്കം കുറിക്കും.





# 'ഇഗ്നൈറ്റ്  2023' ജ്വാലയായി പാളയം ഫെറോന മതബോധന സംഘം

ജ്വലിക്കുന്ന ഹൃദയവും ചലിക്കുന്ന പാദങ്ങളുമായി പാളയം ഫെറോനയുടെ വിവിധ ഇടവകകളിൽ ക്രിസ്തീയ വിശ്വാസം പരിശീലിപ്പിക്കുന്ന അധ്യാപകർ മണക്കാട് വിശുദ്ധ ചാൾസ് ബറോമിയോ നഗറിൽ ഒത്തുകൂടി. വിവിധ ഇടവകകളിലെ പിടിഎ അംഗങ്ങളും സ്റ്റുഡൻസ് ഡിസൈപ്പിൾസ് ഫോറം അംഗങ്ങളും ചേർന്ന് സംഘടിപ്പിച്ച അധ്യാപക സമ്മേളനം അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. മണക്കാട് നിത്യസഹായ മാതാ ദേവാലയ അങ്കണത്തിലെ വിവിധ വേദികളിൽ നടന്ന പരിപാടി ഇടവക വികാരി ഫാദർ സെബാസ്റ്റ്യൻ കളംപാടന്റെ നേതൃത്വത്തിൽ ആരംഭിച്ചു. 'ക്രിസ്തു വിശ്വാസം നവലോകത്തിന് പകർന്നു നൽകുന്നതിന് മതബോധന അധ്യാപകർ നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ അധ്യാപകർ പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിച്ചു.

Students Desciples Forum - (SDF) ലെ 87 വിദ്യാർത്ഥി നേതാക്കൾ 'യേശു എന്റെ നേതാവ് ക്രിസ്തു എന്റെ ലഹരി' എന്ന സെമിനാറിൽ പങ്കെടുത്തു. സെമിനാറിന്  തിരുവനന്തപുരം അതിരൂപത KCSL ഡയറക്ടർ ഫാദർ ഡേവിഡ്സൺ, നെയ്യാറ്റിൻകര രൂപത ചിൽഡ്രൻസ് കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി  ഫാദർ രതീഷ് മാർക്കോസ് എന്നിവർ നേതൃത്വം നൽകി. പ്രതിനിധി സമ്മേളനത്തിൽ പങ്കെടുത്ത 58 PTA പ്രതിനിധികൾ 'ഈ നവലോകത്ത് കുഞ്ഞുങ്ങൾക്ക് ക്രിസ്തു വിശ്വാസം പകർന്നു നൽകേണ്ടതിന്റെ ആവശ്യകത' എന്ന വിഷയം ചർച്ച ചെയ്തു. ചർച്ചകൾക്ക് നെയ്യാറ്റിൻകര രൂപത പാസ്റ്ററൽ  സെൻറർ ഡയറക്ടർ ഫാദർ കിരൺ രാജ് , അതിരൂപതാ അജപാലന ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ഡാർവിൻ ഫെർണാണ്ടസ്, എന്നിവർ നേതൃത്വം നൽകി. 'ഇന്ന് വിദ്യാഭ്യാസ രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ ക്രിസ്തു വിശ്വാസം നേരിടുന്ന വെല്ലുവിളികളെ വിശദീകരിച്ചുകൊണ്ട് ഫെറോന ഡയറക്ടർ ഫാദർ ജെറോം അമൃതയ്യൻ പൊതുസമ്മേളന വേദിയിൽ വിഷയം അവതരിപ്പിച്ചു.  അധ്യാപക പ്രതിനിധികളായ പ്രൊഫസർ നോർബർട്ട്(തൃക്കണ്ണപുരം), എൽസമ്മ ടീച്ചർ (കിള്ളിപ്പാലം), റാണി ടീച്ചർ (കുലശേഖരം) എന്നിവരുടെ ജീവിത സാക്ഷ്യങ്ങൾ മതാധ്യാപക സമൂഹത്തെ ആവേശം കൊള്ളിച്ചു. സമാപന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജെറോം അമൃതയ്യൻ ഉന്നയിച്ച 'കുഞ്ഞുങ്ങളെ ക്രിസ്തുവായി രൂപപ്പെടുത്താം' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട്, വിദ്യാർത്ഥികളുടെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഇടവകൾ തോറും ചെറു  സംഘങ്ങളാക്കി ഒഴിവ് ദിവസങ്ങളിലെല്ലാം  വിവിധ പരിപാടികൾ സംഘടിപ്പിക്കാനും കുട്ടികളെ ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി നിരന്തരം ജ്വലിപ്പിച്ച് നിർത്തുവാനും ശ്രദ്ധിക്കാം എന്ന തീരുമാനത്തോടെ പൊതുസമ്മേളനം  അവസാനിച്ചു .  പാളയം ഫൊറോന മതബോധന സെക്രട്ടറി മനോജ് ആന്റോ, പ്രോഗ്രാം കൺവീനർ ആനി ജോർജ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, മണക്കാട് പാരിഷ് കൗൺസിൽ അംഗങ്ങളും അധ്യാപകരും, ഇടവക വികാരിമാർ, സിസ്റ്റേഴ്സ് ഇടവക ഹെഡ്മാസ്റ്റർ മാർക്കും സഹകരിച്ച മറ്റുള്ളവർക്കും നന്ദി പറഞ്ഞു.

# കെആർഎൽസിസി അവാർഡുകൾ പ്രഖ്യാപിച്ചു : തിരു. അതിരൂപതയിലെ ഡോ. ഐറിസിനും ക്ലെയോഫസ് അലക്സിനും വനിതാ ശാക്തീകരണ, കായിക അവാർഡുകൾ

എറണാകുളം: കേരളത്തിലെ റോമൻ കത്തോലിക്കാസഭാ സമൂഹത്തിന്റെ ഉന്നത നയരൂപീകരണ, ഏകോപന സമിതിയായ കെആർഎൽസിസിയുടെ 2023ലെ അവാർഡുകൾ പ്രഖ്യാപിച്ചു.

ഗുരുശ്രേഷ്ഠ അവാർഡിന് സി.ജെ റോബിനെയും (കോഴിക്കോട് രൂപത), വനിതാ ശാക്തീകരണ അവാർഡിന് ഡോ. ഐറിസ് കൊയ്‌ലിയോയെയും (തിരുവനന്തപുരം അതിരൂപത), യുവത അവാർഡിന് സജീവ് ബി.യെയും (പുനലൂർ രൂപത), സമൂഹനിർമിതി അവാർഡിന് ബ്രദർ ജോയി പുതിയവീട്ടിലിനെയും (കോട്ടപ്പുറം രൂപത), സാഹിത്യ അവാർഡിന് പി.എഫ് മാത്യൂസിനെയും (വരാപ്പുഴ അതിരൂപത), വൈജ്ഞാനിക സാഹിത്യ അവാർഡിന് ഷാർബിൻ സന്ധ്യാവിനെയും (ആലപ്പുഴ രൂപത), മാധ്യമ അവാർഡിന് ഫാ. സേവ്യർ കുടിയാംശ്ശേരിയെയും (ആലപ്പുഴ രൂപത), സംരംഭക അവാർഡിന് ഷൈജ റൂഫസിനെയും (വരാപ്പുഴ അതിരൂപത), കലാപ്രതിഭ അവാർഡിന് റെക്സ് ഐസക്കിനെയും (വരാപ്പുഴ അതിരൂപത), വിദ്യാഭ്യാസശാസ്ത്ര അവാർഡിന് ജോയി സെബാസ്റ്റ്യനെയും (ആലപ്പുഴ രൂപത), കായിക അവാർഡിന് ക്ലെയോഫസ് അലക്സിനെയും (തിരുവനന്തപുരം അതിരൂപത) തിരഞ്ഞെടുത്തു.

ലത്തീൻ കത്തോലിക്കാ ദിനത്തോടനുബന്ധിച്ച് ഡിസംബർ മൂന്നിന് 2.30ന് എറണാകുളം ഇൻഫന്റ് ജീസസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന വരാപ്പുഴ അതിരൂപതയുടെ ജനജാഗര സമ്മേളനത്തിൽ വച്ച് അവാർഡുകൾ സമ്മാനിക്കും. ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിലും മറ്റു സഭാമേലധ്യക്ഷന്മാരും രാഷ്ട്രീയ സാമൂഹികരംഗത്തെ പ്രമുഖരും സംബന്ധിക്കും.

### ഡോ. ഐറിസ് കൊയ്‌ലിയോ

കോളജ് അധ്യാപനകാലത്തുതന്നെ തന്റെ പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ശ്രദ്ധ പിടിച്ചുപറ്റിയ സ്ത്രീപക്ഷ എഴുത്തുകാരിയും വനിതാ നേതാവുമാണ് ഡോ. ഐറിസ് കൊയ്‌ലിയോ.



പിന്നാക്ക വിഭാഗങ്ങളുടെ സമുദ്ധാരണത്തിന് തന്റെ കഴിവുകൾ വിനിയോഗിച്ചു. 'ഇന്ത്യൻ സാമൂഹികപ്രശ്നങ്ങൾ നോവലുകളിൽ' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. നിയമബിരുദവും നേടിയിട്ടുണ്ട്. രചനാരംഗത്ത് പുതുമയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. സാഹിത്യത്തിലെ സ്ത്രീപക്ഷ നിരൂപണങ്ങളുടെ സമാഹാരമായ 'പടരുന്ന മഷിച്ചാലുകൾ' ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. 'പക്ഷിയുടെ പാട്ട്' റൂമി കവിതകളുടെയും, 'പ്രതിബിംബങ്ങൾ' ശ്രീലങ്കൻ കവിതകളുടെയും മനോഹാരിയായ മൊഴിമാറ്റങ്ങളാണ്. ഫ്രാൻസിസ് പാപ്പായുടെ 'ലെറ്റസ് ഡ്രീം' ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങളുടെ പ്രൗഢ വിവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

### ക്ലെയോഫസ് അലക്സ്

തിരുവനന്തപുരത്തെ തീരദേശഗ്രാമമായ പൊഴിയൂരിനെ കാൽപന്തിന്റെ മഹിമയിലേക്കു കൈപിടിച്ചുയർത്തിയ പരിശീലകനാണ് ക്ലെയോഫസ് അലക്സ്. മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ, എം.ഫിൽ പരീക്ഷകളിൽ ഉന്നത വിജയം നേടിയിട്ടുണ്ട്. ഫുട്ബോളും മൾട്ടിമീഡിയാ ടെക്നോളജിയും എന്ന വിഷയത്തിൽ ഇപ്പോൾ ഡോക്ടറേറ്റ് ചെയ്യുന്നു. കോളജ് പ്രഫസർ സ്ഥാനം വേണ്ടെന്നുവച്ചാണ് പരിശീലകന്റെ വേഷമണിഞ്ഞത്.



സംസ്ഥാന, ദേശീയ, സ്കൂൾതല, സന്തോഷ് ട്രോഫി, ഐ ലീഗ് തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുത്ത നൂറോളം കുട്ടികളുടെ പരിശീലകനായിരുന്നു. നിരവധി പ്രഫഷണൽ ടീമുകളെ പരിശീലിപ്പിച്ചിട്ടുണ്ട്. ഏജീസ് ഓഫീസ്, എസ്ബിഐ, കെഎസ്ഇബി, ഐഎഫ്സി, റെയിൽവേ, ഇന്ത്യൻ നേവി തുടങ്ങിയ സ്ഥാപനങ്ങളുടെ ടീമുകളിൽ ക്ലെയോഫസ് അലക്സിന്റെ കീഴിൽ പരിശീലനം നേടിയ നിരവധി പേർ വിവിധ തസ്തികകളിൽ തൊഴിൽ നേടിയിട്ടുണ്ട്. തിരുവനന്തപുരം അതിരൂപതയുടെ കായിക പദ്ധതിയായ ലിഫ അക്കാദമിയുടെ ടെക്നിക്കൽ ഡയറക്ടറും പരിശീലകനുമാണ്.

# ലഹരിയുടെ ഉപയോഗം ജീവിതത്തിൽ സമ്മാനിക്കുന്നത് നഷ്ടങ്ങൾ മാത്രം: പൂത്തുറ ഇടവകയിൽ ലഹരിവിരുദ്ധ, ട്രാഫിക് ബോധവൽക്കരണ സെമിനാർ നടന്നു

പൂത്തുറ: പൂത്തുറ ഇടവകയിൽ കേരള പോലീസിന്റെ സഹകരണത്തോടെ മദ്യ ലഹരി വിരുദ്ധ, ട്രാഫിക് ബോധവൽക്കരണ സെമിനാർ നടന്നു. ഇടവക വികാരി ഫാദർ ബീഡ് മനോജ് അമാദോയുടെ അധ്യക്ഷതയിൽ കടയ്ക്കാവൂർ സിഐ സജിൻ ലൂയിസ് സെമിനാർ ഉദ്ഘാടനം ചെയ്തു. പാറശ്ശാല തരംഗിണി ചാരിറ്റബിൾ സൊസൈറ്റി സ്ഥാപകൻ അജേഷ് സെമിനാർ നയിച്ചു. ഇന്ന് യുവജനശക്തിയെ പ്രത്യേകിച്ച് അവരുടെ കഴിവുകളെ, നന്മകളെ, സർഗ്ഗശേഷിയെ, പഠന മേഖലകളെ, ജോലി സാധ്യതകളെയൊക്കെ നശിപ്പിക്കുന്ന വലിയ ദുരന്തമായി ലഹരി മാറിക്കഴിഞ്ഞു എന്നും ഈ ദുരന്തത്തിൽ നിന്നും കുട്ടികളെയും യുവജനങ്ങളെയും കരകയറ്റുന്നതിന് നാമെല്ലാവരും ഒത്തൊരുമിച്ച് നിൽക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു എന്ന് തന്റെ അധ്യക്ഷ പ്രസംഗത്തിൽ ഇടവക വികാരി ഓർമ്മപ്പെടുത്തി. മനുഷ്യമനസ്സുകളെ മയക്കി മായാവലയത്തിൽ ആക്കുന്ന വിവിധതരം ലഹരിവസ്തുക്കൾ ഇന്ന് കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ സുലഭം ആണെന്നും, ഇതിൽ നിന്നും ഒഴിഞ്ഞുമാറി എങ്ങനെ തരണം ചെയ്യാൻ സാധിക്കും എന്നും, പിടിക്കപ്പെട്ടാൽ നിയമപരമായി നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും, ലഹരിവസ്തുക്കളിൽ കുട്ടികളും യുവജനങ്ങളും എങ്ങനെയാണ് ആകൃഷ്ടരാകുന്നതെന്നും, എങ്ങനെയാണ് വശീകരിച്ച് കെണിയിൽ പെടുത്തുന്നതെന്നും, വിവിധ പോലീസ് സ്റ്റേഷനുകളിൽ വന്ന ചില കേസുകൾ ചൂണ്ടിക്കാണിച്ച് ഇതിനെതിരെ എല്ലാവരും ഒരുമയോടെ ജാഗ്രത പുലർത്തണമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സിഐ സജിൻ ലൂയിസ് മുന്നറിയിപ്പ് നൽകി. ചിറയിൻകീഴ് സിഐ കണ്ണൻ അഞ്ചുതെങ്ങ്, സി ഐ പ്രജീഷ്, എ എസ് ഐ പ്രകാശൻ, ഇടവക സെക്രട്ടറി ജെറോം ജോസഫ്, ഡീക്കൻ ഗോഡ്വിൻ, ഫെറോന ആനിമേറ്റർ അനിത ജോയ്, ശ്രീമതി ലില്ലി ഫ്രാൻസിസ്, ശ്രീ ജോസ് സിറിൽ, ശ്രീ പ്രവീൺ ചാർലി എന്നിവർ പ്രസംഗിച്ചു.

# കാത്തിരിക്കാം! കാതോർത്തിരിക്കാം! കർമനിരതരായിരിക്കാം !

**ആഗമനകാലം 1-ാം ഞായർ (ഡിസം. 5)** ഏശ. 63:16b-17, 64:1, 3b-8. 1 കോറി 1:3-9, മാർക്കോ. 13:13-37

**ഫാ. കോസ്മോസ് കെ.തോപ്പിൽ**

മിശിഹായുടെ മഹത്വപൂർണമായ രണ്ടാമത്തെ വരവ് ഉടൻ സംഭവിക്കുമെന്ന് ആദിമ ക്രൈസ്തവർ വിശ്വസിച്ചിരുന്നു. മതമർദ്ദനത്തിന് വിധേയമായിരുന്ന വിശ്വാസികളെ സംബന്ധിച്ച് ഈ വിശ്വാസം വലിയൊരാശ്വാസവുമായിരുന്നു. താൻ മഹത്വപൂർണനായി രണ്ടാമതും വരുമെന്ന് അരുളിചെയ്ത് അവിടുന്ന് അതിന്റെ സമയത്തെക്കുറിച്ച് പരിപൂർണ നിശബ്ദത പാലിച്ചു. അവിടുത്തെ പുനരാഗമനത്തിന്റെ കൃത്യസമയം അറിയാത്തതുകൊണ്ട് എപ്പോഴും ഒരുങ്ങിയിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ജാഗരൂകരായിരിക്കുവിൻ എന്ന ആഹ്വാനത്തോടെയാണ് അവിടുന്ന് തന്റെ യുഗാന്ത്യപ്രഭാഷണം അവസാനിപ്പിക്കുന്നത്.

ഈ നിർദ്ദേശത്തിന്റെ പ്രധാനവും തിടുക്കവും എടുത്ത് കാണിക്കുന്നതാണ് 'ശ്രദ്ധാപൂർവം ഉണർന്നിരിക്കുവിൻ' (13:33) 'ജാഗരൂകരായിരിക്കുവിൻ' (13:35) ജാഗരൂകരായിരിക്കുവിൻ (33:37) എന്നീ അവർത്തിച്ചുള്ള ആഹ്വാനം. ആത്യന്തികമായി ദൈവം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായും ഫലപ്രദമായും നിർവഹിക്കണമെന്ന ഓർമപ്പെടുത്തലാണ് ഈ ജാഗരൂകതയുടെ കാതൽ. വർത്തമാന കാലങ്ങളിൽ സംഭവിക്കുന്ന ദൈവിക സാന്നിധ്യത്തിന്റെയും ഇടപെടലുകളുടെയും ക്രിയാത്മകമായ വായനയും പ്രതികരണവുമാണ് അടിസ്ഥാന പ്രമേയം.

> ക്രൈസ്തവ ജീവിതം അനുദിനവും അനസ്യൂതവുമായതും നിരതവും നിദാന്തവുമായ ഒരു കാത്തിരിപ്പാണെന്നും ഈ കാത്തിരിപ്പ് യേശുവിനുവേണ്ടിയുള്ള കാത്തിരിപ്പാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ ജാഗ്രതയോടെ നമുക്ക് മുന്നോട്ടുപോകാം.

മാർക്കോസ് 3:34-36 ൽ കാണുന്ന ഉപമ ജാഗരൂകതയുടെ പ്രാധാന്യം അടിവരയിടുന്നതാണ്. കാത്തിരിക്കാൻ കഴിയുന്നവനെ ജാഗ്രതയോടെയിരിക്കാനാവു. അതിന് കർത്തവ്യബോധവും ആത്മാർത്ഥതയും യജമാനനോടുള്ള സ്നേഹവും ആവശ്യമാണ്. റോമൻ സമയക്രമമനുസരിച്ച് രാത്രിയെ 4 യാമങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാം യാമം (6-9 pm), രണ്ടാംയാമം (9-12 pm) മൂന്നാം യാമം (12-3 am),നാലാം യാമം (3-6 am). ഈ നാല് യാമങ്ങളാണ് സന്ധ്യ, അർധരാത്രി, കോഴി കൂവുമ്പോൾ, രാവിലെ എന്നെല്ലാം ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഈ സമയവിവരണവും ശിഷ്യർക്കുണ്ടായിരിക്കേണ്ട ശ്രദ്ധയിലേക്കാണ് വീണ്ടും വിരൽ ചൂണ്ടുന്നത്.

ആഗമനകാലത്തിലേക്ക് പ്രവേശിക്കുന്ന നാം ജാഗരൂകതയോടെ ചെയ്യേണ്ട മൂന്നുകാര്യങ്ങളുണ്ട്. ഒന്നാമത്തേത് പ്രാർഥനയാണ്. ശേയുവുമായുള്ള ആഴമേറിയ വ്യക്തിബന്ധത്തിൽ നിന്നും സ്നേഹത്തിൽ നിന്നും ഇതൾവിരിയുന്ന ഒരു അ

നുഭവമാണത്. പ്രാർഥന രണ്ടാമതായി നമ്മെ നയിക്കേണ്ടത് പ്രത്യാശയിലേക്കാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എന്റെ ജീവിതത്തിൽ നിറവേറും എന്ന ഉറപ്പാണത്. ഈ ഉറപ്പാണ് ഏത് പ്രതിസന്ധിയിലും പാറപോലെ ഉറച്ചുനിൽക്കാൻ നമ്മെ സഹായിക്കുന്നത് (റോമ 5:5) മൂന്നാമതായി പ്രത്യാശ നമ്മെ നയിക്കേണ്ടത് പ്രവൃത്തിയിലേക്കാണ്. യേശുവെന്ന വലിയ യജമാനന്റെ ജോലിക്കാരാണ് നാം. അവൻ നമുക്കോരോരുത്തർക്കും ഓരോ ജോലി ഏൽപ്പിച്ചുതന്നിട്ടുണ്ട്. അത് ശ്രദ്ധയോടും വിശ്വസ്തതയോടും വിവേകത്തോടും ചെയ്ത് ദൈവത്തെ മഹത്വപ്പെടുത്തണം.

ക്രൈസ്തവ ജീവിതം അനുദിനവും അനസ്യൂതവുമായതും നിരതവും നിദാന്തവുമായ ഒരു കാത്തിരിപ്പാണെന്നും ഈ കാത്തിരിപ്പ് യേശുവിനുവേണ്ടിയുള്ള കാത്തിരിപ്പാണെന്നും തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ ജാഗ്രതയോടെ നമുക്ക് മുന്നോട്ടുപോകാം. ■

# മരുഭൂമിയിലെ ശബ്ദം

**ആഗമനകാലം 2-ാം ഞായർ ഞായർ (ഡിസം.10)** ഏശ 40:1-5, 9-11. 2 പത്രോ. 3:8-14. മാർക്കോ. 1:1-8

**ഫാ. ഡൈസൺ**

## ആമുഖം

പാലസ്തീനായിൽ ആൺകുട്ടിയുടെ ജനനം വലിയ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും നാളുകളാണ്. പ്രസവസമയം അടുക്കുമ്പോൾ സുഹൃത്തുക്കളും അയൽക്കാരും വീടിനടുത്തേക്ക് വന്നുചേരും. നവജാതശിശു ആൺകുട്ടിയാണെങ്കിൽ ആഹ്ലാദാരവങ്ങളും, വാദ്യമേളാഘോഷങ്ങളും അലയടിക്കും. എന്നാൽ നവജാതശിശു പെൺകുഞ്ഞാണെങ്കിൽ വാദ്യമേളക്കാർ നിശബ്ദരായി പിരിഞ്ഞുപോകും. ആൺകുട്ടിയുടെ ജനനം ആഹ്ലാദവും പെൺകുഞ്ഞിന്റെ ജനനം നിശബ്ദതയും ഉണർത്തും. ഇത് പാലസ്തീനായിലെ ഒരു സംസ്കാരമായിരുന്നു. എലിസബത്തിന്റെ ഭവനം ആ ദിനം ഇരട്ടി സന്തോഷത്തിന്റെ ഭവനമായിരുന്നു. ഒന്നാമതായി, കുഞ്ഞുങ്ങളില്ലാതിരുന്ന എലിസബത്തിന് ഒരു കുഞ്ഞ് പിറന്നു. രണ്ടാമതായി പിറന്നതാകട്ടെ ആൺകുഞ്ഞും. കുഞ്ഞിന് പേരിടുന്നത് വീട്ടുകാരുടെ ഭവനത്തിലെ അന്തരീക്ഷം നോക്കിയാണ്. അയൽവക്കക്കാരെ അത്ഭുതപ്പെടുത്തി എലിസബത്ത്, യോഹന്നാൻ അഥവാ 'ദൈവം കൃപാലുവാകുന്നു' എന്നർത്ഥംവരുന്ന പേരുനൽകി. ഈ കുഞ്ഞ് ആരായി തീരും എന്ന് അവർ അത്ഭുതത്തോടെ ചിന്തിച്ചു. ആ സ്നാപകയോഹന്നാന്റെ ജീവിതത്തിലൂടെയുള്ള ഒരു കടന്ന് പോകലാണ് ഈ ലേഖനം.

> മറ്റ് വിശുദ്ധരിൽ നിന്നും വ്യത്യസ്തമായി സ്നാപകയോഹന്നാന്റെ ജനനമാണ് നാം തിരുനാളായി ആഘോഷിക്കുക. ജനനത്തിന് മുമ്പേ വിശുദ്ധീകരിക്കപ്പെട്ട ഒരു വ്യക്തി. തനതായ വ്യക്തിപ്രധാന്യം ഉണ്ടായിരുന്ന സ്നാപകയോഹന്നാൻ തന്റേതായ നയങ്ങളും വ്യക്തിമുദ്രകളും തന്റെ ജീവിതകാലം മുഴുവൻ തന്റെ ജീവിതം കൊണ്ട് ലോകത്തിന് കാണിച്ച് കൊടുത്തു.

## അത്ഭുത ശിശു

ഈ ലോകത്തെ അത്ഭുതപ്പെടുത്തിക്കൊണ്ടാണ് പ്രായം കവിഞ്ഞ, വന്ധ്യയായ എലിസബത്ത് യോഹന്നാന് ജന്മം നല്കിയത്. അവന്റെ ജനനത്തിൽ അതിശയത്തോടെ ജനം ചോദിച്ചു, 'ഈ ശിശു ആരായി തീരും' യോഹന്നാൻ അത്ഭുത ശിശുവാണ്! കാരണം അവന്റെ മാതാപിതാക്കളുടെ നിരന്തരമായ പ്രാർത്ഥനയ്ക്കും, നന്മനിറഞ്ഞ ജീവിതത്തിനും ദൈവം അവർക്ക് നല്കിയ അനുഗ്രഹമാണ് യോഹന്നാൻ. അവന്റെ ജനനത്തിൽ മൂകനായ അപ്പന്റെ നാവിന്റെ കെട്ട് അഴിയുകയും സ്വതന്ത്ര്യമായി സംസാരിക്കുകയും ചെയ്തു! കർത്താവ് വന്ധ്യയാക്കിയവളായിരുന്നു (1 സാമു 1:5) ഏല്ക്കാനയുടെ ഭാര്യയായ ഹന്ന. വന്ധ്യത കാരണം അവൾ എല്ലാവരുടെയും മുമ്പിൽ അവഹേളിതയായി! എന്നാൽ അവൾ ഹൃദയം നൊന്ത് കരഞ്ഞു പ്രാർത്ഥിച്ചു. ദൈവം അവൾക്ക് സന്താന സൗഭാഗ്യം നല്കി അനുഗ്രഹിച്ചു. സാമുവേൽ പ്രവാചകന്റെ അമ്മയാകാൻ ദൈവം അവളെ അനുഗ്രഹിച്ചു. റാഹേലിന്റെ വന്ധ്യത അവളെ അസ്വസ്തതയും അസൂയാലുവാക്കുകയും ചെയ്തു. മക്കളില്ലാത്ത ദു:ഖം കാരണം മരിക്കാൻവരെ അവൾ തീരുമാനിച്ചു (ഉല്പത്തി 30:2). എന്നാൽ ദൈവസന്നിധിയിൽ അവൾ ഉയർത്തിയ പ്രാർത്ഥന ഫലം കണ്ടു. ദൈവം റാഹേലിന്റെ പ്രാർത്ഥന കേട്ട് അവളുടെ വന്ധ്യത്വം അവസാനിപ്പിക്കുകയും ചെയ്തു. പ്രാർത്ഥനയിലൂടെ അത്ഭുതകരമായി വന്ധ്യത ഇല്ലാതാകുമെന്ന സത്യം അറിഞ്ഞ, സഖറിയ-എലിസബത്ത് ദമ്പതികൾ പ്രാർത്ഥനാപൂർവ്വം ഒരു കുഞ്ഞ് ലഭിക്കുമെന്നു പ്രത്യാശയോടെ കാത്തിരിക്കുകയായിരുന്നു.

വന്ധ്യമായ ഉദരത്തിൽ ജീവൻ നിക്ഷേപിച്ചുകൊണ്ട് എലിസബത്തിന്റെ വന്ധ്യത ദൈവം മാറ്റിക്കൊടുക്കുന്നു. അങ്ങനെ ദൈവീക ഇടപെടലിലൂടെ എലിസബത്ത് യോഹന്നാന് അത്ഭുതകരമായ ജനനം നല്കുന്നു. ഈ അത്ഭുത ശിശുവിനെ ദൈവം യേശുവിന്റെ മുന്നോടിയായി, ദൂതനായി തീർക്കുന്നു. സഖറിയാസിന്റെ, എലിസബത്തിന്റെ പ്രാർത്ഥന പൂർവ്വമുള്ള കാത്തിരിപ്പ് ഫലം ചൂടുകയാണ്! ഉദിക്കുന്ന സൂര്യൻ അസ്തമിക്കാതിരിക്കുകയില്ല, അസ്തമിക്കുന്ന സൂര്യൻ ഉദിക്കാതിരിക്കുകയും ചെയ്തിട്ടില്ല. പെയ്യുന്ന ഒരു മഴയും തോരാതിരിന്നിട്ടില്ല. ദൈവത്തിൽ ആശ്രയിച്ച് കാത്തിരിക്കുന്നവർക്ക് അത്ഭുത വിരുന്നൊരുക്കുന്നവനാണ് ദൈവം. മൂന്നു രാജാക്കന്മാരുടെ കാത്തിരിപ്പ് രക്ഷകനെ ദർശിക്കാൻ സാധ്യമാക്കുന്നു. നീണ്ട വർഷത്തെ ശിമയോന്റെ കാത്തിരിപ്പ് ശിശുവായ രക്ഷകനെ കൈയ്യിലെടുക്കാൻ സാധിച്ചു. നമ്മുടെ കാത്തിരിപ്പും ഇന്നല്ലെങ്കിൽ നാളെ ഫലമണിയും.

## യോഹന്നാൻ ദൈവത്തിന്റെ സ്വരം

ജനനത്തിന് മുമ്പ്, അമ്മയുടെ ഉദരത്തിൽ വച്ച് പരിശുദ്ധാത്മാവിനാൽ പൂരിതനായവനാണ് വി.സ്നാപകയോഹന്നാൻ. അവന്റെ ജനനം വലിയൊരു അത്ഭുതമായിരുന്നു. പേരിടൽ കർമ്മത്തിൽ സഖറിയാസിന്റെ വായ് തുറക്കപ്പെടുകയും നാവ് സ്വതന്ത്രമാവുകയും ചെയ്തപ്പോൾ ജനങ്ങൾ ചോദിച്ചു. ഈ ശിശു ആരായിത്തീരും? കർത്താവിന്റെ മുമ്പിൽ അവിടുത്തേക്ക് വഴിയൊരുക്കാൻ പോകുന്ന അത്യുന്നതന്റെ പ്രവാചകനാണ് യോഹന്നാൻ. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശുന്നവനും സമാധാനത്തിന്റെ മാർഗ്ഗത്തിൽ നമ്മുടെ പാദങ്ങളെ നയിക്കുന്നവനുമായിരിക്കും സ്നാപക യോഹന്നാൻ. ആരാണ് സ്നാപക യോഹന്നാൻ?

## കാലത്തിനധീനൻ

ഉന്നതരായ മതമേലദ്ധ്യക്ഷന്മാരുടെയും അധികാരം കൈയ്യാളുന്ന വ്യക്തികളുടെയും പേരുകൾ എടുത്തു പറഞ്ഞു കൊണ്ടാണ്, വി.ലൂക്കായുടെ സുവിശേഷത്തിൽ മൂന്നാം അദ്ധ്യായം ആരംഭിക്കുന്നത്. എന്നാൽ സമൂഹത്തിൽ അധികം സ്വാധീനമില്ലാത്ത വെറുമൊരു സാധാരണ പുരോഹിതനായ സഖറിയാസിന്റെ മകനായ യോഹന്നനെ ബൈബിളിലെ ഏറ്റവും നല്ല ചരിത്രകാരനായ വിശുദ്ധ ലൂക്ക പരിചയപ്പെടുത്തുന്നത് ആകസ്മികമായിട്ടല്ല, വ്യക്തമായ ലക്ഷ്യത്തോടു കൂടിയാണ്. സാധാരണക്കാരനാണെങ്കിലും അസാധരണമായ വ്യക്തിത്വത്തിന്റെ ഉടമയാണ്. കാരണം ദൈവത്തിന്റെ കരം അവനോടു കൂടെ ഉണ്ടായിരുന്നു. മനുഷ്യകരങ്ങൾ എപ്പോൾ വേണമെങ്കിലും എടുത്തു മാറ്റപ്പെടാവുന്നതാണ്. മനുഷ്യരുടെ കൈതാങ്ങുകൾ ദൗർബല്യമാർന്നതാണ്. എന്നാൽ ദൈവത്തിന്റേത് ശക്തമാർന്നതും, വിശ്വാസയോഗ്യവുമാണ്! റോമ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ തിബേരിയൂസ് സീസറിനെക്കാളും യൂദായായുടെ ദേശാധിപതിയായ പോന്തിയൂസ് പീലത്തോസിനെക്കാളും, ഗലീലിയുടെ ഭരണാധികാരിയായ ഹേറേദേസിനെക്കാളും, പ്രധാന പുരോഹിതരായ അന്നാസും കയ്യാഫാസിനെക്കാളും വലിയവൻ യോഹന്നനാണ്. കാരണം ദൈവത്തിന്റെ അരുളപ്പാട് നേരിട്ടു ലഭിക്കുന്നത് യോഹന്നാനാണ്. അതുകൊണ്ടു തന്നെ അവന്റെ അധികാരവും ദൈവികമാണ്. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ലെന്നും ദൈവപുത്രനായ യേശുവും സാക്ഷ്യപ്പെടുത്തുന്നു.

യോഹന്നാന്റെ സമയത്ത് തലയെടുപ്പോടെ നിന്നവർ ഇന്ന് ചരിത്രത്തിന്റെ എടുകളിൽ ആർക്കും വേണ്ടപ്പെടാത്ത സ്മാരകങ്ങൾ പോലെയും, വെള്ളപൂശിയ കുഴിമാടങ്ങൾ പോലെയുമായി. എന്നാൽ കാലത്തിനുപോലും മയ്ക്കാൻ സാധിക്കാത്ത വ്യക്തിത്വമായി യോഹന്നാൻ മറിയത് ദൈവത്തിന്റെ കരങ്ങൾ അവന്റെ കൂടെ ഉള്ളതുകൊണ്ടാണ്. യോഹന്നാൻ സാങ്കല്പിക സൃഷ്ടിയല്ല. ഖുംറാൻ സമൂഹം മെനഞ്ഞെടുത്ത ബൃഹത്തായ ആശയത്തിലെ നായകനല്ല. യഹൂദ സാഹിത്യത്തിൽ പിറന്ന കഥാപാത്രമല്ല. ദൈവരാജ്യത്തിനു തടസ്സം സൃഷ്ടിച്ച്, യേശുവിനെ ഇല്ലായ്മ ചെയ്യാൻ കരുക്കൾ നീക്കിയ പീലാത്തോസും, ഹേറോദേസും, അന്നാസും കയ്യാഫാസും ജീവിച്ച കാലത്തിൽ, ദൈവത്തിന്റെ രക്ഷ കാണിച്ചു കൊടുക്കാൻ പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ചുകൊണ്ട് ജോർദ്ദാനിന്റെ സമീപ പ്രദേശത്തു ജീവിച്ച പ്രവാചകനാണ് ചരിത്രപുരുഷനാണ് യോഹന്നാൻ. ചരിത്രത്തിൽ എന്നും അവൻ ജ്വലിക്കുന്ന തീപന്തമാണ്!

## മരുഭൂമിയിലെ ശബ്ദം

രക്ഷാകര ചരിത്രത്തിൽ മരുഭൂമി ദൈവീക വെളിപാടിന്റെ സ്ഥലമാണ്. മോശക്ക് പുറപ്പാടിന്റെ നായകനാകാനുള്ള ദൈവവിളി ലഭിച്ചത് മരുഭൂമിയിലാണ് (പുറ 3:1-22). ഏലിയ കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതായാൽ ജ്വലിച്ചത് മരുഭൂമിയിൽ വച്ചായിരുന്നു. ഇസ്രായേൽ ജനം ദൈവത്തിന്റെ ശക്തിയും കരുണയും തിരിച്ചറിഞ്ഞത് മരുഭൂമിയാത്രയിലായിരുന്നു. മരുഭൂമി അവർക്ക് ഒരുക്ക ഭൂമിയായിരുന്നു. കാനാൻ ദേശത്തേക്കുള്ള കവാടവും. യേശുവിന്റെ ജീവിതത്തിലെ നിർണ്ണായ സംഭവങ്ങൾ അരങ്ങേറിയതും മരുഭൂമിയിൽ വച്ചാണ്. മരുഭൂമിയിലെ യോഹന്നാന്റെ ശബ്ദം രക്ഷയുടെ ആരംഭത്തിന്റെ ശബ്ദമാണ്. പുതുസൃഷ്ടിയാകാനുള്ള ക്ഷണമാണ്. മരുഭൂമി രൂപരാഹിത്യത്തെ, ശൂന്യതയെ, ഇല്ലായ്മയെ സൂചിപ്പിക്കുന്നു. ആദിയിൽ ഉണ്ടാകട്ടെയെന്ന് ദൈവം പറയുന്നത് രൂപരഹിതവും ശൂന്യവുമായ സ്ഥലത്തു നിന്നുകൊണ്ടാണ്. അങ്ങനെ കല്പിച്ചപ്പോൾ സൃഷ്ടി സംഭവിക്കുന്നു. മരുഭൂമി യേശു ആരംഭിക്കുവാൻ പോകുന്ന നവീന സൃഷ്ടി സംഭവിക്കേണ്ട സ്ഥലമാണ്! അതിനുള്ള നിയോഗം യേശു ഏറ്റെടുക്കുന്നതും അതിനുവേണ്ടി 40 ദിനരാത്രങ്ങൾ ഒരുങ്ങുന്നതും മരുഭൂമിയിലാണ്! ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ കഴിയുന്നത് 40 ആഴ്ചകളാണ്. 40 വർഷം ഇസ്രായേൽ എന്ന കുഞ്ഞ് കഴിഞ്ഞത് മരുഭൂമിയെന്ന ഗർഭപാത്രത്തിലാണ്. പുതിയ സൃഷ്ടിയായിട്ടാണ് ഇസ്രായേൽ വാഗ്ദത്ത നാട്ടിൽ പോയത്! യേശുവിൽ നവീന സൃഷ്ടിയാവാൻ മരുഭൂമി അനുഭവത്തിലൂടെ നാം കടന്നു പോകണം. ഈ അനുഭവത്തിലേക്ക് യോഹന്നാൻ നമ്മെ ക്ഷണിക്കുന്നു.

## വഴി ഒരുക്കുന്നവൻ

യോഹന്നാന്റെ ശ്രേഷ്ഠത തെളിയുന്നത് തന്റെ ശിഷ്യന്മാരെ യഥാർത്ഥ വഴിയായ, സത്യമായ ജീവനായ യേശുവിന്റെ അടുക്കൽ പറഞ്ഞയക്കുന്നതിലൂടെയാണ്. താനല്ല യഥാർത്ഥ വഴി, യഥാർത്ഥ രക്ഷമാർഗ്ഗം, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് കർത്താവായ യേശുവാണെന്ന് ചൂണ്ടി കാണിക്കുന്നു. യേശുവിന്റെ ചെരിപ്പിന്റെ വാറ് അഴിക്കാൻ പോലും താൻ യോഗ്യനല്ലായെന്ന എളിമയാണ് യോഹന്നാനെ ഉന്നതനാക്കുന്നത്. യേശുവിന്റെ വഴിയൊരുക്കാൻ വന്നവൻ മാനസാന്തരത്തിന്റെ, നന്മയുടെ, ധർമ്മത്തിന്റെ സ്വരമായി മാത്രം നില്ക്കുന്ന യോഹന്നാനെ അഭിനവ ശുശ്രൂഷകർ മാതൃകയാക്കണം. ദൈവത്തിന്റെ സ്വരമായി വന്നവൻ അത് കൂടുതൽ നന്നാകാൻ വേണ്ടി തന്റെ ജീവനെ ഹോമിച്ചു. 'ശബ്ദം നന്നാകാൻ അഴകും ചേരണം' എന്ന സന്യാസിയുടെ ഉപദേശം കേട്ട്, പിതാവ് ഉരുക്കിയൊഴിക്കുന്ന ലോഹകൂട്ടിലേക്ക് മകൾ എടുത്തുചാടി. മണിയുടെ സ്വരം നന്നാകുന്നില്ലെങ്കിൽ രാജാവിനാൽ അപ്പൻ വധിക്കപ്പെടും. അത് സംഭവിക്കാതിരിക്കാൻ, മണിയുടെ ശബ്ദം ഇമ്പമാർന്നതാകാൻ അവൾ ജീവൻ ഹോമിച്ചു. ദൈവത്തിന്റെ ശബ്ദം മുഴങ്ങി കേൾക്കാൻ യോഹന്നാൻ തന്റെ ജീവനെ ഹോമിച്ചു. യോഹന്നാൻ വഴിയൊരുക്കാൻ വന്നവനാണ്. കല്ലുകളെയും മുള്ളുകളെയും വഴിയിൽ നിന്നും മാറ്റി പാത നേരെയാക്കാൻ വന്നവനാണ്. യേശുവിന്റെ പാദത്തിൽ സ്വയം ചെരിപ്പായവനാണ്! യേശുവിന്റെ പാദത്തിനടിയിലായിരിക്കുന്നതിൽ സന്തോഷം കണ്ടെത്തിയവനാണ് യോഹന്നാൻ. നമ്മളും അവനെക്കാൾ ഉയർന്നിരിക്കാതെ അവന്റെ പാദത്തിനടിയിലിരിക്കാം. കാരണം യേശുവിന്റെ പാദം രക്ഷയുടെ പാദമാണ്.

അഹങ്കാരത്തിന്റെ താഴ്വരയെ എളിമകൊണ്ട് നികത്താനും അധികാര മോഹത്തിന്റെ കുന്നും, അത്യാഗ്രഹത്തിന്റെ മലയും സേവന സന്നദ്ധതകൊണ്ടും, ത്യാഗമനോഭവം കൊണ്ടും നിരത്താനും, അധാർമ്മികതയുടെ, അനീതിയുടെ വളഞ്ഞ വഴികൾ ധർമ്മികതകൊണ്ടും, നീതി കൊണ്ടും നേരയാക്കാനും അലിവില്ലായ്മയുടെ, അൻപില്ലായ്മയുടെ പരുപരുത്ത ജീവിതങ്ങളിൽ അലിവിന്റെയും സ്നേഹത്തിന്റെയും മൃദുലതകൾ കൊണ്ട് സമ്പന്നമാക്കാൻ പുതിയൊരു പുറപ്പാടിന് സ്നാപകയോഹന്നാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. അഹത്തിൽ നിന്നും ദൈവത്തിങ്കലേക്കുള്ള പുറപ്പാടിനായി മാനസാന്തരപ്പെടാം.

മറ്റ് വിശുദ്ധരിൽ നിന്നും വ്യത്യസ്തമായി സ്നാപകയോഹന്നാന്റെ ജനനമാണ് നാം തിരുനാളായി ആഘോഷിക്കുക. ജനനത്തിന് മുമ്പേ വിശുദ്ധീകരിക്കപ്പെട്ട ഒരു വ്യക്തി. തനതായ വ്യക്തി പ്രധാന്യം ഉണ്ടായിരുന്ന സ്നാപകയോഹന്നാൻ തന്റെതായ നയങ്ങളും വ്യക്തിമുദ്രകളും തന്റെ ജീവിതകാലം മുഴുവൻ തന്റെ ജീവിതംകൊണ്ട് ലോകത്തിന് കാണിച്ചുകൊടുത്തു. ലൂക്ക 7:28 തിരുവചനം, യേശു പറയുന്നു 'സ്ത്രീകളിൽ നിന്ന് ജനിച്ചവനിൽ യോഹന്നാനെക്കാൾ വലിയവൻ ഇല്ല.' ഈശോയ്ക്ക് മുന്നേ പ്രവാചകനായി യോഹന്നാൻ ഈ ലോകത്തിലേക്ക് കടന്നുവന്നു. താൻ ആരാണെന്നും, തന്റെ ദൗത്യം എന്താണെന്നും ഉത്തമബോധ്യം ഉണ്ടായിരുന്ന യോഹന്നാൻ, ദൈവപുത്രനെ കാണിച്ചുകൊടുക്കുന്ന ഒരു ചൂണ്ടുപലകയായി മാറി. ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നമുക്കും നമ്മിലേക്ക് തിരിഞ്ഞ് നോക്കാം. ഞാൻ പുലർത്തുന്ന മനോഭാവങ്ങളും എന്റെ ജീവിതവും, ദൈവരാജ്യത്തിന് ഉതകുന്നതാണോ എന്ന് ധ്യാനിക്കാം. ■

# ക്രിസ്തുവിന്റെ ആഗമനം

**ആഗമനകാലം 3-ാം ഞായർ (ഡിസം. 17)** ഏശ. 61:1-2 a, 10-11. 1 തെസ. 5:16-24. യോഹ 1: 6-8, 19-28

**ഫാ. ഇമ്മാനുവേൽ**

ഒഴുകിയ വഴികളിൽ പകർന്ന പച്ചപ്പിനെക്കുറിച്ച് ഏത് നദിയാണ് രൂപരേഖ തയ്യാറാക്കുന്നത്? നന്മനിറഞ്ഞ ഹദയത്തോടെ ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കാം.

സ്നേഹം മണ്ണിൽ മനുഷ്യനായി പിറന്നതിന്റെ ഓർമ്മദിനമാണ് ക്രിസ്തുമസ്.. വിണ്ണിന്റെ പുത്രൻ മണ്ണിൽ സംജാതമാകുന്നതിന്റെ പൊൻതിരുനാൾ... നക്ഷത്രങ്ങൾ കൂടുകൂട്ടിയ കുളിരുള്ള രാത്രിയിൽ പുൽക്കൂടിന്റെ ചൂടേറ്റുപിറന്ന ഉണ്ണിയുടെ ചാരേ പുഞ്ചിരിതൂകി പ്രയാണം നടത്താം.

ക്രിസ്തുവിന്റെ ആഗമനത്തിനായി കാത്തിരിക്കുമ്പോൾ മനസ്സിൽ ചേർത്തുവയ്ക്കേണ്ട മൂന്നു വചനങ്ങൾ ഉണ്ട് പഴയനിയമത്തിൽ. ആദ്യത്തെ വാക്യം ഏശ 13:10 'ആകാശത്തിലെ നക്ഷത്രങ്ങളും നക്ഷത്രരാശിയും പ്രകാശം തരുകയില്ല. സൂര്യൻ ഉദയത്തിൽ തന്നെ ഇരുന്നുപോകും. ചന്ദ്രൻ പ്രകാശം പൊഴിക്കുകയില്ല' ഇത് ബാബിലോണിന്റെ പതനത്തെപ്പറ്റി പറയപ്പെട്ടതാണ്. രണ്ടാമത്തേത് ഏശയ്യ 34:4 'ആകാശ സൈന്യങ്ങൾ തകർത്തു നശിക്കും. ആകാശത്തെ ചുരുൾപോലെ ഞെരുക്കും. മുന്തിരിച്ചെടിയിൽ നിന്നും അത്തിമരത്തിൽ നിന്നും ഇലകൊഴിയുന്നതുപോലെ അവരുടെ സൈന്യങ്ങൾ വീണുപോ

കും. ഇത് ഏദോമിന്റെ നാശത്തെപ്പറ്റിയാണ്. മൂന്നാമത്തെ വാക്യം എസൈക്കി 32:8 'ആകാശത്തിലെ എല്ലാ പ്രകാശഗോളങ്ങളും നിന്റെ മേൽ ഞാൻ തമോമയമാക്കും. നിന്റെ ദേശം അന്ധകാരത്തിലാഴ്ത്തും. ഇത് ഈജിപ്തിന്റെ ദുരിതത്തെപ്പറ്റി പറയപ്പെടുന്നതാണ്. യേശുവിന്റെ രണ്ടാം വരവിൽ പ്രത്യാശയോടെ കാത്തിരിക്കുന്നവർക്ക് ഒരു വിപത്തും സംഭവിക്കില്ല.

കൊട്ടാരം ചിന്തയാൽ ജാഗരം കൊള്ളുന്നു; കൊച്ചുകുട്ടികൾക്കെത്ര നിദ്രാസുഖമെന്ന് കവിപാടുമ്പോൾ കൊട്ടാരത്തിൽ കഴിയുന്ന ഹേറോദേസ് അസ്വസ്ഥനാണ്. എന്നാൽ, പുൽക്കൂട്ടിലെ ഉണ്ണി പുഞ്ചിരിതൂകുകയാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വ്യത്യാസവും അതുതന്നെയാണ്. വർണസൗധങ്ങളിലെ സമാധാനം അസ്തമിക്കുമ്പോൾ കൊച്ചുകുടിലുകളിൽ സന്തോഷം ഉദയം ചെയ്യുകയാണ്. കൊട്ടാരത്തിൽ പിറക്കുമെന്ന് പ്രതീക്ഷിച്ചവരെ തിരുത്തിക്കൊണ്ട് ക്രിസ്തു പിറന്നത് പുൽക്കൂട്ടിലായിരുന്നു... കൊടുങ്കാറ്റിൽ പ്രതീക്ഷിച്ചവനെ കണ്ടുമുട്ടിച്ചത് ഇളങ്കാറ്റിലുമായിരുന്നു. മനുഷ്യന്റെ വ്യഥകളിൽ വ്യസനിക്കുകയും, അവന്റെ വേദനകളിൽ നെടുവീർപ്പിടുകയും ചെയ്യുന്ന ക്രിസ്തുവിനെയാണ് വചനത്തിൽ കണ്ടുമുട്ടാൻ സാധിക്കുന്നത്. ഇന്ന് ഒരു കൊട്ടാരവും ഒരു മൺകുടിലും എന്റെയും നിങ്ങളുടെയും മുന്നിൽ നൽകപ്പെടുമ്പോൾ ഏതാവും തെരഞ്ഞെടുക്കാൻ നാം തയ്യാറാവുക? ഒന്നുമില്ലാത്തവന്റെ പക്ഷത്തുനിൽക്കാൻ മൺകുടിലാണ് കൊട്ടാരമഹിമയേക്കാൾ അഭികാമ്യം.

സ്വാർത്ഥതവെടിഞ്ഞ് ഈ ക്രിസ്തുമസ് ആഘോഷിക്കാൻ പ്രചോദിപ്പിക്കുന്ന ഒരു കഥ പറയാം. നന്മയുടെ ഉറവിടമായ ഒരു മനുഷ്യനുണ്ടായിരുന്നു. മാലാഖമാർ അദ്ദേഹത്തെ കാണാനെത്തി. അവർ ചോദിച്ചു; ദൈവം താങ്കൾക്ക് എന്തുവരങ്ങളാണ് നൽകേണ്ടത്? രോഗികളെ സുഖപ്പെടുത്തണോ? അതു ദൈവം ചെയ്താൽ മതിയെന്നായിരുന്നു. അയാളുടെ മറുപടി. തിന്മ ചെയ്യുന്നവരെ നന്മയിലേക്ക് കൊണ്ടുവരാനുള്ള കഴിവ് വേണോ? അത് മാലാഖമാർ ചെയ്താൽ മതി. നിങ്ങളുടെ സദ്ഗുണങ്ങളിലൂടെ ആളുകളെ ആകർഷിക്കാനുള്ള വരം നൽകട്ടെ? വേണ്ട. അങ്ങനെ സംഭവിച്ചാൽ ആളുകൾ ദൈവത്തെ മറക്കും. ആരുമറിയാത്ത സൽക്കർമ്മങ്ങൾ ചെയ്യാനുള്ള കഴിവ് നൽകിയാൽ മതിയെന്ന് അയാൾ പറഞ്ഞു. അവർ അദ്ദേഹത്തിന്റെ നിഴലിന് ആത്ഭുതശക്തി നൽകി. അത് എവിടെ വീണാലും അവിടെ അത്ഭുതം സംഭവിക്കും. ഒഴുകിയ വഴികളിൽ പകർന്ന പച്ചപ്പിനെക്കുറിച്ച് ഏത് നദിയാണ് രൂപരേഖ തയ്യാറാക്കുന്നത്? നന്മനിറഞ്ഞ ഹൃദയത്തോടെ ക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കാം. ■

# ഇതാ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം എന്നിൽ നിറവേറട്ടെ

**ആഗമനകാലം 4-ാം ഞായർ (ഡിസം.24)** 2 സാമു. 7:1-5, 8b 12, 14 a, 16. റോമ. 16:25-27. ലൂക്ക. 1:26-38

**ഫാ. വിശാൽ വർഗീസ്**

വളരെ സാധാരണമായ ഗ്രാമീണ സാഹചര്യങ്ങളിൽ ജീവിച്ച മറിയം എന്നൊരു സാധാരണ യുവതി, ദൈവത്തിന്റെ രക്ഷാകരചരിത്രത്തോടുചേർന്ന് അവളുടെ ജീവിതത്തിലെടുത്ത ഒരു തീരുമാനത്തിന്റെ, അവൾ പുലർത്തിയ മനോഭാവത്തിന്റെ ആഘോഷമാണ് ഇന്നത്തെ സുവിശേഷാഘോഷം. ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടാകാം നിന്റെ ഇഷ്ടം നിറവേറട്ടെയെന്നും പറഞ്ഞു ജീവിച്ചതുകൊണ്ടാകാം. മകളെ നിനക്കുവേണ്ടി നിന്റെ നാളേയ്ക്കുവേണ്ടി ഭാവിയും പ്രത്യാശയും മനസ്സിൽ സൂക്ഷിക്കുന്ന ഒരു ദൈവമുണ്ടെന്നും ആ ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് എപ്പോഴും ജീവിക്കണമെന്ന് മറിയത്തിന്റെ മാതാപിതാക്കൾ ചെറുപ്പത്തിലേ പഠിപ്പിച്ചതുകൊണ്ടാകാം മറിയത്തിന്റെ ഈ തീരുമാനം രക്ഷാകര പദ്ധതിയെ മാത്രമല്ല, ലോകചരിത്രത്തെ തന്നെ മാറ്റിമറിച്ചു. ഈ കാലഘട്ടത്തിൽ നമുക്ക് മുന്നിൽ വലിയ വെല്ലുവിളി ഉയർത്തുന്ന ഈ സമർപ്പണ മനോഭാവത്തിന്റെ ചുവടുപിടിച്ചാകട്ടെ ഇന്നത്തെ സുവിശേഷ വിചിന്തനയാത്ര.

ഇന്നത്തെ സുവിശേഷത്തിൽ, രക്ഷാകര പദ്ധതിയുടെ പണിപ്പുരയിൽ നിന്ന് ദൈവം ഗബ്രിയേൽ ദൂതനെ അയയ്ക്കുന്നത് പരിശുദ്ധ അമ്മയെക്കുറിച്ചുള്ള സ്വർഗത്തിന്റെ മനസ്സ് തുറക്കുവാനാണ്. ഓരോ മാലാഖയും ഭൂമിയിലേക്ക് വരുന്നത് ഇത്തരമൊരു ദൗത്യവുമായിട്ടാണ്. ഇതാ ദൈവത്തിന്റെ ശക്തിയായ ഗബ്രിയേൽ ദൂതൻ വെറുമൊരു സാധാരണ യഹൂദ പെൺകുട്ടിയുടെ മുൻപിൽ വന്ന് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കുന്നു. സ്നേഹമുള്ളവരേ, സ്വർഗവും ഭൂമിയും കണ്ടുമുട്ടുന്ന മനോഹരദൃശ്യമാണിത്. ഒരു മഹാസമാഗമം. ഇന്നുവരെ മനുഷ്യൻ കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഹൃദ്യമായ, ആത്മാർത്ഥത നിറഞ്ഞ അഭിവാദ്യമാണ് മാലാഖയിൽ നിന്ന് ഉതിർന്നുവീണത്. ഇതുകേട്ട് ഭൂമി കോരിത്തരിച്ചിട്ടുണ്ടാകണം. പക്ഷികൾ ചിറകടിച്ച് പറന്ന് ആഹ്ലാദിച്ചിട്ടുണ്ടാകണം. വൃക്ഷങ്ങൾ പുഷ്പവൃഷ്ടി നടത്തിയിട്ടുണ്ടാകണം. അത്രമാത്രം സ്വർഗീയമായിരുന്നു ദൂതന്റെ അഭിവാദന അറിയിപ്പ്.

ദൈവത്തിന്റെ മാലാഖ യേശുവിന്റെ ജനനത്തിന്റെ അറിയിപ്പിനായി കന്യകയുടെ അടുത്ത് എത്തിയപ്പോൾ അറിയിപ്പ് മാത്രമായിരുന്നില്ല മാലാഖയുടെ ലക്ഷ്യം. മാലാഖ ചോദിക്കാതെ ചോദിച്ചത് മറിയം, ഈ ദൗത്യത്തിന് നീ തയ്യാറാണോ എന്നാണ്. ദൂതന്റെ അറിയിപ്പും മതാവിന്റെ തീരുമാനത്തിനും ഇടയ്ക്കുള്ള മൗനം സ്വർഗത്തെപ്പോലും നിശ്ചലമാക്കിയ നിമിഷമായിരുന്നു. സ്വർഗീയ വൃന്ദം മുഴുവനും മറിയത്തിലേക്ക് മാത്രം നോക്കിയിരുന്ന നിമിഷമായിരുന്നു അത്. കാരണം, ഭൂമിയിലെ മനുഷ്യർക്ക് അത്ര എളുപ്പത്തിൽ ഉത്തരം കൊടുക്കുവാൻ മാനുഷിക പാരമ്പര്യമനുസരിച്ച് വിവാഹം കഴിക്കാതെ ഗർഭവതിയാകുന്നതിനെക്കുറിച്ച് ചിന്തിക്കാനേ മറിയത്തിന് കഴിയുമായിരുന്നില്ല. ഇന്നുവരെയുള്ള പ്രകൃതി നിയമനുസരിച്ച് പോകാനാണ് താല്പര്യമെന്ന് മറിയം വാശിപിടിച്ചാലോ? ആരും ഒന്നും അവളെ പറയാൻ പോകുന്നില്ല. ഇതിന് സമ്മതം കൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത്? അവൾക്കറിയില്ല. സമ്മതം കൊടുത്തില്ലെങ്കിൽ ദൈവം അവളെയെന്നല്ല ആരെയും നിർബന്ധിക്കാനും പോകുന്നില്ല. ഇതെല്ലാം സ്വർഗത്തിനറിയാം. അതുകൊണ്ടാണ് സ്വർഗത്തിന് ഇത്ര ആകാംക്ഷ. സ്വർഗം കാത്തിരിക്കുന്നത് മറിയത്തിന്റെ മറുപടിയ്ക്കായിട്ടാണ്.

ഒരു വലിയ നിശബ്ദതയ്ക്കുശേഷം മറിയം ദൈവത്തിൽ പൂർണമായി വിശ്വസിച്ചുകൊണ്ട് തന്നെത്തന്നെ പൂർണമായി സമർപ്പിച്ചുകൊണ്ട് പറഞ്ഞു, 'ഞാൻ തയ്യാറാണ്'. ഈ മറുപടി കേട്ട മാത്രയിൽ സ്വർഗം എത്രമാത്രം സന്തോഷിച്ചിട്ടുണ്ടാകും. നമ്മുടെ മനസ്സിൽ ഒരു ചോദ്യം ഉയരുന്നുണ്ടാകും. എങ്കിൽ പിന്നെ എന്തിനാണ് മറിയം ദൂതനോട് ചോദ്യങ്ങൾ ചോദിച്ചത്. ശരിയാണ് യുവതിയായ മറിയം ചോദ്യങ്ങൾ ചോദിച്ചു. പക്ഷേ അവൾ ദൈവത്തെ ചോദ്യം ചെയ്തില്ല. ക്രിസ്ജാമിയുടെ ഹീലോളജി എന്ന പുസ്തകത്തിൽ മനോഹരമായ ഒരു ചിന്തയുണ്ട്. "സുഹൃത്തുക്കൾ നിങ്ങളോട് ചോദ്യങ്ങൾ ചോദിക്കുന്നു, ശത്രുക്കളാകട്ടെ ചോദ്യം ചെയ്യുന്നു" യുവതിയായ മറിയം ചോദ്യങ്ങൾ ചോദിക്കുന്നതിൽ എന്തിന് നമ്മൾ അത്ഭുതപ്പെടുന്നു? എത്രയോവട്ടം ദൈവത്തോടു സൗഹൃദ സംഭാഷണങ്ങൾ അവൾ നടത്തിക്കാണും. അതിന് ദൈവം എത്രയോവട്ടം ഉത്തരം കൊടുത്തിട്ടുണ്ടാകും. സുഹൃത്തുക്കൾ ചോദ്യങ്ങൾ ചോദിക്കുന്നു. ശത്രുക്കൾ നമ്മെ ചോദ്യം ചെയ്യുന്നു. അവളുടെ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുമ്പോൾ സർവ സ്വാതന്ത്ര്യത്തോടെ അവൾ പറഞ്ഞു. "ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ." മറിയത്തെപ്പോലെ ബാഹ്യസമ്മർദ്ദങ്ങളില്ലാത്ത, പുറമേ നിന്നുള്ള നിർബന്ധങ്ങളില്ലാത്ത സ്വാർത്ഥത ഒട്ടുമേയില്ലാത്ത സമർപ്പണ മനോഭാവത്തോടെ ദൈവത്തിന്റെ രക്ഷ ഈ ഭൂമിയിൽ സാധ്യമാക്കുവാൻ വിളിക്കപ്പെട്ടവരാണ് എന്ന ബോധ്യത്തോടെ നമുക്ക് ജീവിക്കാം.

പരി. കന്യകാമറിയം നമ്മുടെയൊക്കെ ക്രൈസ്തവ ജീവിതങ്ങൾക്ക് ഇന്നും വലിയൊരു വെല്ലുവിളിയാണ്. വിവിധ ജീവിതാന്തസ്സുകളിൽ പ്രവേശിക്കുന്നതിന് മുൻപ് ദൈവത്തിന്റെയും, സഭയുടെയും മുൻപിൽ വച്ച് ഉടമ്പടികൾ എടുത്ത് ആ പ്രതിജ്ഞകളൊക്കെ വില കൽപ്പിക്കാതെ നമ്മുടെ തോന്നലുകൾക്കും, ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കും, രീതികൾക്കുമനുസരിച്ചും ജീവിക്കുന്ന നമുക്ക് ഇന്നത്തെ സുവിശേഷഭാഗത്തിലെ പരി. കന്യകാമറിയം വലിയ വെല്ലുവിളി തന്നെയാണ്.

പരി. കന്യകാമറിയം നമ്മുടെയൊക്കെ ക്രൈസ്തവ ജീവിതങ്ങൾക്ക് ഇന്നും വലിയൊരു വെല്ലുവിളിയാണ്. വിവിധ ജീവിതാന്തസ്സുകളിൽ പ്രവേശിക്കുന്നതിന് മുൻപ് ദൈവത്തിന്റെയും, സഭയുടെയും മുൻപിൽ വച്ച് ഉടമ്പടികൾ എടുത്ത് ആ പ്രതിജ്ഞകളൊക്കെ വില കൽപ്പിക്കാതെ നമ്മുടെ തോന്നലുകൾക്കും, ലോകത്തിന്റെ പ്രത്യയശാസ്ത്രങ്ങൾക്കും, രീതികൾക്കുമനുസരിച്ചും ജീവിക്കുന്ന നമുക്ക് ഇന്നത്തെ സുവിശേഷഭാഗത്തിലെ പരി. കന്യകാമറിയം വലിയ വെല്ലുവിളി തന്നെയാണ്.

പരി. മറിയത്തെപ്പോലെ നമ്മുടെ സാധാരണ കുടുംബ ജീവിതത്തിൽ പച്ചയായ സംഭവങ്ങളിൽ നാമും പകച്ചുനിന്നിട്ടുണ്ടാകണം. സഭാവൈദികരിലൂടെ ദൈവഹിതം അറിയുമ്പോൾ അത് ദൈവേഷ്ടമായി സ്വീകരിക്കണം. വിവാഹിതരായ ശേഷം നിങ്ങളുടെ സമർപ്പണ ജീവിതം പരി. കന്യകാമറിയത്തിന്റേതുപോലെ ദൈവമേ നിന്റെ ഇഷ്ടം നിറവേറട്ടെ എന്നുതന്നെയായിരുന്നോ? നമ്മുടെ സുഖത്തിനും സൗകര്യത്തിനുംവേണ്ടി എത്ര പ്രാവശ്യമായിരിക്കാം നമ്മുടെ ഇഷ്ടം നാം നിറവേറ്റിയത്. ഇന്നത്തെ സുവിശേഷ ഭാഗത്തിലൂടെ പരി. മറിയം നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി ഏറ്റെടുക്കാൻ ചങ്കൂറ്റമുള്ളവർക്കേ അതിന് കഴിയുകയുള്ളൂ. നമ്മുടെ ക്രൈസ്തവ ജീവിതങ്ങൾ വെറും വേഷംകെട്ടലാകാതിരിക്കട്ടെ. മുന്തിരിച്ചെടിയോട് ചേർന്ന് നിന്നെങ്കിലേ ഫലം പുറപ്പെടുവിക്കാനാവൂ. വചനത്തോടൊത്ത് ചിന്തിക്കാനും ജീവിക്കാനും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും നമുക്കാകട്ടെ. ■

# കുടുംബം: ആത്മാവിന്റെ സൗഖ്യ ഇടങ്ങൾ

**തിരുകുടുംബ തിരുനാൾ (ഡിസം.31)** ഉൽ. 15:1-6, 21:1-3, കോളോ. 3:12-21, ലൂക്ക. 2:22-40

**ഫാ. മനീഷ് പീറ്റർ**

കുടുംബം എന്നത് പൂർണമനുഷ്യരാകുവാൻ ദൈവീകതയിൽ വളരുവാൻ; ക്രിസ്തുവിനെപ്പോലെ ആകുവാൻ നമ്മൾ പരിശീലിക്കുന്ന സ്ഥലമാണ്. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ക്ഷമിക്കുവാനും ക്ഷമിക്കപ്പെടുവാനും നമ്മിൽ പഠിക്കുന്ന സ്ഥലം.

കുടുംബം സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണ്. കുടുംബമാണ് ഓരോ വ്യക്തിയുടെയും ആദ്യപാഠശാല. കുടുംബത്തിന്റെ പ്രാർത്ഥനാനുഭവം ആരംഭിക്കുന്നത് പറുദീസയിൽ നിന്നുമാണ്. ഏദൻതോട്ടത്തിൽ കുടുംബത്തിന് രൂപം നൽകിയ ദൈവം അവരോടൊപ്പം സഞ്ചരിക്കുന്നു. ദൈവസാന്നിധ്യത്തിൽ കുടുംബം പങ്കുവയ്ക്കുന്നു, ഭക്ഷിക്കുന്നു. ദൈവീക സ്വപ്നങ്ങൾക്ക് അനുസൃതമായി ജീവിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്ന് അകന്നപ്പോൾ അനുസരണക്കേട് കാട്ടിയപ്പോൾ അവിശ്വസിച്ചപ്പോൾ കുടുംബത്തിൽ സമ്മർദ്ദങ്ങളും സംഘർഷങ്ങളും ഉടലെടുത്തു. നമ്മുടെ ഏത് ജീവിത അവസ്ഥയിലും ദൈവത്തിന്റെ സാന്നിധ്യം ഉണ്ടാകുമ്പോഴാണ് നമ്മുടെ കുടുംബങ്ങൾ വിശുദ്ധിയുടെ ദൈവാലയങ്ങളും വികസനത്തിന്റെ പാഠശാലകളും തിരുകുടുംബത്തിന്റെ പ്രതിരൂപങ്ങളും ആകുന്നത്.

> നാളത്തെയും ലോകത്തെയും സഭയേയും കെട്ടിപ്പടുക്കേണ്ട കുഞ്ഞുങ്ങളെ ദൈവം ഓരോ കുടുംബത്തിനും ഭരമേൽപ്പിക്കുന്നുണ്ട്. ഈ തിരിച്ചറിവോടെ ദൈവിക ദാനത്തെ ഉൾക്കൊള്ളുവാൻ നമ്മുടെ കുടുംബത്തെ തിരുകുടുംബ നന്മകളാൽ നിറയ്ക്കാം.

തിരുകുടുംബത്തിന്റെ തിരുന്നാൾ നമ്മൾ ആഘോഷിക്കുമ്പോൾ നസ്രത്തിലെ തിരുകുടുംബത്തെ ചിത്രീകരിക്കുന്ന വചനഭാഗം ഇന്നത്തെ സുവിശേഷത്തിലുണ്ട്.

“കർത്താവിന്റെ നിയമപ്രകാരം എല്ലാം നിവർത്തിച്ചശേഷം അവർ സ്വനഗരമായ ഗലീലിയിലെ നസറത്തിലേക്ക് മടങ്ങി. ശിശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്തനായി; ദൈവത്തിന്റെ കൃപ അവന്റെമേൽ ഉണ്ടായിരുന്നു (ലൂക്ക. 2:39-40) ദൈവീക കല്പനകൾക്ക് മുൻതൂക്കം നൽകിയ ജീവിതശൈലി നമുക്കും സ്വീകരിക്കാവുന്നതാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭ (റോമ. 16:5) എന്ന വിശേഷണം നമ്മുടെ ഭവനങ്ങളിലും അന്വർത്ഥമാകുവാൻ ധ്യാനാത്മകമായ ജീവിതവും പ്രാർത്ഥനയും പരസ്പര ധാരണയും ആദരവും കഠിനാദ്ധ്വാനവും ഉറച്ചവിശ്വാസവും തിരുകുടുംബത്തിൽനിന്നും നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. നിന്റെ ദൈവമായ കർത്താവിന്റെ വാക്കുകേട്ട് ഇന്ന് ഞാൻ നിനക്ക് നൽകുന്ന കല്പനകളെല്ലാം സൂക്ഷ്മമായി പാലിക്കുമെങ്കിൽ അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളേക്കാൾ ഉന്നതനാക്കും.” (നിയമ. 28:1-2)

ഇന്നത്തെ ഒന്നാം വായനയിൽ ദൈവം അബ്രഹത്തിന് നൽകുന്ന ഉറപ്പുണ്ട് ”ഭയപ്പെടേണ്ട, ഞാൻ നിനക്ക് പരിചയാണ്” (ഉൽ. 15:1) പഴയനിയമത്തിൽ ജോസഫിനെക്കുറിച്ച് തിരുവചനം രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: ‘ കർത്താവ് ജോസഫിന്റെ കൂടെ ഉണ്ടായിരുന്നു. എല്ലാ കാര്യത്തിലും അവന് ശ്രേയസ്സുണ്ടായി (ഉൽ. 39:2) ദൈവാനുഗ്രഹമുള്ള വ്യക്തികൾ കുടുംബത്തെയും സമൂഹത്തെയും ദൈവിക സന്നിധിയിലേക്ക് വഴിനടത്തും. ഇതാണ് തിരുകുടുംബം നൽകുന്ന മഹത്തായ സന്ദേശം. ”നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.” (ലൂക്ക. 1:42) എന്ന സ്വർഗീയ സന്ദേശംപോലെ നോഹ, ഇസഹാക്ക്, യാക്കോബ് (2: 9:1, 12:2-3, 26:3-41, 32:29) തുടങ്ങിയവരെയും ദൈവം അനുഗ്രഹിക്കുന്നു. നമ്മളും ഇന്ന് അനുഗ്രഹം ആർജ്ജിക്കപ്പെടേണ്ടതുണ്ട്.

നമ്മുടെ കുടുംബങ്ങൾ തിരുകുടുംബംപോലെയാക്കിമാറ്റാൻ പ്രഭാഷകൻ പറയുന്നത് ഇപ്രകാരമാണ്. എന്റെ ഹൃദയം മൂന്നുകാര്യങ്ങളിൽ ആനന്ദം കൊള്ളുന്നു: അവ കർത്താവിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ മനോഹരമാണ്. സഹോദരന്മാർ തമ്മിലുള്ള യോജിപ്പ്, അയൽക്കാർ തമ്മിലുള്ള സൗഹൃദം, ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരമുള്ള ലയം” (പ്രഭാ. 25:1). ജീവിത വ്യഗ്രതയിൽ നമ്മു

ടെ ജീവിതം തകർന്നുവെന്നും എന്നെ ഒന്നിനും കൊള്ളില്ല ഇനി എന്ത് പ്രതീക്ഷിക്കുവാനുണ്ട് എന്നെല്ലാം കരുതുമ്പോൾ തിരുകുടുംബം വലിയ പ്രചോദനമാകും. വിവാഹമോചനം സാധ്യമായിരുന്ന ജീവിതം സാമ്പത്തികപരാധീനതയും പലായനവും മകനെ കാണാതെപോയ ദിനങ്ങളിലെ പ്രയാസവും മകനെക്കുറിച്ച് ജനങ്ങൾ പറഞ്ഞ അപവാദങ്ങൾ കുരിശുമരണം ഇതെല്ലാം ഒരു കുടുംബത്തെ വിശ്വാസജീവിതത്തിൽ നിന്നും വ്യതിചലിക്കുവാനും കുടുംബം ഛിന്നഭിന്നമാകുവാനും മതിയായ കാരണം ആയിരുന്നു. എന്നാൽ പരസ്പര സ്നേഹം അവരെ ഒന്നാക്കി നിർത്തി. ലോകത്തിന് മാതൃകയാക്കി.

നമ്മുടെ കുടുംബത്തെപ്പറ്റി ചിന്തിക്കുവാനും അവർക്കുവേണ്ടി അധ്വാനിക്കുവാനും അവരെ പരിഗണിക്കുവാനും താമസിച്ചുപോയി എന്ന് ചിന്തിച്ച് വിഷമിക്കുകയാണെങ്കിൽ ഇനിയും നിങ്ങൾ വൈകിയിട്ടില്ല. ഒടുവിലാണ് ഞാൻ ഉണർന്നത്: പൊറുക്കുന്നവനെപ്പോലെ ഞാൻ മുന്തിരിപ്പഴം ശേഖരിക്കുന്നവരുടെ പിന്നിലായി, എന്നാൽ കർത്താവിന്റെ അനുഗ്രഹം നിമിത്തം ഞാൻ മുൻപന്തിയിലെത്തി; മുന്തിരിപ്പഴം ശേഖരിക്കുന്നവനെപ്പോലെ ചക്കുനിറച്ചു" (പ്രഭാ. 33:16). ദൈവം ഭൂമിക്ക് നൽകിയ ഏറ്റവും വലിയ സമ്മാനം തന്റെ പുത്രനെയാണ്. പുത്രനെ വളർത്തുവാൻ ദമ്പതികളെ ഭരമേൽപ്പിച്ചു. അങ്ങനെ അത് കുടുംബമായി. ദൈവം അവർക്ക് നൽകിയ മഹനീയ പദവി തിരിച്ചറിഞ്ഞ് ജീവിച്ചപ്പോൾ അത് തിരുകുടുംബമായി. നാളത്തെയും ലോകത്തെയും സഭയേയും കെട്ടിപ്പടുക്കേണ്ട കുഞ്ഞുങ്ങളെ ദൈവം ഓരോ കുടുംബത്തിനും ഭരമേൽപ്പിക്കുന്നുണ്ട്. ഈ തിരിച്ചറിവോടെ ദൈവിക ദാനത്തെ ഉൾക്കൊള്ളുവാൻ നമ്മുടെ കുടുംബത്തെ തിരുകുടുംബ നന്മകളാൽ നിറയ്ക്കാം. ■

## 'ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്' സിനിമയ്ക്കു മികച്ച പ്രതികരണം




വാഴ്ത്തപ്പെട്ട രക്തസാക്ഷി സിസ്റ്റർ റാണി മരിയയുടെ ജീവിതത്തെ ആധാരമാക്കി ഷെയ്സൺ പി. ഔസേഫ് സംവിധാനം ചെയ്ത 'ദ ഫേസ് ഓഫ് ദ ഫേസ്‌ലെസ്' സിനിമയ്ക്കു മികച്ച പ്രതികരണം. കേരളത്തിലെ 35 തിയേറ്ററുകളിലാണ് സിനിമ റിലീസ് ചെയ്തത്. നിറഞ്ഞ സദസ്സിലാണ് മിക്കയിടങ്ങളിലും പ്രദർശനം നടന്നത്. നിറഞ്ഞ കണ്ണുകളുമായി ചിത്രം കാണുന്ന പ്രേക്ഷകർ ചിത്രം അവസാനിക്കുമ്പോൾ നിറഞ്ഞ കയ്യടികളോടെ തിയേറ്റർ വിടുന്ന കാഴ്ച എല്ലായിടത്തും കാണാനായി. റാണി മരിയയായി അഭിനയിച്ച വിൻസി അലോഷ്യസ് ഉൾപ്പെടെ എല്ലാവരും മികച്ച പ്രകടനമാണു കാഴ്ചവച്ചതെന്ന് സിനിമ കണ്ടിറങ്ങിയവർ പ്രതികരിച്ചു. സിനിമ തിയേറ്ററുകളിലെത്തും മുമ്പേ മുപ്പതോളം പുരസ്കാരങ്ങൾ തേടിയെത്തി. മികച്ച നടി, മികച്ച സംവിധായകൻ എന്നിവയുൾപ്പെടെ, ദേശീയ, അന്തർദേശീയ ഫിലിം ഫെസ്റ്റിവലുകളിലാണ് പുരസ്കാരങ്ങൾ സ്വന്തമാക്കിയത്. കുടുംബസമേതവും, ഇടവക സമൂഹങ്ങളും, സ്കൂളുകൾ, കോൺവന്റുകൾ, വിവിധ സംഘടനകളിൽ നിന്നുമൊക്കെ കൂട്ടമായാണ് ആളുകൾ തിയേറ്ററുകളിലെത്തുന്നത്.

## കരുംകുളം ഇടവകയിൽ ബി.സി.സി വാർഷികാഘോഷം നടന്നു



കരുംകുളം: പുല്ലുവിള ഫെറോനയിലെ കരുംകുളം ഇടവകയുടെ ബിസിസി വാർഷികം നവംബർ 26 ഞായറാഴ്ച ഇടവക വികാരി ഫാദർ അഗസ്റ്റിൻ ജോണിന്റെ അധ്യക്ഷതയിൽ നടന്നു. തിരുവനന്തപുരം അതിരൂപത ബിസിസി കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാദർ ഡാനിയേൽ ഉദ്ഘാടനം ചെയ്ത വാർഷിക സമ്മേളനത്തിൽ ഫെറോന വൈദിക കോഡിനേറ്റർ ഫാദർ വിനീത് പോൾ, ഫെറോന ബി.സി.സി ആനിമേറ്റർ ശ്രീമതി സുശീല ജോ, കൊത്തലംഗോ കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ മോളി എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവകയുടെ ബിസിസി പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ആനി അവതരിപ്പിക്കുകയും സിസ്റ്റർ ആനിമേറ്റർ ഫെല്ല മേരിയുടെ കൃതജ്ഞതയോടെ സമ്മേളനം സമാപിച്ചു.

വാർഷിക ആഘോഷത്തിൽ ഓരോ യൂണിറ്റുകളിൽ നിന്നും പ്രവർത്തനംകൊണ്ടും പങ്കാളിത്തംകൊണ്ടും സഹകരണംകൊണ്ടും മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവെച്ച മികച്ച യൂണിറ്റ് അംഗങ്ങളെ ഇടവക തലത്തിൽ ആദരിച്ചു. ഇടവക കൗൺസിൽ അംഗങ്ങളുടെയും ബിസിസി സബ് കോഡിനേറ്റർമാരുടെയും റിസോഴ്സ് ടീം അംഗങ്ങളുടെയും ചൈൽഡ് ബിസിസി അംഗങ്ങളുടെയും സാന്നിദ്ധ്യവും സഹകരണവും ബിസിസി വാർഷികാഘോഷത്തെ വർണ്ണാഭമാക്കി.

വചനജ്വാല

2024 ജനുവരി മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# ജ്ഞാനികളുടെ ദർശനവും ദൈവാന്വേഷണവും

1. **പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**
3. **ആമുഖം**

ക്രിസ്തുവിൽ പ്രിയരേ, ഹ്രസ്വമായ ജീവിതത്തിന്റെ കടിഞ്ഞാൺ കരങ്ങളിൽ വഹിച്ചുകൊണ്ട് ക്ഷണികമായ ഒരു ജീവിതയാത്ര ചെയ്യുന്നവരാണ് ഈ ഭൂമിയിൽ ജീവിക്കുന്ന നാമെല്ലാവരും. കഴിഞ്ഞുപോയ കാലത്തിന്റെ നുകം വഹിക്കാതെ പുതുജീവന്റെ മാധുര്യം നുകരാൻ നാം തയ്യാറാകുമ്പോഴാണ് പുതുവർഷത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചറിയുവാൻ നമുക്ക് കഴിയുന്നത്. നാം ജീവിക്കുന്ന ഈ ലോകം യുദ്ധത്തിന്റെയും അസമാധനത്തിന്റെയും സ്നേഹരാഹിത്യത്തിന്റെയും കാർമേഘങ്ങളാൽ മൂടപ്പെട്ടതായി നാം അനുഭവിച്ചറിയുന്നു. ഇവിടെ ദൈവമഹത്വം വിളിച്ചോതുന്ന മനുഷ്യ ജീവിതത്തെ പഴമയുടെയും അസംതൃപ്തിയുടെയും കയത്തിൽ നിന്ന് വീണ്ടെടുത്തുകൊണ്ട് ക്രിസ്തുവാകുന്ന നല്ല ഇടയന്റെ കരങ്ങളിൽ സമർപ്പിക്കാം. പുതുജീവിതം ദൈവത്തിന്റെ ദാനമാണെന്ന് അറിഞ്ഞുകൊണ്ട് ദൈവീകതയിൽ ജീവിക്കാൻ പരിശ്രമിക്കാം. പുതുവർഷത്തിന്റെ എല്ലാ നന്മകളും അനുഗ്രഹങ്ങളും നമ്മളിൽ ഏവരിലും സർവ്വ ശക്തനായ ദൈവം നിറയ്ക്കുമാറാകട്ടെ.

4. **യേശുവിനെ ക്ഷണിക്കൽ**
5. **ദൈവവചന പാരായണം:** ***മത്തായി 2:1–12***
6. **വചനഭാഗം പങ്കുവയ്ക്കൽ**
7. **നിശബ്ദധ്യാനം**
8. **വചനാനുഭവം പങ്കുവയ്ക്കൽ**
9. **വചനവിചിന്തനം**

ജീവിതത്തിൽ ഒത്തിരിയേറെ ചോദ്യങ്ങളുമായി സഞ്ചരിക്കുന്ന വ്യക്തികളാണ് നമ്മളിൽ പലരും. നമ്മുടെ ചോദ്യങ്ങൾക്ക് തക്കതായ ഉത്തരം കിട്ടുന്നതുവരെ ജീവിതം അർത്ഥശൂന്യമായി നമ്മളിൽ പലർക്കും തോന്നിയേക്കാം. എന്നാൽ ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം കണ്ടെത്തുവാനായി എന്തും നേരിടുവാൻ തയ്യാറായ മനു

ഷ്യർക്ക് തുല്യരാണ് പൗരസ്ത്യ ദേശത്തുനിന്നും യഹൂദരുടെ രാജാവായി ജനിച്ചവനെ അന്വേഷിച്ച് ഇറങ്ങിയ ജ്ഞാനികൾ. ഇവരുടെ ഈ യാത്രയിലും വേദനയുടെയും ഒറ്റപ്പെടലിന്റെയും ക്ഷീണിപ്പിക്കപ്പെടുന്നതിന്റെയും നിരുത്സാഹത്തിന്റെയും ഒത്തിരിയേറെ ദുർഘട്ടങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. എങ്കിലും തങ്ങളുടെ ലക്ഷ്യത്തിൽ നിന്നും ഓടി ഒളിക്കുവാൻ തയ്യാറാകാതെ അജയ്യരായി മുന്നോട്ടു പോകുവാൻ അവർക്ക് സാധിച്ചു. ഈ ജ്ഞാനികൾക്ക് യാത്രയിൽ വഴിവിളക്കായി ഉദിച്ച നക്ഷത്രം ഇവരുടെ ഇച്ഛാശക്തിയുടെ പ്രതീകമാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അജയ്യമായ ഒരു യാത്ര ചെയ്യുവാൻ കഴിയാതെ പോകുന്നത് നമുക്ക് മുന്നിൽ വഴികാട്ടിയായി വെളിച്ചം വിതറുന്ന നക്ഷത്രങ്ങളെ നാം കാണാതെ പോകുന്നതുകൊണ്ടാണ്. അതൊരുപക്ഷേ നമ്മുടെ മാതാപിതാക്കന്മാരുടെ വാക്കുകളാകാം, അല്ലെങ്കിൽ നമ്മെ സ്നേഹിക്കുന്നവരുടെ സാന്നിധ്യമാകാം. എപ്പോൾ നാം അവയെല്ലാം നമ്മുടെ ജീവിതത്തിന്റെ ഒഴിവാക്കാൻ പാടില്ലാത്ത മാർഗ്ഗങ്ങളായി അംഗീകരിക്കുന്നുവോ അപ്പോൾവരെ നമ്മുടെ ജീവിതം അസുന്തുഷ്ടവും അലക്ഷ്യവുമായ ഒന്നായി നമുക്ക് അനുഭവപ്പെട്ടേക്കാം. നല്ലൊരു ലക്ഷ്യബോധത്തോടുകൂടി ജീവിതത്തിൽ സഞ്ചരിക്കുന്നവർക്ക് ലഭിക്കുന്ന സമ്മാനമാണ് ദൈവദർശനം. അത് സ്വന്തമാക്കുമ്പോൾ ഒരുവന്റെ ജീവിതം തന്നെ അർത്ഥവത്തായി മാറും, പ്രകാശപൂരിതമായി നില്ക്കും. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് ബെത്‌ലെഹേമിൽ ജ്ഞാനികളുടെ സന്ദർശനം. അവർ തങ്ങളുടെ ജീവിതത്തിൽ സ്വന്തമാക്കിയ ആ ദൈവദർശനം, പിന്നെ അവരുടെ ജീവിതത്തിന്റെ യഥാർത്ഥ വഴി കാണിച്ചുകൊടുക്കുന്നു. ഇതേ ദൈവ ദർശനത്തിന്റെ വക്താക്കളായി മാറുവാൻ നാം ഓരോരുത്തരും ഒത്തിരിയേറെ പരിശ്രമിക്കേണ്ടതായിട്ടുണ്ട്.

**10. ദൗത്യമേറ്റെടുക്കൽ**

**11. സ്വയം പ്രേരിതപ്രാർഥന**

**12. കർത്തൃപ്രാർഥന**

**13. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**

**2. വരവ് ചെലവ് കണക്ക് അവതരണം**

**3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

**4. ചർച്ചയും പങ്കുവയ്ക്കലും**

**5. ഹാജർ**

**6. രഹസ്യപ്പിരിവ്**

**7. അറിയിപ്പുകൾ**

**8. നന്ദി**

**9. സമാപനഗീതം**

*തയ്യാറാക്കിയത്*
പുതുക്കുറിച്ചി ഫെറോന,
ബി.സി.സി.കമ്മിഷൻ

# വെട്ടുകാട് മദ്രെ ദെ ദേവൂസ് ദൈവാലയത്തിൽ ക്രിസ്തുരാജത്വതിരുനാൾ സമാപിച്ചു



വെട്ടുകാട്: ഇന്ത്യയിലെ പ്രശസ്ത തീർത്ഥാടനകേന്ദ്രമായ മാദ്രെ ദെ ദേവൂസ് ദൈവാലയത്തിൽ ഇക്കൊല്ലത്തെ ക്രിസ്തുരാജത്വ തിരുനാളിന് സമാപനം കുറിച്ചു. നവംബർ 17-ാം തിയതി ബിഷപ്പ് ക്രിസ്തുദാസിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയോടുകൂടിയാണ് തിരുനാളിന് തുടക്കം കുറിച്ചത്. ഇടവക വികാരി ഡോ. എഡിസൻ വൈ. എം. കൊടിയേറ്റ് കർമ്മങ്ങൾക്ക് നേതൃത്വം നല്കി. മാർപ്പാപ്പയുടെ മൂന്നാം ചാക്രിക ലേഖനമായ ‘ഫ്രത്തേല്ലി തൂത്തി‘ (ഏവരും സോദരർ) എന്നതായിരുന്നു ഈ വർഷത്തെ ക്രിസ്തുരാജത്വ തിരുനാളിന്റെ ആപ്തവാക്യം. നവം. 19 ഞായറാഴ്ച രാവിലെ 10 മണിക്ക് മലങ്കര റീത്തിൽ നടന്ന ദിവ്യബലിക്ക് തിരുവനന്തപുരം മലങ്കര മേജർ അതിരൂപത സഹായ മെത്രാൻ ഡോ. മാത്യൂസ് മാർ പോളികാർപ്പോസ് മുഖ്യകാർമികത്വം വഹിച്ചു. അന്നേദിനം വൈകുന്നേരം നടന്ന ദിവ്യബലി ബധിര മൂക സഹോദരങ്ങൾക്കായി ആംഗ്യഭാഷയിൽ തർജ്ജമ ചെയ്തിരുന്നു. നവം. 24 വെള്ളിയാഴ്ച രാവിലെ നടന്ന തമിഴ് ദിവ്യബലിക്ക് കോട്ടാർ രൂപത ബിഷപ്പ് എമിരിത്തൂസ് ഡോ. റെമിജിയൂസ് മുഖ്യകാർമികത്വം വഹിച്ചു. അന്നേദിനം വൈകുന്നേരത്തെ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ചത് തിരുവനന്തപുരം അതിരൂപത ആർച്ചബിഷപ്പ് എമിരിത്തൂസ് ഡോ. സൂസപാക്യം ആയിരുന്നു.

തിരുനാൾ ദിനമായ നവം. 26 ഞായറാഴ്ച വൈകുന്നേരം നടന്ന ആഘോഷമായ തിരുനാൾ പൊന്തിഫിക്കൽ സമൂഹദിവ്യബലിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലീത്ത ഡോ. തോമസ് ജെ. നെറ്റോ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ദിവ്യകാരുണ്യ പ്രദക്ഷിണം നടന്നു. ഡിസംബർ 01 വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് നടക്കുന്ന ദിവ്യബലിക്ക്ശേഷമാവും കൊടിയിറക്ക് കർമ്മം നടക്കുക.

## നേർക്കാഴ്ച

ജെ.സി.

# ഇസ്രായേലും പാലസ്തീനും രണ്ട് രാഷ്ട്രങ്ങളായി സമാധാനത്തിൽ നിലനിൽക്കണം

ഹമാസ്-ഇസ്രായേൽ ആക്രമണ പ്രത്യാക്രമണങ്ങളിൽ ആ മേഖലയുടെയും പശ്ചിമേഷ്യയുടെയും മാത്രമല്ല, ലോകത്തിന്റെയാകെ സമാധാനമാണ് നഷ്ടമാകുന്നത്. കനത്ത നാശനഷ്ടങ്ങളുണ്ടാക്കി ബഹുമുഖ ആക്രമണങ്ങളുമായി ഇരുകൂട്ടരും മുന്നോട്ടുനീങ്ങുന്നത് രാജ്യാന്തര സമൂഹത്തെയാകെ അസ്വസ്ഥമാക്കുകയാണ്. പാലസ്തീൻ സായുധസംഘമായ ഹമാസ് തെക്കൻ ഇസ്രായേലിൽ ഇക്കഴിഞ്ഞ ഒക്ടോബർ 7 ന് നടത്തിയ മിന്നലാക്രമണത്തിൽ നിന്നാണ് തുടക്കം. തുടർന്ന് ദീർഘവും ദുഷ്കരവുമായ യുദ്ധത്തിന് തയ്യാറെടുക്കാൻ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു ആഹ്വാനം ചെയ്തതോടെ ഇസ്രായേലിന്റെ ഔദ്യോഗിക യുദ്ധപ്രഖ്യാപനമായി. സൈനികരടക്കം ഒട്ടേറെ ഇസ്രായേൽ പൗരരെ ഹമാസ് ബന്ദികളാക്കിയ സാഹചര്യം നിലവിലുണ്ട്. ഇവരിൽ സ്ത്രീകളും വയോജനങ്ങളുമുണ്ട്.



പരിഷ്കൃതമായി ചിന്തിക്കുന്ന നവലോകത്തിന് ഒരു യുദ്ധത്തെയും ന്യായീകരിക്കാനാവില്ല. ഇരുപതാം നൂണ്ടാറ്റിന്റെ സമാധാനം തകർത്ത ആദ്യത്തെ, (1914 ജൂലൈ 18 ന്) ലോകയുദ്ധത്തെ ഇതിന്റെ ഏറ്റവും ശാപഗ്രസ്തമായ ഉദാഹരണങ്ങളിലൊന്നായി കാണാം. പ്രസ്തുത യുദ്ധം 1918 നവം.11നാണ് അവസാനിച്ചത്. അതിനകം ലക്ഷക്കണക്കിന് സാധാരണ ജനങ്ങൾ കൊല്ലപ്പെട്ടു. മാനവചരിത്രത്തിലെ ഏറ്റവും ക്രൂരവും ഭയാനകവുമായ നരഹത്യ സൃഷ്ടിച്ചുകൊണ്ട് ഹിരോഷിമയിലും നാഗസാക്കിയിലും ആദ്യത്തെ അണുബോംബുകൾ അമേരിക്ക വർഷിച്ചതാണ് രണ്ടാംലോക മഹായുദ്ധത്തിന്റെ ഏറ്റവും ക്രൂരചിത്രം. അതിനുശേഷവും രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധങ്ങളുണ്ടായി. ഒന്നരവർഷത്തിലേറെയായി തുടരുന്ന റഷ്യ-യുക്രെയ്ൻ യുദ്ധം ലോകത്തിന്റെ കൺമുമ്പിലുള്ള ദുരന്തപാഠമാണ്. രാജ്യാന്തരസമൂഹത്തിന്റെ കൃത്യമായ ഇടപെടൽ ഉണ്ടായിരുന്നുവെങ്കിൽ അവസാനിപ്പിക്കാമായിരുന്ന സംഘർഷമാണ് അവിടെ രൂക്ഷമായി നീളുന്നത്. ഐക്യരാഷ്ട്രസംഘടനയും യുക്രെയ്ൻ യുദ്ധം കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടു. ഹമാസ് ഇസ്രയേൽ സംഘർഷത്തിലും യു.എന്നിന് ഇതുവരെയും കണിശമായ നിലപാട് എടുക്കാൻ കഴിയാത്തത് അപലപനീയമാണ്.

ഇസ്രയേലിൽ പലസ്തീൻകാരായ ഹമാസ് തീവ്രവാദികൾ നടത്തിയ ഭീകരാക്രമണങ്ങളെ തുടർന്ന് ഗാസ മുനമ്പിൽ പൂർണ ഉപരോധം ഏർപ്പെടുത്തി ഇസ്രായേൽ കനത്ത വ്യോമാക്രമണം തുടരുകയും കരയുദ്ധത്തിന് ഗാസ അതിർത്തിക്ക് അടുത്ത് വൻ തോതിലുള്ള പടനീക്കത്തിന് ഒരുങ്ങുകയും ചെയ്യുമ്പോൾ ഹമാസിനെ ഗാസയിൽ നിന്ന് നിർമാർജനം ചെയ്യുകയാണ് ഇസ്രായേലിന്റെ ലക്ഷ്യം. ഗാസയിലെ ജനസംഖ്യയുടെ പകുതിയോളം - പത്തുലക്ഷത്തിലേറെ പേർ കുടിയൊഴിപ്പിക്കപ്പെട്ടതായി പാലസ്തീൻ അഭയാർത്ഥികൾക്കുള്ള യുഎൻ ദുരിതാശ്വാസ ഏജൻസി പറയുന്നു. ഇസ്രായേലിലെയും ഗാസായിലെയും ജനങ്ങളുടെ ദുഃഖത്തിലും അഗാധമായ ഉത്കണ്ഠയും ആകുലതയും പ്രകടിപ്പിച്ച് ഫ്രാൻസിസ് പാപ്പ സമാധാനത്തിനും അനുരഞ്ജനത്തിനും ആഹ്വാനം നൽകി. യുദ്ധം തോൽവി മാത്രമാണെന്നും അത് ഒന്നിനും പരിഹാരമല്ലെന്നും പാപ്പ ഓർമിപ്പിച്ചു. കനത്ത വ്യോമാക്രമണം നടക്കുന്ന ഗാസയിൽ 1100 പാലസ്തീനിയൻ ക്രൈസ്തവരുണ്ട്. 2017 ലെ കണക്ക് പ്രകാരം വെസ്റ്റ്ബാങ്കിൽ 47000 ക്രൈസ്തവരും, ഇസ്രായേലിൽ ഒരുലക്ഷത്തിലേറെ പേരും. യഹൂദർക്കും ക്രൈസ്തവർക്കും മുസ്ലീങ്ങൾക്കും പൈതൃകമായി അവകാശപ്പെട്ട വിശുദ്ധനഗരമായ ജറുസലേമിന്റെ സവിശേഷരാജ്യാന്തര പദവി സംരക്ഷിച്ചുകൊണ്ട് ഇസ്രയേലും പാലസ്തീനും രണ്ടു രാഷ്ട്രങ്ങളായി സമാധാനത്തിൽ നിലനിൽക്കണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. പക്ഷം ചേരലിനപ്പുറം ശാന്തിയിലേക്കുള്ള വാതിലുകൾ ഹൃദയപൂർവം തുറന്നുവയ്ക്കാൻ പുതിയ കാലം ഉറപ്പിച്ചുപറയുന്നത് ലോകരാഷ്ട്രങ്ങൾ കേൾക്കാതിരുന്നുകൂടാ. ഈ യുദ്ധത്തിൽ ആരു ജയിച്ചാലും തോറ്റാലും നേട്ടം വൻകിട ആയുധക്കച്ചവടക്കാർക്കു തന്നെ.




സെന്റ്. ജോസഫ്സ് മെട്രോപ്പൊളിറ്റൻ
കത്തീഡ്രൽ ദൈവാലയ സ്ഥപനത്തിന്റെ
150-ാം വാർഷിക സമാപനം
2023 ഡിസംബർ 1, 2, 3 തിയതികളിൽ

തീർത്ഥാടകർക്ക് സ്വാഗതം

Total Page 44
Pub. Date : 01.12.2023
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 30.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto